O:2J64:9 32D7 TWELVE HEROINES · RAMALINGAM PILLAY

MUL
104798

RATHNAM PRESS
BINDERS
BADRIAN STREET
MADRAS.

Madras University Library.

Call Number O:2J64:9 32D7

Accession Number 104798

Available for loan from

This book should be returned on or before the date last marked below.

O. 61

# TWELVE HEROINES.

*FROM SHAKESPEARE*

BY

**T. Ramalingam Pillay B. A;**

AUTHOR OF

*'Aryabhata or the Newton of Indian astronomy.'*

*(in English)*

With An Introduction By

**P. Raman Tampi Esq B. A., M, L.**

ഷേക്സ്പീയർ.

# പന്ത്രണ്ടു് സ്ത്രീരത്നങ്ങൾ.

T. രാമലിംഗംപിള്ള, ബി. ഏ;

ഉണ്ടാക്കിയതു്.

മ. രാ. രാ. പി. രാമൻതമ്പി അവർകൾ,

ബി. ഏ; എം. എൽ;

...തിയ ആമുഖോപന്യാസത്തോടുകൂടി...തു്.

(...പ്പവകാശം രജിസ്റ്റർചെയ്തിരിക്കുന്നു)

...ചെബാർമെയിൽ' പ്രസ്സ്.

തിരുവനന്തപുരം.

1907

N. B. ...ാവിന്റെ മുദ്രയില്ലാത്ത പുസ്തകം വ്യാജനിർമ്മിതമാകുന്നു.

0:2J64:9
32.07

104798
O:2J64.9
32D7

# Foreword.

*Little need be said by way of preface to this publication which is intended chiefly for the Malayalam-speaking girls and boys of Malabar; but in deference to long-established usage, I write these few lines. This book contains, under the names of the heroines, the story of twelve chief plays of* SHAKESPEARE *with lessons of morality sought to be conveyed by them; for, I believe that the plays of* SHAKESPEARE *could not have been written without any moral purpose underlying them. As observed by Charles Lamb in the preface to his* 'TALES FROM SHAKESPEARE', *the true plays of the poet will prove to his readers to be "enrichers of fancy, strengtheners of virtue, a with-drawing from all selfish and mercenary thoughts, a lesson of all sweet and honourable thoughts and action, to teach them courtesy, benignity, generosity, humanity: for, of examples, teaching these virtues, his pages are full."*

*In the preparation of this book-let, I have mainly followed the excellent work in Tamil* "PANNIRU PEN MANIKAL" *by M. R. Ry M. S. Purnalingam Pillai, Avl. B. A., L. T. I have also consulted* SHAKESPEARE'S Plays, *Charles Lamb's* "TALES FROM SHAKESPEARE" *and* "SHAKESPEARE'S CHART OF LIFE" *by the Rev. W. Miller, C. I. E., D. D., L. L. D; besides one or two stray translations of* SHAKESPEARE'S *plays in Malayalam. I have had the rare privilege of my book being revised in M.S. by the foremost Malayalam Scholar of the day, H. H.* **Kerala Varma**, *Valia Koil Tampuran, C. S. I.,*

*M. R. A. S., F. R. H. S. He has also been pleased to grant me permission to dedicate the book to Her Most Gracious Highness* **Setu Lakshmi Bayi**, *Senior Ranee of Travancore. I take occasion to express my indebtedness to this distinguished patron of learning and to the first lady of the realm, as well as to M. R. Ry P. Raman Tampi Avl, B. A., M. L. for the masterly introduction he has kindly contributed to this work.*

*I would request the indulgence of my critics for any errors in the book which may have crept in, despite my care and watchfulness.*

*Puthenchantai,*
*Trivandrum,*
*July '07.*

T. Ramalingam Pillai.

# ആമുഖോപന്യാസം

'പന്ത്രണ്ടുസ്ത്രീരത്നങ്ങൾ' എന്ന ഒരു ചെറിയ പുസ്തകത്തിന് ഒരു ആമുഖോപന്യാസം എഴുതണമെന്ന് ഗ്രന്ഥകൎത്താവായ രാമലിംഗംപിള്ള അവർകൾ എന്നോടു ചെയ്ത അപേക്ഷ ഞാൻ സ്വീകരിച്ചതിന് സമാധാനം പറയേണ്ടതായിരിക്കുന്നില്ല. ഞാൻ രാമലിംഗംപിള്ള അവർകളുമായി പരിചയപ്പെട്ടിട്ട് ൩ വൎഷത്തിനുമേലായി. അക്കാലംമുതൽ അദ്ദേഹത്തിന് ഇംഗ്ലീഷും മലയാളവും ഭാഷകളിലെ സാഹിത്യവിഷയത്തിൽ പ്രത്യേകതാല്പൎയ്യവും വാസനയും ഉള്ളതായി ഞാൻ ഗ്രഹിച്ചിട്ടുണ്ട്. ഏകദേശം മാതൃഭാഷയെന്നപോലെ മലയാളത്തിനെ അദ്ദേഹം സ്നേഹിക്കുകയും മലയാളഭാഷാപോഷണാൎത്ഥം ഉത്സാഹിക്കുകയും ചെയ്യുന്നു എന്നുള്ള വാസ്തവം ഞാൻ ഗ്രഹിച്ചതുകൊണ്ടും, ഞങ്ങൾതമ്മിൽ ഒരു വിധത്തിൽ ഗുരുശിഷ്യ സംബന്ധമുള്ളതുനിമിത്തവും, രാമലിംഗംപിള്ള അവർകളുടെ അപേക്ഷയെ ഞാൻ കൈക്കൊണ്ടതാണ്.

ഒരു ഭാഷാസാഹിത്യത്തിന്റെ സമ്പത്ത് വിവിധഗ്രന്ഥങ്ങളുടെ സമൃദ്ധിയാണല്ലോ. ഇരുപതുവൎഷകാലത്തിനിടയിൽ ഭാഷാപോഷണത്തെ ഉദ്ദേശിച്ച് കേരളീയന്മാർ ചെയ്തുവരുന്ന ശ്രമങ്ങൾക്കു മാന്ദ്യം സംഭവിച്ചുതുടങ്ങിയെന്നു പറയാറായിട്ടില്ല. എങ്കിലും നമുക്ക് അലംഭാവംതോന്നത്തക്കവണ്ണമുള്ള ശ്രമഫലങ്ങൾ കിട്ടിക്കഴിഞ്ഞിട്ടില്ല. ഭാഷാന്തരപ്പെടുത്തിയവയോ കല്പിതങ്ങളോ ആയ ചില നാടകങ്ങൾ, നോവലുകൾ, പുരാണകഥകൾ, ഇവയുടെ സംഖ്യ വൎദ്ധിച്ചിട്ടുണ്ട്. വിദ്യാൎത്ഥികളെമാത്രം ഉദ്ദേശിച്ച് ചില പാഠപുസ്തകങ്ങൾ ഉണ്ടായിട്ടുണ്ട്. സാമുദായികവിഷയങ്ങളേയും രാജ്യഭരണകാൎയ്യങ്ങളേയുംകുറിച്ച് പ്രതിവാദി

യ്ക്കുന്ന വൎത്തമാനപ്പത്രങ്ങളും മാസികകളും നാൾക്കുനാൾ ജനിക്കുന്നുണ്ട്. എന്നാൽ, അന്യഭാഷാജ്ഞാനമില്ലാത്തവൎക്ക് പ്രയോജനകരങ്ങളായിത്തീരുന്ന ഗദ്യഗ്രന്ഥങ്ങളുടെ ദൌൎല്ലഭ്യം അദ്യാപി ഭാഷാസാഹിത്യത്തിന് വലിയ ന്യൂനതയായിത്തന്നെ ഇരിയ്ക്കുന്നു. ഈ ന്യൂനതയെ പരിഹരിയ്ക്കുവാൻ രാമലിംഗംപിള്ള അവൎകളെപ്പോലെയുള്ള മഹാന്മാർ ചെയ്യുന്ന ഉദ്യമം എത്രയോ അഭിനന്ദനീയമാണ്.

ലോകവിശ്രുതനായ ഷേക്സ്പിയർ മഹാകവിയുടെ നാടകങ്ങളിൽ പ്രധാന നായികമാരായ പന്ത്രണ്ടുപേരുടെ വൎണ്ണനകളും ഓരോ കഥാവസാനത്തിൽ ചേൎക്കപ്പെട്ടിട്ടുള്ള സാരോപദേശങ്ങളും അടങ്ങിയതാണ് ഈ പുസ്തകം. 'സ്ത്രീരത്നങ്ങൾ' എന്ന പദത്തിന് കുറെ അനൌചിത്യം ഉള്ളതായി ഒരു പക്ഷം ഉണ്ട്. 'മാക്ബെത്ത് പ്രഭ്വി' ഏററവും നീചവും കഠോരവും ആയ കൎമ്മത്തിന് ഭൎത്താവിനെ പ്രേരിപ്പിക്കുകയും താൻകൂടി ചേരുകയും ചെയ്തു എന്നുള്ളതിനു സംശയമില്ല. അങ്ങനെയിരിക്കെ, ആ കഥാനായികയ്ക്ക് 'സ്ത്രീരത്നം' എന്ന അഭിധാനം കല്പിക്കുന്നത് കുറെ സാഹസമാണെന്നു സമ്മതിക്കാവുന്നതാണ്. എന്നാൽ നായികമാരിൽ മിക്കവരും ഗുണദോഷസമ്മിശ്രമായ സ്വഭാവത്തോടുകൂടിയവരാണെന്നും ആഗന്തുകങ്ങളായ നിമിത്തങ്ങൾകൊണ്ട് അവരിൽ ചിലരുടെ ഗുണങ്ങളും മററു ചിലരുടെ ദോഷങ്ങളും പ്രാബല്യപ്പെട്ടുവരുന്നതാണെന്നും നാം ഓൎമ്മിക്കേണ്ടതാണ്. 'സ്ത്രീരത്നം' എന്ന പദം ആരെ ഉദ്ദേശിച്ചു പ്രയോഗിക്കപ്പെട്ടിരിക്കുന്നുവോ ആയാളിന്റെ കൃത്യങ്ങൾ അനുകരണീയങ്ങളാണെന്നു വായനക്കാർ ധരിച്ചുപോകരുത്. അവിവേകവും ദുൎമ്മോഹവും സൎവ്വഥാ ത്യാജ്യങ്ങളത്രേ.

ഈ നായികമാരുടെ കഥാപരിശീലനംകൊണ്ടു കേരളീയ ബാലന്മാരും ബാലികമാരും പല സദുപദേശങ്ങളേയും അനു

യാസേന ഗ്രഹിക്കുന്നതാണു്. പുസ്തകത്തിലെ ഭാഷാശുദ്ധി ആരാലും സമ്മതിക്കപ്പെടുന്നതാണു്. തനിയ്ക്കുള്ള ജോലിത്തിരക്കിനിടയിൽ ഇത്രയും ശ്രമപ്പെട്ടു രാമലിംഗംപിള്ള അവർകൾ എഴുതിയ ഈ പുസ്തകം ജനസാമാന്യത്തിന്റെ പ്രീതിയ്ക്കു പാത്രമായി വരുമെന്നു് ഞാൻ വിശ്വസിക്കുന്നു. യുവാവായ ഈ ഗ്രന്ഥകർത്താവു് ഭാഷാപോഷണത്തിനായി ഇനിയും മേൽക്കുമേൽ പ്രയത്നിയ്ക്കുകയും അദ്ദേഹത്തിന്റെ ശ്രമങ്ങൾക്കു് ഉചിത പ്രതിഫലമായ ജനസന്തോഷം അദ്ദേഹത്തിന്നു് ലഭിയ്ക്കുകയും ചെയ്യുമെന്നുള്ളതിനു സംശയമില്ല.

P. Raman Tampi.

Dedicated With Kiud Permission

TO

**Her most Gracious Highness**

# Setu Lakshmi Bayi,

*Senior Ranee of Travancore.*

ശ്രീ

റാണി സേതു ലക്ഷ്മീ ഭായ്

ആററങ്ങൽ മൂത്തതമ്പുരാൻ തിരുമുമ്പാകെ,

കല്പനപ്രകാരം ഈഗ്രന്ഥത്തെ

സമൎപ്പിച്ചിരിക്കുന്നു.

ഷേക്സ്പീയർ.

T. RAMALINGAM PILLAI, B.A.
PUTHENCHANTAI
TRIVANDRUM

# പന്ത്രണ്ടു് സ്ത്രീരത്നങ്ങൾ.

## ൧. കാർഡീലിയാ.

അനേകശതവർഷങ്ങൾക്കുമുമ്പു് 'ഗ്രേററ് ബ്രിട്ടൺ' രാജ്യം ഭരിച്ചിരുന്ന 'ലീയർ' മഹാരാജാവിന്നു് മൂന്നുപുത്രികളുണ്ടായിരുന്നു. സീമന്തപുത്രിയായ 'ഗാണറീൽ' 'ആൽബനി'യിലേപ്രഭുവിനേയും ദ്വിതീയപുത്രിയായ 'റീഗാൻ' 'കാൺവാൾ'പ്രഭുവിനേയും പാണിഗ്രഹണംചെയ്തിരുന്നു. ഒടുവിലത്തെകന്യകയായ 'കാർഡീലിയ'യെ ഉദ്വാഹം ചെയ്വാൻ മത്സരിച്ചു് 'ഫ്റാൻസി'ലെ രാജാവും 'ബർഗൌണ്ഡി'പ്രഭുവും 'ലീയറി'ൻെറകൊട്ടാരത്തിൽ ചെന്നു് താമസിച്ചിരുന്നു. വാൎദ്ധക്യത്താലുണ്ടായ ചാപല്യത്താലും ക്ഷീണത്താലും ബാധിതനായ 'ലീയർ' താൻമരിക്കുന്നതിന്നുമുമ്പ് രാജ്യകാൎയ്യങ്ങളിൽനിന്നു് സ്വല്പകാലമെങ്കിലും വിരമിച്ചു വിശ്രമിക്കണമെന്നുകരുതി രാജ്യത്തെ മൂന്നുപുത്രികൾക്കായി വിഭജിച്ചുകൊടുക്കണമെന്നു തീൎച്ചയാക്കി. ഈ ഉദ്ദേശ്യത്തോടുകൂടി, "നിങ്ങൾ മൂന്നുപേരിലുംവച്ചു് ആരാണ് എന്നെ അത്യന്തം സ്നേഹിക്കുന്നതു്?" എന്നു 'ലീയർ' മക്കളോടു ചോദിച്ചു.

'ഗാണറീൽ':—"അച്ഛനെപ്പററി എനിക്കുള്ള സ്നേഹവും ബഹുമാനവും കേവലം അനിൎവ്വചനീയമാകുന്നു. എൻെറ കണ്ണിൽഉണ്ണിയേഎന്നല്ല, എൻെറ ജീവനെപ്പോലും, ഞാൻ ഇത്രസ്നേഹിക്കുന്നില്ല."

'റീഗാൻ':—"ഏററവും പ്രിയപ്പെട്ട എൻെറ അച്ഛൻെറ സാന്നിദ്ധ്യം എനിക്കു് സദാ അന്യാദൃശമായ ആനന്ദ

ത്തെ നൽകുന്നു. ഇഹലോകത്തിൽ എനിക്കുള്ള മററു സുഖാനുഭവങ്ങളെല്ലാം ഇതിനോടു സദൃശീകരിക്കുമ്പോൾ തുച്ഛമാണത്രെ''. വാങ്മാധുൎയ്യംകൊണ്ടുമാത്രം അദ്ദേഹത്തിൻെറ പ്രീതിസമ്പാദനത്തിനു് ഇച്ഛിക്കുന്ന സോദരികളുടെ മുഖസ്തുതിയെ അനാദരിച്ചു് 'കാഡ്ഡീലിയ' ഇപ്രകാരം പറഞ്ഞു:—"തൻെറ കൎത്തവ്യകൎമ്മത്തിനു് അനുസരണമായി ഒരു പുത്രി അച്ഛനെ ഏതുപ്രകാരം സ്നേഹിക്കേണമോ അതിൽ ഒട്ടും കുറവുകൂടാതെ ഞാൻ നിങ്ങളെ സ്നേഹിക്കയും ബഹുമാനിക്കയും ചെയ്യും". തൻെറ വാത്സല്യമേറിയ 'കാഡ്ഡീലിയ'യുടെ വാക്കുകൾ കൃതഘ്നതാസൂചകങ്ങളാണെന്നു് തെററിധരിച്ചു് രാജാവു് വിഷണ്ണനായി അവളോടു ദുർമ്മുഖനായിഭവിച്ചു.

അൎത്ഥശൂന്യമായ മുഖസ്തുതിയെ ഹൃദയപുരസ്സരമായ കൃതജ്ഞതയിൽനിന്നും വിവേചനം ചെയ്യാൻ അശക്തനായിരുന്ന മഹാരാജാവു് രാജ്യത്തെ രണ്ടു സമഭാഗംചെയ്തു മൂത്ത രണ്ടുപുത്രികൾക്കും സമ്മാനിച്ചു് അവരുടെ ഭൎത്താക്കന്മാരെ കിരീടധാരികളാക്കി, 'കാർഡീലിയ'യ്ക്കു നിൎദ്ധനതത്താലുള്ള കഷ്ടതകളേയും നല്കി. അവളെ മോഹിച്ചിരുന്ന 'ബർഗെണ്ഡി'പ്രഭു അവൾക്കു സ്ത്രീധനമൊന്നുമില്ലെന്നു ഗ്രഹിച്ചപ്പോൾ പിൻവാങ്ങി. എന്നാൽ 'ഫ്റാൻസി'ലെ രാജാവു് 'കാർഡീലിയ'യുടെ വിദഗ്ദ്ധതയേയും സത്യസന്ധതയേയും അറിഞ്ഞു് വളരെ അഭിനന്ദിച്ചു് "സ്ത്രീധനം എനിക്കാവശ്യമില്ലാ. ഈ സ്ത്രീരത്നത്തിൻെറ സൽഗുണങ്ങൾ അവളുടെ അംഗസൌന്ദൎയ്യത്തേക്കാൾ ശോഭിക്കുന്നു" എന്നുരച്ചു് അവളെ വരിച്ചു.

'ഗാണറീൽ' 'റീഗാൻ' ഇവർ രണ്ടുപേരും താന്താങ്ങളുടെ ഭവനത്തിൽ 'ലീയൎക്കും' അദ്ദേഹത്തിൻെറ നൂറു് ഭടന്മാൎക്കും അന്നവസ്ത്രാദികൾകൊടുത്തു് മാസംമാറി തവണവെച്ചു് സംരക്ഷണ ചെയ്യാമെന്നു് പറഞ്ഞിരിക്കുന്ന കരാറിൻപ്രകാരം ആദ്യത്തെ മാസത്തിൽ 'ലീയർ' പരിവാര സമേതനായ് പ്രഥമ പുത്രിയുടെ ഗൃഹത്തിൽ താമസം തുടങ്ങി. ഒരു പ

ക്ഷാവസാനത്തിനുമുമ്പ് തന്നെ പിതാവിൻെറ താമസം അവൾക്ക് അസൌകര്യപ്രദവും അസഹനീയവുമായിരിക്കുന്നു എന്നും ആറ് വീരന്മാർക്കു വേണ്ടി അമിതമായ വ്യയം ചെയ്യേണ്ടിയിരിക്കുന്നുവെന്നും മററും ആവലാധി പറവാൻ ആരംഭിച്ചു. 'ഗാണറീ'ലുടെ നിർദ്ദയത്വത്തെപ്പററി ചിന്തിക്കുമ്പോൾ അവളുടെ ഹൃദയം ശിലാനിർമ്മിതമാണോ എന്നു ആർക്കാണ് സംശയം ജനിക്കാത്തതു? ഒരു ദിവസം മൃഗയാവിനോദം കഴിഞ്ഞു 'ലീയർ' മടങ്ങി വന്നപ്പോൾ അദ്ദേഹത്തിൻെറ ആശ്രിതന്മാർ തന്നോടു ദുസ്സഹമായ മട്ടിൽ പ്രവൎത്തിക്കുന്നു എന്ന് 'ഗാണറീൽ' സങ്കടംപറഞ്ഞു തുടങ്ങി. പൊടുന്നനേ അദ്ദേഹം അവളുടെ മന്ദിരത്തെ ത്യജിച്ച് ദ്വിതീയ പുത്രിയുടെ ഗൃഹത്തിൽ ചെന്നപ്പോൾ അവിടെ പ്രഥമ ദുഹിതാവിൻെറ ദൂതനെക്കണ്ടു. രാജാവിൻെറ ആഗമനത്തെ കാലേതന്നെ അറിയിക്കുന്നതിനായി അദ്ദേഹത്തിനാൽ അയക്കപ്പെട്ടിരുന്ന 'കയസ്' എന്നവനും രാജപുത്രിയുടെ ദൂതനും കലഹിച്ച് പരസ്പരം പ്രഹരിച്ചു തുടങ്ങി. 'റീഗാൻ' 'കയസ്സി'നെ തടവിലിടുവിച്ചു. ഇവളും 'ഗാണറീലേ'ക്കാളും കഠിനമായി പ്രവൎത്തിച്ചതുകണ്ടു് രാജാവ് വ്യസനാക്രാന്തനായി ചമഞ്ഞു. ജ്യേഷ്ഠത്തിയുടെ പ്രേരണനിമിത്തം 'റീഗാൻ' രാജാവിനോട് അദ്ദേഹത്തിൻെറ വീരന്മാരേയും ആശ്രിതന്മാരേയും ത്യജിക്കാൻ കല്പിച്ചു. 'ലീയർ' ആ ഭവനത്തിൽ നിന്ന് ഉടൻ പുറത്തേക്കിറങ്ങി. അതു മേഘഗർജ്ജിതം കൊണ്ടും, മിന്നൽപ്രഭകൊണ്ടും കഠിനമായ കൊടുംകാററുകൊണ്ടും, അന്ധകാരം കൊണ്ടും, വൎഷം കൊണ്ടും മററും അതിഭയങ്കരമായിരുന്ന ഒരു രാത്രിയിലായിരുന്നു. രാത്രിഞ്ചരന്മാരായ ഭൂതപ്രേത പിശാചാദികൾ കൂടിയും ആ നിശയിൽ തങ്ങളുടെ സ്വച്ഛന്ദവിഹാരങ്ങളെ നിൎത്തിയിരുന്നു എന്നുള്ളതു് നിശ്ചയം തന്നെ. എന്നാൽ അദ്ദേഹത്തിന് ഈ രണ്ടു് നിഷ്ഠുരകളുടെ കഠിനപ്രവൎത്തി കണ്ടു് മനം മയങ്ങി, ശണ്ഠകൂട്ടുന്ന ചണ്ഡാലികളുടെ വീട്ടിലിരിക്കുന്നതിനേക്കാൾ ചണ്ഡമാരുതൻ തകൎക്കുന്ന വനാന്തരത്തിങ്കൽ സഞ്ചരിക്കുന്നതു് സുഖം എന്ന് തോന്നി. രാ

ജാവിന്റെ പ്രാണരക്ഷയ്ക്കായി തന്റെ ജീവനെപ്പോലും ഉപേക്ഷിക്കാൻ എപ്പോഴും തയ്യാറായിരുന്ന "കയസ്" എന്നമിത്ഥ്യാനാമംധരിച്ചു് വേഷച്ഛന്നനായിരുന്ന 'കെൻറി' ലെ പ്രഭുവും ഒരു സേവനും അദ്ദേഹത്തെ അനുഗമിച്ചു.

അച്ഛനോടു സഹോദരികൾ ചെയ്ത അന്യായമായ പ്രവൎത്തികളേയും അദ്ദേഹത്തിന്റെ ദയനീയമായ അവസ്ഥയേയും കേട്ടിട്ടു് 'കാഡ്ഡീലിയ' വളരെ തപിക്കയും വൈരനിൎയ്യാതനത്തിനായി സൈന്യങ്ങളോടു കൂടി അവൾ 'ഇംഗ്ലണ്ഡി' നെ ആക്രമിക്കയും ചെയ്തു. പിതാവിനെ അന്വേഷിച്ചു് ചികിത്സിപ്പിച്ചു് രോഗനിവൃത്തിവരുത്തി. 'ഫ്റാൻസ്' സൈന്യങ്ങൾക്കും 'ഇംഗ്ലീഷ്' സൈന്യങ്ങൾക്കും ഉണ്ടായ ഘോരമായ സമരത്തിൽ ജ്യേഷ്ഠത്തികൾ വിജയിനികളായി. 'ഫ്റാൻസ്' കാർ ലജ്ജാവഹമായ അഭയം പ്രാപിച്ചു വെങ്കിലും അനുജത്തിയും അച്ഛനും ബന്ധനസ്ഥരാക്കപ്പെട്ടു. ജെയിലിൽ വച്ചുതന്നെ 'കാഡ്ഡീലിയ' യെത്തൂക്കിക്കൊന്നു. ഹാ! കഷ്ടം! ഇഹലോകത്തിൽ നിഷ്കപടതയും നിൎദ്ദോഷത്വവും ദയയും എല്ലായ്പ്പോഴും വിജയലാഭത്തിനും സുഖാനുഭവത്തിനും ഹേതുക്കളായി ഭവിക്കുന്നില്ലാ. വാത്സല്യഭാജനമായ പുത്രിയുടെ പ്രേതത്തെ തന്റെ ഹസ്തങ്ങളിൽ എടുത്തുകൊണ്ടു് വയോധികനായ 'ലീയർ' വിലപിച്ചു് ദുഃഖാൎണ്ണവത്തിൽ നിമഗ്നനായി. അദ്ദേഹം 'കാർഡ്ഡീലിയ' യുടെശോചനീയമായ ഗതിയേയും തന്റെ ദൗൎഭാഗ്യത്തേയും ഓൎത്തു് ജീവനെ ത്യജിച്ചു. പിതാവിനേയും അനുജത്തിയേയും ഹനനംചെയ്ത ദുരിതം വിടുമോ? 'അവശ്യമനുഭോക്തവ്യം കൃതം കൎമ്മശുഭാശുഭം" എന്നല്ലെ ആപ്തവാക്യം? കൃതഘ്നതാവതാരങ്ങളായ മൂത്ത രണ്ടുപുത്രികളും അവരുടെ ഭൎത്താക്കന്മാരെദ്രോഹിച്ചു് പരപുരുഷന്മാരെ പ്രാപിച്ചു. 'ഗാണറീൽ' 'റീഗാനു്' വിഷംകൊടുത്തു കൊല്ലിച്ചു് താനും ആത്മഹത്യചെയ്തു.

ഈ കഥയുടെ താല്പൎയ്യമെന്തു? 'കാർഡ്ഡീലിയ' കൎത്തവ്യകൎമ്മനിഷ്ഠയും സത്യസന്ധതയും ഉള്ളവളായിരുന്നിട്ടും 'ഫ്റാൻ

സി്വെ രാജ്ഞിയായ അവൾ സ്വദേശസ്നേഹത്തെ ഒട്ടുംഗണിക്കാതെ ജനനദേശമായ ഇംഗ്ലണ്ടിനെ ആക്രമിച്ചഹേതുവാൽ പ്രാണഹാനിക്കിടയായി.

"മാതാ പിതാ ദേശികനെന്നിവക്കു
മോദംവളൎത്തീടുക സൎവ്വകാലം,
പ്രമോദമീമൂവരുമാൎന്നുവെന്നാൽ
സമാപ്തമെന്നോക്തതപസ്സശേഷം."

"ലീയർമഹാരാജാവും ഇൻഡ്യൻരാജ്യഭരണതന്ത്രവും" എന്ന കൃതിയിൽ 'കാർഡീലിയാ'വിനെപ്പററി 'ഡാക്ടർ മില്ലർ' എഴുതീട്ടുള്ള അഭിപ്രായത്തെ സംഗ്രഹിച്ച് താഴെ ചേൎക്കുന്നു.

നന്മസ്ഥിരിപ്പിടമായ 'കാർഡീലിയാ'യിൽകൂടി കേവലം ശാഠ്യത്തിൻെറ ഒരു ലാഞ്ഛനം സ്പഷ്ടമായിക്കാണുന്നു. സിദ്ധാന്തം അഥവാ മൊരണ്ടു അവളുടെ ന്യൂനതകളിൽ ഒന്നാകുന്നു. അവളുടെ വിചാരങ്ങളും പ്രവൎത്തികളും സദാ അഭിനന്ദനീയങ്ങളാണെന്നു പറയാൻ പാടില്ല. അവൾ ചില തെററുകൾ ചെയ്യുന്നു. എന്നാൽ ആ തെററുകളെക്കുറിച്ച് സ്വയമേവ അവൾക്കുള്ള സമ്മതം അവളുടെ പ്രകൃതിസിദ്ധമായ സ്വഭാവത്തെ പരിഷ്കരിക്കുന്നു. അച്ഛനോടു അവൾക്കുള്ള സ്നേഹം അവളുടെ വാക്കുകളിൽനിന്ന് ഊഹിക്കാവുന്നതിലധികം ഉണ്ടെങ്കിലും സത്യം മുഴുവനും പ്രകടീകരിക്കാതെ ഇരിക്കുന്നതു് ഒരു തെററാകുന്നു. സന്മാൎഗ്ഗികളുടെ ചില്ലറ ദോഷങ്ങൾ കൂടി ദുൎമ്മാൎഗ്ഗികളുടെ വലിയ ദോഷങ്ങളേക്കാൾ ശിക്ഷാൎഹങ്ങളായി തീരുന്നു.

# ൫. മാക്ബെത്ത്പ്രഭു.

'ഡങ്കൻ' 'സ്കാട്ട്ലണ്ഡി'ലെ രാജാവായിരുന്നപ്പോൾ അദ്ദേഹത്തിന്റെ അതിബന്ധുവായ 'ഗ്ലെമിസ്' പ്രഭു എന്ന് വിശേഷനാമമുള്ള 'മാക്ബെത്ത്' ഒരു പ്രബല സേനാനായകനായിരുന്നു. അയാൾക്കു സമാനനായ വേറൊരു സേനാനിയാണ് 'ബാങ്കൊ'. ഇവർ 'നാൎവ്വെ'ദേശക്കാരാൽ സഹായിക്കപ്പെട്ടിരുന്ന ഒരു ജനക്ഷോഭത്തെ അടക്കി ശത്രുസൈന്യത്തെ ഛിന്നഭിന്നമാക്കിച്ചെയ്തു് ഉത്സാഹത്തോടെ നാട്ടിലേക്കു തിരിച്ചു് പോന്ന മാൎഗ്ഗത്തിൽ സ്ത്രീവേഷധാരിണികളായ മൂന്നുമായാസ്വരൂപങ്ങളെക്കണ്ടു. ഈ സ്വരൂപങ്ങളിൽ ആദ്യത്തേതു 'മാക്ബെത്തി'നെ നോക്കി ഹേ! 'ഗ്ലെമിസ്' പ്രഭൊ!' എന്നും രണ്ടാമത്തേതു കാഡർപ്രഭൊ!' എന്നും വിളിച്ചു. മൂന്നാമത്തേതു അയാൾ ആ നാട്ടിലെ നൃപനായി ശോഭിക്കുമെന്നു പറഞ്ഞു. 'ബാങ്കോവി'നോടു അയാളുടെ പുത്രപൌത്രാദികൾ 'സ്കാട്ട്ലണ്ഡി ലെ രാജാക്കന്മാരാകുമെന്ന് ദീൎഘദൎശനം പറഞ്ഞിട്ട് ആകാശത്തിൽ ആ സ്വരൂപങ്ങൾ അന്തൎദ്ധാനം ചെയ്തു. ഈ വാക്കുകളെ ശ്രവിച്ചു സേനാനികൾ രണ്ടുപേരും ഈ വിനോദ സംഭവത്തെപ്പറ്റി ആലോചിച്ചു കൊണ്ടിരുന്നപ്പോൾ തനിക്കു 'കാഡർ' പ്രഭു എന്ന സ്ഥാനം മഹാരാജാവു ദാനം ചെയ്തിരിക്കുന്നു എന്ന വൎത്തമാനം ദൂതമുഖേന 'മാക്ബെത്ത്' അറിഞ്ഞു. ഇതു അദ്ദേഹത്തിന്റെ അത്യാഗ്രഹത്തെ വൎദ്ധിപ്പിച്ചു. മൂന്നാം സ്വരൂപത്തിന്റെ ദീൎഘദൎശനവും സത്യമായി വരികയില്ലയൊ എന്നുള്ള വിചാരം 'മാക്ബെത്തി'നുണ്ടായി. "ദ്വിതീയരൂപം എന്നെപ്പറ്റിപ്പറഞ്ഞതു് വാസ്തവമായിതീൎന്നു. 'ബാങ്കൊ' നിങ്ങളുടെ പുത്രന്മാരും രാജാക്കന്മാരാകാൻ ഇടയുണ്ടല്ലൊ" എന്നു 'മാക്ബെത്ത്' 'ബാങ്കോ' വിനോടു പറഞ്ഞു. ഈ സ്വരൂപങ്ങളെല്ലാം, നിസ്സാരങ്ങളായ കാൎയ്യങ്ങളിൽ വാസ്തവം പറഞ്ഞു് ഒടുവിൽ വൻകുഴിയിൽ ചാടിക്കും" എന്നു അയാൾ മറുവടി പറഞ്ഞു.

എന്നാൽ 'മാക്ബെത്തിന്' അങ്ങനെയല്ല തോന്നിയതു. ഭവനത്തിലെത്തിയപ്പോൾ തന്റെ കുടുംബിനിയെ വൎത്തമാനങ്ങളെല്ലാം അറിയിച്ചു് അവൾക്കു ദുരാശയെ വൎദ്ധിപ്പിച്ചു. ഏതുപ്രകാരമെങ്കിലും സിംഹാസനാരോഹണത്തിനു മാൎഗ്ഗാന്വേഷണം ചെയ്തു് മായാസ്വരൂപങ്ങളുടെ വാക്കുകളെ സാധൂകരിയ്ക്കണമെന്നു് ഭൎത്താവിനെ അവൾ അഹോരാത്രം ഉപദ്രവിച്ചു കൊണ്ടിരുന്നു. പ്രകൃത്യാ അസ്ഥിരചിത്തനായ അയാൾ കൎത്തവ്യബോധമില്ലാതെ ചിന്താഗ്രസ്തനായിതീൎന്നു. അപ്പോൾ രാജാവു 'മാൽക്കോം' 'ഡോനാൽബിൻ' എന്ന രണ്ടു പുത്രന്മാരോടും പ്രഭുക്കന്മാരോടും സേവകന്മാരോടും കൂടി 'മാക്ബെത്തി'ന്റെ സൌധത്തിൽ വന്നു് താമസിക്കാൻ പോകുന്നു എന്ന വൎത്തമാനം അറിഞ്ഞു് 'മാക്ബെത്ത് പ്രഭ്വി' തന്റെ ആഗ്രഹസിദ്ധിക്കു അവസരം കിട്ടുമെന്നു വിചാരിച്ചു സന്തോഷിച്ചു. മഹാരാജാവു് അവിടെ എഴുന്നള്ളിയപ്പോൾ ശ്രദ്ധാപൂൎവ്വം ആചാരോപചാരങ്ങൾ ചെയ്തു് അവൾ അദ്ദേഹത്തെ സന്തുഷ്ടനാക്കിത്തീൎത്തു. യാത്രാശ്രമം തീൎക്കാൻ രാജാവ് നേരത്തെ ശയ്യാഗൃഹം പ്രാപിച്ചു.

മന്ദസ്മിതത്താൽ വഞ്ചനയെ നിഗൂഢമാക്കിയിരുന്ന ആ സ്ത്രീ തന്റെ ഭൎത്താവു് ഒരു അസ്ഥിരചിത്തനായതു കൊണ്ടു് താൻ തന്നെ അൎദ്ധരാത്രിയിൽ നൃപനെ കൊന്നു് തവണക്കാരുടെ മേൽ കുററം ചുമത്താമെന്നു നിശ്ചയിച്ചു് ആയുധപാണിയായി രാജാവിന്റെ നിദ്രാലയത്തിൽ കടന്നു. ഗാഢനിദ്രയെ പ്രാപിച്ചിരുന്ന അദ്ദേഹത്തിന്റെ മുഖഭാവം തന്റെ അച്ഛന്റെതു പോലെ അവൾക്കു തോന്നിയതുകൊണ്ടു 'മാക്ബെത്ത് പ്രഭ്വി' കൊലചെയ്യാതെ തിരിച്ചുവന്നു് ഭൎത്താവിനെ വാസ്തവം അറിയിച്ചു. വധം ചെയ്യരുതായെന്നതിനു അയാൾക്കു വിവിധന്യായങ്ങൾ തോന്നി. പ്രഥമമായി താൻ അദ്ദേഹത്തിന്റെ പ്രധാന പ്രജകളിൽ ഒരുത്തൻ' അടുത്തബന്ധു, രണ്ടാമതു അദ്ദേഹം തന്റെ അതിഥിയായിരുന്നുകാരണം വിപത്തു സംഭവിക്കാതെ സൂക്ഷിക്കുന്നതിനുപകരം താൻതന്നെ അദ്ദേഹത്തെ

കൊല്ലുവാൻ ഇച്ഛിക്കുന്നതു മഹാപാപം മൂന്നാമതു 'ഡങ്കൻ' പ്രജകളുടെ ക്ഷേമത്തിലും പരിഷ്കാരാഭിവൃദ്ധിയിലും അതിതല്പരനും നീതി, ന്യായം, ദയ, മുതലായ ഗുണങ്ങളാൽ ശോഭിതനുമായ ഒരുത്തമ രാജാവു, അതുകൂടാതെ അദ്ദേഹം തന്നോടു കാണിച്ചകാരുണ്യം നിമിത്തം തന്നെ ജനങ്ങൾ അത്രി നന്ദിക്കുന്നു. ഈവിധ വിചാരങ്ങൾ കൊണ്ടു അയാളുടെ ഹൃദയം ചലിച്ചുകൊണ്ടിരുന്നു. അയാളുടെ ഭാര്യ "തുടങ്ങാലാ വല്ലതുമാവതോളം തുടങ്ങിയാലായതു കൈവിടൊല്ല" എന്നുള്ളതത്വം പ്രമാണിച്ചും നിശ്ചിതകാര്യങ്ങൾ സാധിക്കുന്നതിലുള്ള താല്പര്യം സ്ത്രീകളുടെ സഹജഗുണമായതുകൊണ്ടും ഭർത്താവിങ്കൽ വൈമനസ്യം പ്രകടിപ്പിച്ച ഭർത്താവിന്റെ അഭിപ്രായത്തെ അനാദരിച്ചു് അയാളെ സ്ത്രീസ്വഭാവി, ധൈര്യഹീനൻ, ഭീരു, ചഞ്ചലചിത്തൻ, അസ്ഥിരബുദ്ധി എന്നും മറവും പറഞ്ഞു പലവിധം ഹസിച്ചുതുടങ്ങി. അവളുടെ നാവിന്റെ ശക്തി അനിവാര്യംതന്നെ! പതിയുടെ ആക്ഷേപങ്ങളെ സഹിയാഞ്ഞിട്ടു് അയാൾതന്നെ 'ഡങ്കൻ' കിടന്നിരുന്നഗൃഹത്തിൽ പ്രവേശിച്ചു് കഷ്ടം! അദ്ദേഹത്തിന്റെ ദേഹിയെപരലോകത്തേക്കു പ്രയാണം ചെയ്യിച്ചു. ജീവരക്ഷാർത്ഥം രാജാവിന്റെ പ്രഥമ പുത്രനായ 'മാൽകോം' ഇംഗ്ലീഷ് രാജാവിനെ അഭയം പ്രാപിച്ചു. 'ഡോനാൽബിൻ' എന്ന ദ്വിതീയപുത്രൻ 'അയർലണ്ഡി'ലേയ്ക്കു ഒളിച്ചോടിപ്പോയി 'ഡങ്കനെ' കൊന്നതു നിസ്സംശയമായി 'മാക് ബെത്തു്' തന്നെയാണെന്നു് ജനബോധം ഉണ്ടായിരുന്നിട്ടും വേറെ അടുത്ത അവകാശികൾ ഇല്ലാതിരുന്നതുകൊണ്ടു അയാൾ മകുടം ധരിച്ചു് രാജാവാക്കപ്പെട്ടു. ഒരു കിരീടം അന്യന്മാർക്കു സ്വർണ്ണനിർമ്മിതമായി തോന്നുമെങ്കിലും അതിനെ ധരിക്കുന്നവനു അതു മുള്ളുകൾ കൊണ്ടു ഉണ്ടാക്കിയതാണെന്നും തന്നിമിത്തം ഉപദ്രവ കരമാണെന്നും ഇപ്പോളത്രേ 'മാക് ബെത്തിനു' മനസ്സിലായുള്ളു.

'മാക് ബെത്തി'നു വിചാരം അധികമായി. 'ബാങ്കോവി'ന്റെ പിൻവാഴ്ചക്കാർ നാടുവാഴുമെന്ന ദീർഘദർശനത്തെഓർത്തു

അതിനെ വിഫലീകരിക്കാൻ തീൎച്ചയാക്കി, സ്ഥലത്തെ പ്രധാനപ്രഭുക്കന്മാൎക്കു് ഒരത്താഴവിരുന്നു് ഘോഷമായി നടത്തി. 'മാക്ബെത്ത്'മുമ്പെകൂട്ടി ചട്ടംകെട്ടിയിരുന്നപ്രകാരം രാത്രി വിരുന്നിനായി വരുന്നവഴിയിൽ അസഹായനായ 'ബാങ്കോവി'നെ ചിലഘാതകന്മാർ എതിൎത്തുവധിച്ചു. അയാളുടെ പുത്രൻ 'ഫ്ലീയൻസ്' ഒരുവിധം രക്ഷപ്പെട്ടു. വിരുന്നുസമയം 'മാക്ബെത്തി'നായി സജ്ജമാക്കിയിരുന്ന പീഠത്തിൽ വധിക്കപ്പെട്ട 'ബാങ്കോവി'ന്റെ പിശാചു് അയാളുടെ നയനങ്ങൾക്കുമാത്രം ഗോചരമായി അതിൽ കയറി ഇരിക്കുന്നതായിതോന്നി. ഇതുനിമിത്തം അയാൾക്കു് രോമാഞ്ചം ഉണ്ടാകയും ദേഹംആസകലം വിവൎണ്ണമായിത്തീരുകയുംചെയ്തു. ഈ ഭയാനകമായ കാഴ്ചയേ വീക്ഷിച്ചുകൊണ്ടു് നിശ്ചലനായിനിന്നു. ഈലജ്ജാവഹമായരഹസ്യവധംപരസ്യമായിതീൎന്നേക്കുമെന്നു ശങ്കിച്ചു് 'മാക്ബെത്ത്പ്രഭ്വി' അതിഥികളെ ക്ഷണത്തിൽ യാത്രയയച്ചു. രാജ്യാധിപത്യപ്രാപ്തിക്കുള്ള അത്യാഗ്രഹംകൊണ്ടു 'മാക്ബെത്ത്' ഇപ്പോൾരണ്ടുകൊലപാതകംചെയ്തുകഴിഞ്ഞല്ലൊ!

ഭയങ്കരങ്ങളായ സ്വപ്നങ്ങൾ 'മാക്ബെത്തി'ന്റേയും പത്നിയുടേയും നിദ്രയെ ഭഞ്ജിപ്പിച്ചു. ആ അമാനുഷികരൂപങ്ങളെ അന്വേഷിച്ചു് രാജാവു് ഒരുഗുഹയിൽ ചെന്നെത്തി. അവർ അയാളുടെ ഭാവിയെപ്പറ്റിഇപ്രകാരംപറഞ്ഞു — "അധൈൎയ്യംവേണ്ട; മാതാവിനാൽ പ്രസവിക്കപ്പെട്ട ഒരുത്തനാലും നീ വധ്യനല്ല".

അനന്തരം 'മെക്ഡഫ്' എന്നപ്രഭു 'ഡങ്കൻ'ന്റെ പുത്രനായ 'മാൽകോമി'നോടു് സഖ്യംചെയ്തു് ഒരു സൈന്യംശേഖരിച്ചു് തന്നെഎതിൎക്കാൻപോകുന്നു എന്ന കിംവദന്തികേട്ടു് 'മാക്ബെത്ത്' രോഷാകുലനായി 'മെക്ഡഫി'ന്റെ പുത്രകളത്രാദികളെ സംഹരിച്ചു. ഈകഠിനപാപകൎമ്മം ചെയ്തതിനാൽ പ്രഭുക്കളും മററുപ്രജകളും അയാളെ നിന്ദിച്ചുതുടങ്ങി. തന്റെ ദുഷ്കൎമ്മങ്ങളാൽ ലബ്ധമായ രാജപദത്തെ അനുഭവിക്കുന്നതിനു് അദ്ദേഹത്തിനു് ഭാഗ്യമുണ്ടായിരുന്നില്ല.

'മാക്ബെത്ത്' തന്റെ നീചപ്രവൃത്തികളെ ഓർത്തു് ദുഃഖിച്ചു. അയാളുടെ ഭാര്യ ലോകാപവാദം കൊണ്ടുള്ള വ്യസനംനിമിത്തം ജീവത്യാഗം ചെയ്തു. ദുർബോധന ചെയ്തു് ദുഷ്പ്രവൃത്തികളിൽ പ്രേരിപ്പിച്ച ഭാര്യ ചരമഗതിയെ പ്രാപിച്ചപ്പോൾ 'മാക്ബെത്തി'ന്നു് ജീവിതത്തിലുള്ള അഭിലാഷം നിശ്ശേഷം നശിച്ചുപോയി. എങ്കിലും തന്റെ ശൌര്യത്തെ അയാൾ ഉപേക്ഷിച്ചില്ല. സ്ത്രീജാതൻ തന്നെ വധിക്കയില്ലെന്നുള്ള അന്ധവിശ്വാസത്തെ അവലംബിച്ചു് ശത്രുക്കളുടെ ആഗമനത്തെ അലക്ഷ്യമാക്കി 'മാക്ബെത്ത്' ഒരു മന്ദനായിത്തീൎന്നു. ഗർഭാശയത്തിൽ നിന്നു് എടുക്കപ്പെട്ട 'മെക്ഡഫ്' 'മാക്ബെത്തി'നെ യുദ്ധത്തിൽ വധിച്ചു. സൽസ്വഭാവിയെന്നു് കീർത്തിപ്പെട്ടിരുന്ന 'ഡൺക'ന്റെ പുത്രനായ 'മാൽക്കൊം' രാജാവായി അഭിഷേകം ചെയ്യപ്പെട്ടു. പ്രഭുക്കന്മാരുടെയും ജനസാമാന്യത്തിന്റെയും ഹൃദയപൂർവമായ അനുഗ്രഹത്തോടും അനുമോദനത്തോടുംകൂടി അയാൾ രാജ്യഭാരം ചെയ്വാൻ ആരംഭിച്ചു.

ഈ കഥയിൽനിന്നും അറിയാവുന്നതു് എന്തെന്നാൽ അത്യാഗ്രഹം ഉള്ളതിനേയുംകൂടി നശിപ്പിക്കുന്നതാണു്. ദുഷ്കർമ്മികൾ അന്യർക്കായി നിർമ്മിക്കുന്ന വൻകുഴിയിൽ തങ്ങൾ തന്നെ വീണു വിഷമിക്കുന്നു. നാശം വരുന്നതിനുമുമ്പു് ബുദ്ധിക്ഷയിച്ചുവരും; അപ്പോൾ ദുർദ്ദേവതകളും അനുസരണയുള്ളവരായിരിക്കും; അവയെ ദൂരീകരിക്കുന്നതു തന്നെ ബുദ്ധിചാതുര്യം എന്നവകയാകുന്നു.

'ഡാക്ടർമില്ലരു'ടെ അഭിപ്രായം:— ഈ കഥയുടെ പ്രഥമഭാഗത്തിൽനിന്നു് അറിയുന്നിടത്തോളം മാക്ബെത്ത്പ്രഭ്വി' ക്രൂരകർമ്മങ്ങൾ ചെയ്യുന്നതിൽ അധികം താല്പര്യമുള്ളവളാണെന്നു് പറവാൻപാടില്ല. അവളുടെ പുരുഷനും അവൾക്കും തമ്മിൽ ഉള്ള സ്വഭാവഭേദം ഇത്രമാത്രമെ ഉള്ളു:— അയാൾ ഒന്നു പ്രവർത്തിക്കുന്നതിനുമുമ്പു് അതിനെപ്പറ്റി ആലോചിച്ചു് തീർച്ചപ്പെടുത്തുന്നു. അവളുടെ മനസ്സിൽ എന്തു തോന്നിത്തുടങ്ങുന്നുവൊ അതിനെ അവൾ ഉടൻ പ്രവർത്തിക്കുന്നു. സ[illegible]പ്ര

തിപത്തി അവൾക്ക് ലേശംപോലും ഇല്ല. അവൾ പ്രവൎത്തിക്കുന്നതൊക്കെ ഭൎത്താവിനുവേണ്ടിയാണ്. ഭൎത്താവിങ്കൽ അവൾക്ക് സ്ഥിരപ്രേമമുണ്ട്. അയാൾക്കുവേണ്ടി എന്തുംചെയ്‌വാൻതയ്യാറാണ്. ആഗ്ഗ്യകഫലസിദ്ധിയിൽ വളരെശ്രദ്ധയുള്ളവളുമാണ്. എന്നാൽ അവൾവാസ്തവത്തിൽധൈൎയ്യരഹിതയായ ഒരബലതന്നെയാകുന്നു.

# ഡെസ്ഡിമോന.

'ഡെസ്ഡിമോന' എന്നവൾ 'വെനിസ്' പട്ടണത്തിലെ ആലോചനസഭയിൽ ഒരു പ്രധാന സാമാജികനായ 'ബ്രബാൻറിയോ'വിൻെറ ഏകപുത്രിയാണ്. അന്യാദൃശമായ രൂപലാവണ്യം, അസാമാന്യമായ സന്മാൎഗ്ഗനിഷ്ഠ, ഇത്യാദ്യനവധി ഗുണങ്ങൾ അവളിൽ വിളങ്ങിക്കൊണ്ടിരുന്നതിനാൽ ആ നഗരവാസികളായ സ്ത്രീജനങ്ങളിൽ അവൾ ഒരു തിലകമായി ഗണിക്കപ്പെട്ടിരുന്നു. ഈ കന്യകയെ വിവാഹം ചെയ്‌വാൻ ആഗ്രഹിച്ചു് ഭഗീരഥപ്രയത്നം ചെയ്തുകൊണ്ടിരുന്ന യോഗ്യന്മാരായ യുവാക്കന്മാർ ഒട്ടേറെ ഉണ്ടായിരുന്നു. എന്നാൽ അവൾ അംഗസൌന്ദൎയ്യത്തെക്കാൾ വിലയേറിയതായി ഗണിച്ചതു് ബുദ്ധിസാമൎത്ഥ്യത്തെയും പൌരുഷത്തെയുമായിരുന്നു. അക്കാലത്തെ യോദ്ധാക്കളിൽ അഗ്രഗണ്യനായ 'ഒതല്ലോ' വിൻെറ യശസ്സ് ആ ദിക്കെല്ലാം വ്യാപിച്ചിരുന്നു. 'വെനിസ്സിലെ' സേനാധിപതിയായ അദ്ദേഹത്തിൻെറ ധൈൎയ്യവും വീൎയ്യവും കേട്ടിട്ടു് അവൾ വിസ്മയിച്ചു് അയാളെ മനസാവിവാഹം ചെയ്തു. 'ഒതല്ലോ'വിനോടു് അവൾക്കുള്ള പ്രേമം ഒരു പരസ്യമായ രഹസ്യമായിരുന്നു. ഈ ഭടൻ അവളുടെ അച്ഛനു് ഒരു നല്ല പരിചിതനും, അവളുടെ ഗൃഹത്തിൽ കൂടക്കൂടെ ക്ഷണിച്ചു് സൽക്കരിക്കപ്പെട്ടവനുമായിരുന്നു. എന്നാൽ 'ഒതല്ലോ' വയോധികനും, വിലക്ഷണനും, അപകൃഷ്ടനും, അന്യമതാനുസാരിയുമായിരുന്നതുകൊണ്ടു് 'ഡെസ്ഡിമോന' അയാളെ സ്നേഹിക്കുന്നതു് 'ബ്രബാൻറിയൊവി'നു് ഒട്ടും രസിച്ചില്ല. പ്രഭുപുത്രനും സമ്പന്നനും അവൾക്കനുരൂപനുമായ ഒരു യുവാവാണു് തൻെറ ജാമാതാവായി ഭവിക്കേണ്ടതെന്നായിരുന്നു അവളുടെ പിതാവിൻെറ മോഹം. എന്നാൽ കാമനു് കണ്ണുണ്ടെങ്കിലും കാണുകയില്ലല്ലൊ! അന്യോന്യ സൽഗുണങ്ങളെ കാണേണ്ടതിനുള്ള സൂക്ഷ്മതയും ഏകസമയത്തുതന്നെ ന്യൂനതകളെ കാണാതിരിപ്പാനുള്ള അ

ന്ധതയും കാമകീകാമകന്മാരുടെ നേത്രങ്ങൾക്കുള്ള ഒരുസ ഹജഗുണമാകുന്നു. പിതാവിന്റെ അറിവുകൂടാതെ ഈ യുവ തി തന്റെ സ്വയംവൃതവരനോടുകൂടെ സ്വഗൃഹത്തിൽനി ന്ന് ഒളിച്ചോടിപ്പോയി. അവളെ പരിഗ്രഹിക്കാൻ കാംക്ഷി ച്ചിരുന്ന 'രാഡറിഗൊ' ഈ വൎത്തമാനം 'ബ്രബാൻറി' യോവിനെ അറിയിച്ചു. ഒളിച്ചോടിപോയ തന്റെ കുമാരി യെ അന്വേഷിക്കുന്നതിനായിട്ട് 'ബ്രബാൻറി'യൊ ആളയച്ചു തുടങ്ങി. 'ഡെസ്ഡിമോന'യെ അപഹരിച്ചവൻ മായാശ ക്തികൊണ്ടൊ, ക്ഷുദ്രപ്രയോഗംകൊണ്ടൊ, അവളെ വശീ കരിച്ചിരിക്കണമെന്നായിരുന്നു അയാളുടെ ബോധം.

ആ സമയത്ത് 'വെനിസ്' ഗവൎമെന്റിന്റെ അധീ നത്തിലുൾപ്പെട്ട 'സൈപ്രസ്' ദ്വീപിനെആക്രമണംചെയ്‌വാ ൻ ശത്രുക്കൾ സന്നദ്ധരായിരിക്കുന്നു എന്നൊരു ജനശ്രുതി പ്രചരിച്ചു. ആലോചനസഭയിൽനിന്നും, ആക്രമണത്തെ നി രോധിക്കുന്നതിനായിട്ട് അയച്ച സൈന്യത്തിന്ന് അധിപനാ യി 'ഒതല്ലൊ' നിയമിക്കപ്പെട്ടു. തത്സമയത്ത് കഠിനശി ക്ഷാൎഹനാക്കാൻ ഒരു അപരാധിയായിട്ട് ആ സഭയിൽത്ത ന്നെ 'ഒതല്ലോ'വിനെ വിസ്തരിച്ചുതുടങ്ങിയിരുന്നു. 'ഒതല്ലൊ' തനിക്കു സാക്ഷിയായി 'ഡെസ്ഡിമോന'യെ വരുത്തി, അ വൎതമ്മിലുണ്ടായ സംഭവങ്ങളെ അതിശയോക്തികൂടാതെ സഭ്യന്മാരെ അറിയിച്ചു. സഭാനായകൻ:— "ഈ അനശ്വര യശസ്വിയെ ഏതുസ്ത്രീതന്നെ മോഹിക്കയില്ല!" എന്നുപറ ഞ്ഞു. ഇതുകേട്ടപ്പോൾ 'ഡെസ്ഡിമോന' താനും ആ അഭിപ്രായത്തിൽ യോജിക്കുന്നുവെന്ന് സൂചിപ്പിക്കുമാറ് ശി രഃകംപനംചെയ്തു. ഇനി എന്താ പറയാനുള്ളത്? വധൂവരന്മാ ർ അന്യോന്യ പൂൎണ്ണസമ്മതത്തോടെ വിവാഹംചെയ്തിരുന്ന തുകൊണ്ട് 'ബ്രബാൻറിയൊ' ലജ്ജയോടുകൂടി:—എന്റെപു ത്രിയെനിങ്ങൾതന്നെ സ്വീകരിച്ചുകൊള്ളണം. "എന്നാൽഎ ന്നെ വഞ്ചിച്ചവൾ നിങ്ങളേയും വഞ്ചിക്കയില്ലെ?" എന്നുപ റഞ്ഞു. ഭാൎയ്യാസുഖത്തെ ഉപേക്ഷിച്ചിട്ട് തന്റെ കൎത്തവ്യംഅ

നശിപ്പിക്കാനായി 'സൈപ്രസ്സി'ലേക്കു് 'ഒതല്ലൊ' പുറപ്പെട്ടു. വീരന്റെഭാൎയ്യ വീരയാണല്ലൊ! അച്ഛന്റെകൂടെ താമസിക്കാൻ മനസ്സില്ലെന്നും ഭൎത്താവിനെ അനുഗമിക്കാൻ ഒരുമ്പെട്ടിരിക്കയാണെന്നും അവൾ പറഞ്ഞു. വിരഹതാപം അനുഭവിക്കാൻ സമ്മതമില്ലാത്തവളായിരുന്ന ആ നവോഢ 'ഒതല്ലൊ' 'സൈപ്രസ്സിൽ' ചെന്നുചേരുന്നതിനു് മുൻപുതന്നെ 'അയാഗോവി'നോടും അയാളുടെഭാൎയ്യ 'എമിലിയ' യോടുംകൂടി അവിടെ എത്തി. ആ ദ്വീപിനെ ആക്രമിക്കുന്നതിനായി തയ്യാറാക്കപ്പെട്ട 'ടൎക്കി'ക്കാരുടെ യുദ്ധക്കപ്പൽ അതികഠിനമായ കൊടുങ്കാററിലകപ്പെട്ടു് നശിച്ചുപോയി. അത്യുത്സാഹത്തോടു് ആരംഭിച്ച ആക്രമണവും നിരോധിക്കപ്പെട്ടു. നിഷ്പ്രയാസേന ലഭിച്ച ഈ വിജയത്തെ കൊണ്ടാടുന്നതിനായി ഒരു സദ്യ നടത്തി. അതു് ഈ ദമ്പതിമാരുടെ വിവാഹവിരുന്നായും ഗണിച്ചിരുന്നു. സ്ഥലത്തുണ്ടായിരുന്ന ഉദ്യോഗസ്ഥന്മാരെല്ലാവരും മൃഷ്ടാന്നം ഊണുകഴിച്ചു് സുഖമായിരുന്നു. കൃത്രിമബന്ധുകളും സ്നേഹിതന്മാരെന്നു് നടിച്ചുവരുമായ ഗൂഢശത്രുക്കളിൽനിന്നുണ്ടായ ഉപദ്രവം ഈ സന്തോഷത്തിനു് പ്രതിബന്ധകമായിതീൎന്നു. 'അയാഗൊ' 'കാസിയൊ' എന്നു് രണ്ടുപേർ സൈന്യത്തിൽ ഉദ്യോഗസ്ഥന്മാരായിരുന്നു. ഒരു 'ലെഫ്ററിനെൻറി'ന്റെ ജോലി ഒഴിവുവന്നപ്പോൾ 'അയാഗോ'വിന്റെ അവകാശങ്ങളെ ഗൌനിക്കാതെ 'കാസിയോ'വിനു് ആ ഉദ്യോഗം നൾകപ്പെട്ടു. തന്റെ ഭാൎയ്യയായ 'എമിലിയ' യും 'ഒതല്ലോ' വും അന്യോന്യം പ്രേമമുള്ളവരായി, തന്നെ ദ്രോഹിച്ചിരിക്കുന്നുവെന്നു് അകാരണവും ന്യായരഹിതവുമായ ഒരു ദുശ്ശങ്ക 'അയാഗോ' വിന്റെ ഹൃദയത്തിൽ കടന്നിരുന്നു. 'കാസിയോ'വിനു് ഈ കയററംകൊടുത്തതു് അയാൾ സേനാനിക്കു് ഒരു വിശ്വസ്തനായ മിത്രമായിരുന്നതുകൊണ്ടും അദ്ദേഹത്തിന്റെയും 'ഡെസ്ഡിമോണ' യുടേയും വിവാഹത്തിനു് ദൂതനായിരുന്നതുകൊണ്ടുമാണെന്നു് 'അയാഗോ' അസൂയഹേതുവാൽ വിചാരിച്ചു. തന്റെ ഏകപ്രയത്നംകൊണ്ടു് 'കാസിയൊ' 'ഒതല്ലൊ' 'ഡെസ്ഡിമോണ'

ഈ മൂന്നുപേരേയും തന്റെ കൌശലവല്ലയിൽ അകപ്പെടുത്തുവാൻ 'അയാഗോ' പ്രാരംഭിച്ചു. ഒടുവിൽ ആ പ്രയത്നം സഫലമായി തീരുകയുംചെയ്തു.

'കാസിയൊ' മദ്യപാനപ്രിയനല്ലായിരുന്നുവെങ്കിലും പരമസുഹൃത്തെന്നുനടിച്ച 'അയാഗോ' വിന്റെ നിർബന്ധത്താൽ ഉന്മാദജനകമായ മദ്യത്തെ അമിതമായി ആസ്വാദിച്ച് ഭ്രാന്തചിത്തനായിതീൎന്നു. 'അയാഗോ' നിയമിച്ചിരുന്നപ്രകാരം 'റാഡറിഗോ' അവിടെഎത്തി 'കാസിയോ' വിനെ അധിക്ഷേപിച്ച്, ദേഷ്യത്തെ വൎദ്ധിപ്പിച്ചു. ഇവർ രണ്ടുപേരും ശണ്ഠകൂടിയപ്പോൾ 'ഒതല്ലൊ' അവിടെവന്നെത്തി, ലഹരിനിമിത്തം കലഹിച്ചുനിന്നതിനെ വീക്ഷിച്ചിട്ട്, 'അയാഗോ' വിനോട്ട് സംഭവിച്ചതെന്താണെന്ന് പ്രശ്നംചെയ്തു. താൻ നിർദ്ദോഷിയാണെന്ന് പ്രകടീകരിക്കുന്നതിനുവേണ്ടി തനിക്കു ഒന്നും അറിവാൻ വഹിയാഎന്നും, 'കാസിയൊ' സൽഗുണശാലിയാണെന്നും, അയാൾ ആ മുഷ്ടിയുദ്ധത്തിൽ വളരെ അപമാനപ്പെട്ടുഎന്നും സേനാനിയെ അറിയിച്ചു. ലജ്ജാവഹമായ ദുഃഖംകൊണ്ടു 'കാസിയോ' ശിരസ്സിനെതാഴ്ത്തി മൌനം അവലംബിച്ചു. 'ഒതല്ലോ' അയാളെ 'ലഫ്റ്റനെന്റ്' പദവിയിൽനിന്നും സ്ഥാനഭ്രഷ്ടനാക്കി. ഇതുതന്നെയാണു 'അയാഗോ' വിന്റെ പ്രഥമതന്ത്രം; അതുകൊണ്ടു തൃപ്തിപ്പെടാതെ 'അയാഗോ' 'കാസിയോ'വിനോടുപറഞ്ഞു:— 'നിങ്ങൾക്ക് തിരിയെ ജോലികിട്ടണമെങ്കിൽ 'ഡെസ്ഡിമോന' യേക്കൊണ്ട് 'ഒതല്ലോ' വിനോട്ട് ശുപാൎശചെയ്യിക്കണം. 'കാസിയോ' അപ്രകാരം അപേക്ഷിച്ചതുകൊണ്ടു സൽഗുണസമ്പന്നയായ 'ഡെസ്ഡിമോന' അതിനുസമ്മതിച്ചു. ഇവർരണ്ടുപേരുംസംസാരിച്ചു കൊണ്ടിരുന്നപ്പോൾ 'ഒതല്ലൊ' അവിടെവന്നു 'കാസിയോ ഒന്നുപതുങ്ങി; 'അയാഗോ'ഒഴിഞ്ഞു പോയവൻആരാണെന്ന് സേനാധിപതിയെ ബോധിപ്പിച്ചു. "പതുങ്ങിയവൻആർ?" എന്ന് നായകൻചോദിച്ചതിന് നിഷ്കപടയായനായിക, "ഭവാൻഎന്നെ ആദ്യമായി സ്നേഹിച്ചകാ

ലത്തിൽ ഭവാന്റെ ദൂത്യംവഹിച്ചിരുന്ന 'കാസിയോ' തന്നെയാണു്. 'അവനിൽദയതോന്നിതിരിതെഅവനു് ജോലികൊടുക്കണേ" എന്നു് സാദരം ഭർത്താവിനോടു അപേക്ഷിച്ചു. 'കാസിയോ'വിന്റെ ഗൂഢാഗമനത്തേയും, അവനുവേണ്ടിചെയ്ത 'ഡെസ്ഡിമോന'യുടെ അപേക്ഷയേയും 'എന്നെവഞ്ചിച്ചവൾ നിങ്ങളെവഞ്ചിക്കയില്ലേ" എന്നു് 'ബ്രബാൻറിയോ' പറഞ്ഞ വചനത്തേയും തന്റെ സന്ദേഹത്തേയും, 'ഒതെല്ലൊ'വിന്നു 'അയാഗോ' അറിയിച്ചപ്പോൾ അദ്ദേഹത്തിന്റെ ഹൃദയാതപിച്ചു. പത്നിയുടെ ചാരിത്രശുദ്ധിയെപ്പററി അദ്ദേഹത്തിനു് സംശയംജനിച്ചുതുടങ്ങി. ഭാൎയ്യയുടെപാതിവ്രത്യത്തെക്കുറിച്ചു് സന്ദേഹപീഡിതനായ ഒരുപുരുഷനു് ഏററവുംനിസ്സാരങ്ങളായ സംഗതികൾ കൂടി അവന്റെ ഇന്ദ്രിയങ്ങൾക്കു്, വേദവാക്യങ്ങളെന്നപോലെ വിശ്വസനീയങ്ങളായ തെളിവുകളായിതീരും. 'ഒതെല്ലൊവി'ന്റെസന്ദേഹാഗ്നികുണ്ഡത്തിൽ 'അയാഗൊ' തെളിവാകുന്നഘൃതത്തെ ഒഴിച്ചു് ജ്വലിപ്പിച്ചു.

തന്റെ നായകൻ തലവേദനയാൽ അസ്വാസ്ഥ്യത്തെ പ്രാപിച്ചിരിക്കുന്നതുകണ്ടു് ക്ലേശിച്ചിട്ടു്, 'ഡെസ്ഡിമോന' തനിക്കു പ്രേമസൂചകമായി ഒതെല്ലൊ നൽകിയിരുന്നലേസിനെമുറുക്കി, അദ്ദേഹത്തിന്റെ ശിരസ്സിൽ കെട്ടുവാൻ ഭാവിച്ചപ്പോൾ 'വേണ്ട' എന്നുപറഞ്ഞു്, സേനാപതി പുറത്തേക്കിറങ്ങി; ആ ലേസ് താഴെ വീണതിനെ രണ്ടുപേരും ബദ്ധപ്പെട്ടുപോയതുകൊണ്ടു് ആരുംസൂക്ഷിച്ചില്ല. 'എമിലിയാ' അതിനെ കരസ്ഥമാക്കി; അതിനുവേണ്ടി തന്നെ ഏറിയകാലം ഉപദ്രവിച്ചുകൊണ്ടിരുന്ന തന്റെ ഭർത്താവിനു് കൊടുത്തു. അതു് കിട്ടിയപ്പോൾ അയാൾക്കുണ്ടായ സന്തോഷത്തിനു് അതിരില്ലായിരുന്നു. അതിനെ 'കാസിയോ'വിന്റെ കൈയ്യിൽകിട്ടത്തക്കവിധം ഏൎപ്പാടുചെയ്തിരുന്നു. അയാൾ അതിനെ തന്റെ രഹസ്യകളത്രമായ 'ബിയാൻക'ക്കു സമ്മാനിച്ചു. സന്ദേഹാഗ്നിയെ ജ്വലിപ്പിച്ച അയാഗോവിനോടു 'ഒതെല്ലൊ' 'ഡെസ്ഡിമോന'യുടെ മേൽചെയ്തദോഷാരോപണത്തിനു്

പ്രത്യക്ഷമായതെളിവു് കൊടുക്കാമോ?” എന്നു ചോദിച്ചു. “ഓ
ഹോ; ഗാഢനിദ്രചെയ്യുമ്പോൾ ‘ഡെസ്ഡിമോന’യെപ്പററി
‘കാസിയോ’ സ്വപ്നത്തിൽ ജല്പിച്ചു. അങ്ങു് പ്രീതിചിഹ്നമായി
കൊടുത്ത ലേസ് കാസിയോവിന്റെ കൈവശത്തിലാണു്” എ
ന്നു് ‘അയാഗോ’ പറഞ്ഞു. ഇതിനെശ്രവിച്ചസേനാനി “ഞാൻ
നിനക്കു് തന്നവിശേഷപ്പെട്ടലേസ് എവിടെ?”. എന്നു് ഗേഹി
നിയോടു് ചോദിച്ചു. ആചോദ്യത്തെ അഗണ്യമാക്കീട്ടു് ‘കാസി
യോ’വിനു് ലഫ്റററിനെന്റു് ഉദ്യോഗംവീണ്ടും കൊടുക്കണമെന്നു്
അവൾ നിർബന്ധിച്ചുതുടങ്ങി. തന്റെപ്രശ്നത്തിനു് ഉത്തരമി
ല്ലാത്തതുകൊണ്ടു് ‘അയാഗോ’വിന്റെ വാക്കുകളെ വാസ്തവമായി
ധരിച്ചു്, നിരംകുശമായ കോപംഹേതുവാൽ ‘ഒതല്ലോ’ഭവനത്തി
ൽ നിന്നും നിർഗ്ഗമിച്ചു. അനന്തരം ‘കാസിയോ’വിനെ പ്പററി
ഒന്നും പറഞ്ഞുകൂടാഎന്നു് അവൾ തീർച്ചയാക്കി. തന്റെ ഭർത്താവി
നു തന്നിൽ എന്തോ സന്ദേഹം ജനിച്ചിരിക്കുന്നുഎന്നു് ബോദ്ധ്യ
പ്പെട്ടു എങ്കിലും അതിനെ നിവാരണംചെയ്വാൻ അവൾ യത്നി
ച്ചില്ല. ഇതു് ‘അയാഗോ’വിനു് അനുകൂലമായിതീർന്നു.

‘അയാഗോ’ സേനാപതിയോടു് “കാസിയോവും ഞാനും
സംഭാഷണംചെയ്യുമ്പോൾ രഹസ്യമായിരുന്നു് ശ്രവിക്കണം”
എന്നു് അപേക്ഷിച്ചു. “എനിക്കു് ‘കാസിയോ’വാണു് ആ ലേ
സ് തന്നതു് എന്നു് ‘ബിയാൻക’ പറഞ്ഞതിനേയും സേനാനി
കേട്ടു. ഈ വചനം ‘ഒതല്ലോ’വിനു് കർണ്ണശൂലമായിതീർന്നു. “അ
വനെ ഞാൻ ചിത്രവധംചെയ്യും; അവളെ ശയ്യാഗൃഹത്തിൽവ
ച്ചു ശ്വാസംമുട്ടിച്ചു് കൊല്ലും” എന്നു് കോപപരവശനായ സേ
നാനിപറഞ്ഞു. ‘ഡെസ്ഡിമോന’:— “ഞാൻ സേനാപതിക്കും
‘കാസിയോ’വിന്നും തമ്മിൽ സമാധാനംവരുത്താൻ സന്നദ്ധ
യായിരിക്കുന്നു; ‘കാസിയോ’ എനിക്കു ഉപകാരംചെയ്ത ഒരു പ
രമ സുഹൃത്താണു്” എന്നു് ഒരാളോടു് പറഞ്ഞ വാക്കുകളെ ശ്ര
വിച്ചപ്പോൾ സേനാധിപതിക്കു് ദുസ്സഹമായ കടുംകോപമുണ്ടാ

ഞ്ഞി, തന്റെ പ്രേമഭാജനമായ പത്നിയെ നല്പതിൻവണ്ണം പ്രഹരിച്ചു. അവളെപ്പററി 'എമിലിയ'യോട് ചോദിച്ചു. അവൾ സ്വാമിനിയുടെ പാതിവ്രത്യനിഷ്ഠയെ വളരെ പ്രശംസിച്ചുതുടങ്ങി. അതിനെ വിശ്വസിക്കാതെഅദ്ദേഹം ഭാര്യയെവിളിച്ച് കാരണംഒന്നും ചൊല്ലാതെ 'യഥാൎത്ഥംപറയൂ' എന്ന് കോപാവിഷ്ടനായിപറഞ്ഞു. അവൾ ഭയന്ന് "ഞാൻ അങ്ങേടെ സൽഗുണസംപൂൎണ്ണയായ ധൎമ്മപത്നി' എന്നു സാദരംപറഞ്ഞു. 'കാസിയൊ' നിന്റെ ചാരിത്രഭംഗം വരുത്തീട്ടില്ലേ?" എന്ന് ചോദിച്ചതിന് കുറെനേരം നിശ്ചലയായി നിന്നിട്ട "മഹാ പാതകം, അന്യായം, ഇതു് സൎവ്വാബദ്ധം" എന്നുപറഞ്ഞു. "അവൻ അതിനെ സമ്മതിക്കുന്നുവല്ലൊ?" "അയാൾ ഒരിക്കലും അങ്ങനെ പറകയില്ല"-ഉടനെ "കാസിയൊ ഇതിനുമുമ്പുതന്നെ ഹതനായിരിക്കണം. അയാഗൊ' അവനെ വധിക്കാൻ ഉത്തരവുവാങ്ങി ച്ചുകൊണ്ടു് പോയി" എന്നു 'ഒതല്ലൊ' പറഞ്ഞതുകേട്ട് 'ഡെസ്‌ഡിമോന' "ഹാ! കഷ്ടം! അയാൾ വഞ്ചിക്കപ്പെട്ടു. എന്റെകഥയും ഇപ്പോൾ അവസാനിക്കും" എന്നു വിലപിച്ചു. ഇതിനെ ശ്രവിച്ച സേനാനി അവളുടെ ദോഷത്തെ അവൾ നിസ്സംശയമായി സമ്മതിച്ചിരിക്കുന്നു്!എന്നു തെററായിധരിച്ച് അവളുടെ വിലാപത്തെ ഗണ്യമാക്കാതെ, ഉഗ്രമായ കോപത്തിന് പാത്രീഭവിച്ചു് അവളുടെ ഗളത്തെ അമൎത്തിപ്പിടിച്ചു് ശ്വാസംമുട്ടിച്ചു. അവൾ ഉടനെ മരിച്ചില്ല. ആ സമയത്തു് 'എമിലിയ' ശയ്യാഗൃഹത്തിനകത്തു് എത്തി. "എന്താണിതു്! ആരാണീക്രൂരകൃത്യംചെയ്തതു്?" എന്നു ചോദിച്ചതിനു "മററാരുമല്ല; ഞാൻതന്നെയാണ്; എന്റെ പ്രാണ നായകനോടു് അനുരാഗിണിയായിട്ടുതന്നെ ഞാൻ മരിച്ചിരിക്കുന്നു എന്ന് അദ്ദേഹത്തെ അറിയിക്കണം. ഞാൻപോകുന്നു." എന്ന്പറഞ്ഞു് തീൎന്നപ്പോൾ അവളുടെ ജീവൻപരലോകത്തെ പ്രാപിച്ചു. നടന്ന സംഗതികളാസകലം 'എമിലിയ' സേനാനിയെ ഗ്രഹിപ്പിച്ചപ്പോൾ അദ്ദേഹം ദുഃഖം സഹിയാഞ്ഞിട്ടു് ജീവിതത്തിൽ ഒട്ടും ആകാംക്ഷകൂടാതെ സമീപത്തുണ്ടാ

യിരുന്ന ഒരു കഠാരി എടുത്തു നെഞ്ചിൽ കുത്തിയിറക്കി മരിച്ചുവീണു.

ഈ കഥയിൽനിന്നും നാം അറിയേണ്ടതെന്തു്? അവിവേകത്താലുണ്ടാകുന്ന ആപത്തു് അനിവാൎയ്യമാകുന്നു. ദോഷത്വം സ്ത്രീകൾക്കെന്നല്ല ബാലന്മാൎക്കുകൂടി ഭൂഷണമാകയില്ല. വിവേകശൂന്യമായി ലൌകികപരിജ്ഞാനമില്ലാത്ത ഒരു സ്ത്രീ വികൃതികളുടെ കൌശലവലയിൽ ലഘുവായ്‌വീണു് സന്ദേഹത്തിനു് ആസ്പദമായി വഞ്ചകന്മാരുടെ കൈക്കുള്ളിലകപ്പെട്ടു് പ്രാണഹാനിക്കു് ഇടവരുത്തുന്നു.

‘നിനച്ചിടാതൊന്നു നടത്തൊലാതാ-
നനൎത്ഥമുണ്ടാമവിവേകമൂലം’.

‘ഡാക്ടർ മില്ലരു’ടെ അഭിപ്രായം:—

പരിപൂൎണ്ണനിൎമ്മലത്വം, സഹജമായമൎയ്യാദ, സ്ഥിരമായപ്രേമം, നൈസൎഗ്ഗികമായ വിനയം, പരോപകാരതല്പരത, നിഷ്കളങ്കമായ ആൎജ്ജവം, അസാധാരണമായ സൌന്ദൎയ്യം, എന്നല്ല സ്ത്രീജാതിക്കുവേണ്ട മിക്ക സൽഗ്ഗുണങ്ങളും അവളിൽ തികഞ്ഞിരിക്കുന്നു. അവളുടെന്യൂനത അച്ഛനെപ്പറ്റിയുള്ള നിന്ദമാത്രം. നിമേഷംതോറും അങ്കുരിക്കുന്ന നാനാ വികാരങ്ങൾക്കു് അവൾ അധീനയായിത്തീരുന്നു.

# ൬. ഒഫീലിയ.

'യൂറോപ്പ്' ഖണ്ഡത്തിന്റെ ഉത്തര ഭാഗത്തിൽ 'ഡെൻമാർക്ക്' എന്ന നാമധേയമുള്ള ഒരു രാജ്യമുണ്ടു്. 'പൊലോനിയസ്' എന്ന പ്രഭു ആ രാജ്യത്തിലെ പ്രധാനമന്ത്രിസ്ഥാനം ഒരിക്കൽ വഹിച്ചിരുന്നു. ആ നാട്ടിലെ യുവരാജാവായ 'ഹാംലെററി'നു് 'പൊലോനിയസ്സി'ന്റെ പുത്രിയായ 'ഒഫീലിയാ'വിൽ അനുരാഗം ജനിച്ചു. ആ യുവതിയും ഈ പുരുഷനെ സ്വീകരിക്കുവാൻ സമ്മതമുള്ളവളായിരുന്നു. ദിവസംപ്രതി അവൾക്കു് അയാളോടുള്ള സ്നേഹം വർദ്ധിച്ചുവന്നു. എന്നാൽ രാജവംശജനായ ഒരു മനുഷ്യനു് അന്യ കുടുംബങ്ങളിൽ വിവാഹ സംബന്ധമുണ്ടാകുന്നതു് ഉചിതമല്ലായ്കയാൽ ഈ യുവതിയുടെ ജനകനും ജ്യേഷ്ഠനും യുവരാജാവിന്റെ അനുരാഗം വിശ്വാസയോഗ്യമല്ലെന്നും അതുകൊണ്ടു് ആ ബാലിക വളരെ സൂക്ഷിച്ചിരിക്കണമെന്നും അവളോടു് ഗുണദോഷിച്ചു. സ്വാർത്ഥതൽപരനായ അച്ഛന്റേയും ലോകപരിജ്ഞാനമില്ലാത്ത ജ്യേഷ്ഠന്റേയും ഉപദേശത്തെ സന്തോഷ പുരസ്സരം അവൾ സ്വീകരിച്ചു. തന്റെ സഹോദരിയോടു് യാത്ര പറഞ്ഞുകൊണ്ടു് 'ഫ്രാൻസ്' ദേശത്തിലെ പ്രധാന നഗരിയായ 'പാരിസ്സിലേ'ക്കായി 'ലയർററിസ്' തിരിച്ചു. യുവരാജാവിനെ സന്ദർശിച്ചാൽ യാതൊരു പ്രേമചിഹ്നത്തേയും പ്രകാശിപ്പിക്കരുതെന്നു് പിതാവു് കൊടുത്ത ആജ്ഞയെ ഒഫീലിയ ശിരസാവഹിച്ചു് പരമ സാധുവായി വസിച്ചിരുന്നു. ഈ കാര്യത്തിൽ അയാളുടെ വരുതിയെ ലംഘിക്കുകയില്ലെന്നു് അവളെക്കൊണ്ടു് ശപഥം ചെയ്യിപ്പിച്ചു.

രാജ്യഭാരം ചെയ്തുവന്നിരുന്ന അച്ഛനെ തന്റെ പിതൃവ്യൻ വിഷംകൊടുത്തു് കൊല്ലിക്കയും തന്റെ മാതാവായ പട്ടമഹിഷി

യെ രണ്ടുമാസം തികയുന്നതിനുമുമ്പ് വിവാഹം ചെയ്കയും—ഈ രണ്ടു ദുഷ്ടകൃത്യങ്ങളാലുണ്ടായ ദുസ്സഹമായ വ്യസനംകൊണ്ടും ലജ്ജകൊണ്ടും 'ഹാംലെററ്' ആഹാരാദികളിൽ അലസനായി ഒരുഭ്രാന്തന്റെ മട്ടിലായി തീരുകയുംചെയ്തു. ഭ്രാതൃവധംചെയ്ത ആ മഹാപാപിയ്ക്കു്, 'ഹാംലെററ്', ഭ്രാന്തു പിടിച്ച എന്നു് നടിക്കയാണെന്നു് തോന്നി. അതിനെ പരീക്ഷിച്ചറിയുന്നതിനു് അയാൾ തൽപരനായി തീൎന്നു. 'ഹാംലെററിന്റെ' പ്രണയിനിയായ മന്ത്രിപുത്രിയേയും അയാളെയും പരസ്പരം സന്ദൎശിപ്പിക്കയും സല്ലാപ സഹവാസങ്ങൾക്കു് അവസരമുണ്ടാക്കികൊടുക്കുകയും ചെയ്തു. തന്റെ ഇളയച്ഛന്റെ ഉദ്ദേശ്യമെന്താണെന്നു് മുമ്പെതന്നെ ഗ്രഹിച്ചിരുന്നതുകൊണ്ടു്, യുവരാജാവു് അയാളുടെ പ്രിയതമയോടു് അധികം സംസാരിപ്പാൻ അശക്തനാണെന്നും താനൊരു ഉന്മത്തനാണെന്നും അവളെ ധരിപ്പിച്ചു. ഈ ഉപായം നിഷ്ഫലമായി പരിണമിച്ചതുകൊണ്ടു് 'ഗെഡ്രൂഡിനേ'യും പുത്രനായ 'ഹാംലെററിനേ'യും തമ്മിൽകണ്ടു് സംസാരിപ്പാൻ ചട്ടംകെട്ടുകയും അവരുടെ സംഭാഷണത്തിന്റെ സാരം മനസ്സിലാക്കുവാൻ 'പൊലോനിയസ്സി'നെ ഗൂഢമായി നിറുത്തുകയുംചെയ്തു. ഇവരുടെ സംഭാഷണ മദ്ധ്യേ ചില വാക്കുതൎക്കങ്ങളുണ്ടായി. അവയെ ഗൂഢമായിനിന്നു് ശ്രവിച്ചുകൊണ്ടിരുന്നവന്റെനിലവിളികേട്ടിട്ടു്, അയാൾ പിതൃവ്യനായ 'ക്ലാഡിയസ്സാണെ'ന്നു് ധരിച്ചു്, രോഷാന്ധനായ 'ഹാംലെററ്' മന്ത്രിപ്രവരനെ കുത്തിക്കൊന്നു. താൻ വെട്ടിക്കൊന്നതു് 'ഒഫീലിയ'യുടെ അച്ഛനേയാണെന്നറിഞ്ഞപ്പോൾ 'ഹാംലെററ്' വളരെ ഖേദിച്ചു. കൊലപാതകക്കുററം ചുമത്തി ചിററപ്പനായ രാജാവു് 'ഹാംലെററി'നെ നാടുകടത്തി. വഴിമദ്ധ്യത്തിൽനിന്നു് 'ഹാംലെററ്' 'ഡെൻമാൎക്കി'ലേക്കു ഏതുവിധമോ തിരിച്ചുപോന്നു. തന്റെ കമനൻ രാജ്യഭ്രഷ്ടനായിതന്നെ ഉപേക്ഷിച്ചതുകൊണ്ടും, അയാളാൽ പിതാവിനു ജീവഹാനി നേരിട്ടതുകൊണ്ടും 'ഒഫീലിയ' വ്യസ

നാക്രാന്തയായി ബുദ്ധിക്കു സ്ഥിരമില്ലാതെ അങ്ങുമിങ്ങും സഞ്ചരിച്ചുതുടങ്ങി. "വിധികല്പിതം തടുക്കാവതല്ലൊരുവനാലും" എന്നുള്ള ന്യായം അവളുടെ നിർഭരമായ വിഷാദത്തെ ശമിപ്പിക്കാൻ തീരെ അശക്തമായിതീൎന്നു. കാമശോകാഗ്നി ജ്വാലതട്ടി, വാടിവലഞ്ഞു് ക്ഷീണിച്ചിരുന്ന അവൾ ഒരു തോട്ടിന്റെ അടുത്തു നിന്ന ഒരു വൃക്ഷശാഖയെ പിടിച്ചു വലിച്ചു് പുഷ്പങ്ങൾ പറിച്ചപ്പോൾ ഒരു കൊമ്പു് ഒടിഞ്ഞു് അവളുടെ ദേഹത്തിൽ വീഴുക നിമിത്തം അവൾ തോട്ടിൽ പതിച്ചു് വെള്ളം കുടിച്ചു് അകാല മൃത്യുവിനെ പ്രാപിച്ചു. അവളുടെ അപരക്രിയ നടത്തിക്കൊണ്ടിരുന്ന സമയത്തു് 'ഹാംലെററ്' അവിടെ വന്നു് നിൎവ്വ്യാജമായി ദുഃഖിച്ചു് തന്റെ ബാഷ്പധാരകളാൽ അവളുടെ മൃതശരീരത്തെ തണുപ്പിച്ചു. അനന്തരം 'ഹാംലെററി'നും 'ലയർററിസ്സി'നും തമ്മിൽ ദ്വന്ദ്വ യുദ്ധമുണ്ടായതിൽ രണ്ടുപേരും മുറിവേററു് വീരസ്വൎഗ്ഗം പ്രാപിച്ചു.

ഈ കഥയിൽനിന്നും ബാലികാബാലകന്മാൎക്കു് ഗ്രഹിക്കാവുന്ന സാരം എന്താകുന്നു? അതിസുന്ദരിയായ 'ഒഫീലിയ' രാജാവിന്റെ ദുരാലോചനകളിൽ അകപ്പെട്ടിരുന്ന അച്ഛന്റെ ആജ്ഞയെ അനുസരിച്ചു് സഹോദരന്റെ ഉപദേശത്തെ സ്വീകരിച്ചു് സ്വബുദ്ധിയെ ഉപേക്ഷിച്ചതിനാൽ 'ഹാംലെററി'ന്റെ ഇച്ഛാഭംഗത്തിനും അച്ഛന്റേയും, ജ്യേഷ്ഠന്റേയും, കമനന്റേയും ജീവഹാനിക്കു കാരണഭൂതയായി, അവളും വളരെ കഷ്ടപ്പെട്ടു് അപ്രാപ്തകാലമായ മരണത്തെ പ്രാപിച്ചു.

"ആത്മബുദ്ധിഃ സ്ഥിരാചൈവ
പരബുദ്ധിർവിനാശിനീ".

ഡാക്ടർ മില്ലരുടെ അഭിപ്രായം:—

'ഒഫീലിയ' സ്വശക്തിയെ ഒരിക്കലും ഉപയോഗിക്കുന്നില്ല. ആരുടെ അധീനത്തിൽ അകപ്പെടുന്നുവോ അവരുടെ ആ

ജ്ഞരെ മാത്രം അവർ തത്സമയം നടത്തുന്നു. നാം നമ്മേക്കാളും ബുദ്ധിമാന്മാരുടെ വാക്കുകളെ സദാ അനുസരിക്കണം. എന്നാൽ മനുഷ്യർ അവരുടെ സമബുദ്ധികളോടു് സമ്മേളനം ഉണ്ടാകുമ്പോൾ താന്താങ്ങളുടെ സ്വ ബുദ്ധിയെ കഴിയുന്നിടത്തോളം ഉപയോഗിക്കണം. ആരുതന്നെ വിരോധിച്ചാലും ഒരുത്തനും സ്വ മനസ്സാക്ഷിക്കു് വിരുദ്ധം ചെയ്യരുതു്.

# ൭. കാതറീന.

'പഡ്വൂവ' നഗരവാസിയായ 'ബാപ്റ്റിസ്റ്റാ' എന്ന ധനികന് രണ്ടു പുത്രികളുണ്ടായിരുന്നു. 'കാതറീന', 'ബിയാങ്കാ' എന്നീ സോദരികളുടെ മാതാവു" അവരുടെ ശൈശവത്തിൽതന്നെ പരഗതിയെ പ്രാപിച്ചതുകൊണ്ടു 'ബാപ്റ്റിസ്റ്റാ' അവരെ വളരെ ലാളിച്ചു വളൎത്തിയിരുന്നു. പ്രഥമതനൂജയായ 'കാതറീന' അന്യന്മാർ തന്റെ കീഴടങ്ങി തന്റെ കല്പനകളെ അനുസരിച്ചു് വൎത്തിക്കണമെന്നു സിദ്ധാന്തിച്ചുകൊണ്ടിരുന്നു. അവളുടെ ശാഠ്യശീലവും ക്ഷമയില്ലായ്മയും, നാവിന്റെ ദുശ്ശക്തിയും അവൾക്കു 'കടില' എന്ന ഒരു ദുഷ്പേരിനെ സമ്പാദനം ചെയ്തിരുന്നു. അവളുടെ അനുജത്തി 'ബിയാങ്കാ' വലിയ ബുദ്ധിശാലിനിയല്ലെങ്കിലും സുശീലയായിരുന്നു. ഇവളെ വിവാഹം ചെയ്വാൻ അനവധി യുവാക്കന്മാർ ഇച്ഛിച്ചു. 'കാതറീന'യെ വിവാഹം ചെയ്വാൻ ആൎക്കും ധൈൎയ്യമില്ലായിരുന്നു. ഈ സംഗതി അറിഞ്ഞിരുന്ന 'കാതറീന' സോദരിയെ അതി പരുഷമായി ആക്ഷേപിച്ചു തുടങ്ങി; അച്ഛൻ 'ബിയാങ്ക'യോടു് പക്ഷപാതമായി ദയാദാക്ഷിണ്യം പ്രകാശിപ്പിക്കുന്നു എന്നായിരുന്നു അവളുടെ ബോധം. എന്തുവിധമെങ്കിലും മൂത്ത പുത്രിക്കു് ഒരു വരനെ അന്വേഷിക്കാതെ ഇളയ കുമാരിയുടെ വിവാഹത്തിനു മുഹൂൎത്തം നിശ്ചയിക്കയില്ലെന്നു" 'ബാപ്ടിസ്റ്റും' ദൃഢമാക്കിയിരുന്നു.

'കാതറീനയ്ക്കു" 'കലഹിനി' എന്ന ദുഷ്പേരു" നാടെങ്ങും പരന്നിരുന്നതിനാൽ അതിനെ കണ്ണാകണ്ണികയാ അറിഞ്ഞിരുന്ന 'വെറോണ' നഗരസ്ഥനായ 'പെട്രൂച്ച്യോ' ഈ കന്യകയെ സ്വാധീനത്തിലാക്കി പരിണയം ചെയ്യുന്നതു് തന്നേ ഖ്യാതിയെന്നു" വിചാരിച്ചു് 'പഡ്വൂവ'യിൽ ആഗമിച്ചു. ഇയാൾ സരസനും, ദൃഢ-

ഗാത്രനും, മനോനിശ്ചയമുള്ളവനുമായിരുന്നു. 'ബാപ്റ്റിസ്റ്റാ'വിനോട് സ്ത്രീധനവും തീർച്ചയാക്കി; നേരേ 'കാതറീന'യെ സന്ദർശിച്ച് അവളോട് അതി പരിചയഭാവത്തോടും ലൌകികത്തോടും സംസാരിച്ചു. അതിനു അവൾ ദേഷ്യപ്പെട്ടതിനാൽ ഇവളെ വശീകരിക്കണമെന്ന് തീർച്ചയാക്കി. അവളുടെ സൌന്ദര്യത്തേയും ബുദ്ധിവിലാസത്തേയും വർണ്ണിച്ചുതുടങ്ങി:— "ചാരുശീലേ! മധുരഭാഷിണി! മനോജ്ഞേ! നിങ്ങളുടെ സുശീലവും മര്യാദയും ഞാൻ കേട്ടു നിങ്ങളേ വരിക്കാൻ 'ബാപ്റ്റിസ്റ്റാ'വിന്റെ അനുവാദം വാങ്ങിച്ചിരിക്കുന്നു. സ്ത്രീധനവും തീർച്ചയാക്കി. നിങ്ങൾ സമ്മതിച്ചാലും ഇല്ലെങ്കിലും നിങ്ങളെ എന്റെ പ്രിയതമയാക്കാൻ ഞാൻ നിശ്ചയിച്ചുകഴിഞ്ഞു." വിവരം അറിവാനായി അവിടെ വന്നുചേർന്ന 'ബാപ്റ്റിസ്റ്റാ'വിനോട് 'കാതറീന' തന്നെ ഭർത്താവായി സ്വീകരിച്ചിരിക്കുന്നുഎന്നും, തന്നെ അവൾ സന്തുഷ്ടനാക്കിയവിധം അവർണ്ണനീയമാണെന്നും സവിസ്തരം അയാൾ പറഞ്ഞതിനെ ശ്രവിച്ച 'കാതറീന' ഭ്രമിച്ച് മൌനം ആചരിച്ചു. പിതാവും ഇതുകണ്ട് ആനന്ദിച്ചു. വിവാഹത്തിന് ശുഭമുഹൂർത്തം അടുത്ത ഞായറാഴ്ചദിവസമാണെന്ന് വിജ്ഞാപനംചെയ്തു. ബന്ധുമിത്രങ്ങളെ ക്ഷണിപ്പാനും, സദ്യക്ക് വേണ്ടവിഭവങ്ങൾ സംഭരിപ്പാനും അപേക്ഷിച്ചിട്ട് വിവാഹമുഹൂർത്തത്തിന് വേണ്ട വസ്ത്രാഭരണങ്ങളെ ഉടനെ കൊണ്ടുവരാമെന്നുപറഞ്ഞ് 'വെനിസ്' പട്ടണത്തിലേക്കു പോയ 'പെട്രൂച്യോ' ഞായറാഴ്ച പുലർന്നിട്ടും വിവാഹത്തിനായി വന്ന് എത്താത്തതുകൊണ്ട് 'കാതറീന' വ്യസനിച്ച് ആഹാരാദികളെ ഉപേക്ഷിച്ചുതുടങ്ങി. സമയം ആകുന്തോറും അവൾക്ക് ഉൽക്കണ്ഠയും അനുരാഗവും വർദ്ധിച്ചു; ഓരോനിമിഷം ഓരോയുഗമായിതോന്നി; തന്നെ അയാൾ ഈവിധം പരിഹസിക്കയാണോഎന്ന് സംശയിച്ചിരുന്നു. വിവാഹത്തിനു നിശ്ചയിച്ചിരുന്ന സമയത്തു മലിന വസ്ത്രധാരിയായി 'പെട്രൂച്യോ' അവിടെ വന്നുചേർന്നു. 'കാതറീന' വരിക്കുന്നതു"

വിശേഷവസ്ത്രങ്ങളെയല്ലെന്നു തന്നെയാണെന്നു പറഞ്ഞിട്ടു് അയാൾ തന്റെ മുഷിഞ്ഞവസ്ത്രങ്ങളെ മാററിയില്ല. പള്ളിയിൽ വെച്ചായിരുന്നു വിവാഹം നടന്നതു്. ആചാര്യൻ 'പെട്രൂച്ച്യോ'വിനോടു "നിങ്ങൾക്കു അവളെ വരിക്കാൻ സമ്മതം തന്നെയോ?" എന്നു ചോദിച്ചതിനു "അതേ, ഞാൻ 'കാതറീന'യെ പാണിഗ്രഹണം ചെയ്വാൻ എപ്പോഴേ സമ്മതിച്ചുകഴിഞ്ഞു" എന്നു ഉച്ചത്തിൽ പറഞ്ഞപ്പോൾ ആചാര്യൻ ഞെട്ടി വിറക്കുകയും കയ്യിലിരുന്ന വേദപുസ്തകം നിലത്തു പതിക്കയും ചെയ്തു. അതിനെ എടുക്കാനായി കുനിഞ്ഞപ്പോൾ അയാളുടെ ശിരസ്സിൽ 'പെട്രൂച്ച്യോ' ഒന്നു പ്രഹരിച്ചു. ആചാര്യനും ഗ്രന്ഥവും മറിഞ്ഞു വീണു! ഇതു് കാണികളെയെല്ലാം ഭയപ്പെടുത്തി. പള്ളിയിൽനിന്നു ഭവനത്തിലെത്തിയപ്പോൾ "ഭക്ഷണവും വേണ്ട, പാനീയവും വേണ്ട" എന്നു പറഞ്ഞു ഉടൻ 'വെറോണ' പട്ടണത്തിലേയ്ക്കു ഭാര്യാസമേതനായി 'പെട്രൂച്ച്യോ' പ്രയാണം ചെയ്തു. അവർ ഗമിച്ച മാർഗ്ഗത്തിൽ അവൾക്കു അയാൾ ചെയ്ത ഉപദ്രവം കേവലം അസഹ്യമായിരുന്നു. വലഞ്ഞു ക്ഷീണിച്ചു വല്ലാവിധേനയും ഭർത്തൃഗൃഹത്തിൽ എത്തി. അവൾക്കു ആഹാരത്തിനും വിശ്രാന്തിക്കും ഇട കൊടുക്കരുതെന്നു കരുതി, പരിചാരിണി കൊണ്ടുവന്ന ഭക്ഷണസാധനങ്ങളെ — "അതിനു സ്വാദില്ല, ഇതിനു ലവണരസം കൂടിപ്പോയി" എന്നു ഓരോന്നിനും കുററം പറഞ്ഞു — പുറത്തെടുത്തെറിഞ്ഞു. ശയനഗൃഹം തീരെ നല്ലതല്ലെന്നു പറഞ്ഞു അവളെ ഒരു പീഠത്തിലിരുത്തി നിദ്രയ്ക്കു ഭംഗം വരുത്തി. തുന്നൽക്കാരൻ നല്ല പാവാട, റവുക്ക, മുതലായവ കൊണ്ടുവന്നാൽ അവയ്ക്കു ഓരോ കുററങ്ങൾ പറഞ്ഞു് അവയെ തിരസ്കരിക്കും. ഇപ്രകാരം പലവിധ ആഗ്രഹങ്ങളെ ഇവളിൽ അങ്കുരിപ്പിച്ചു് അവളെ നിരാശയാക്കിത്തീർത്തിട്ടു് തന്റെ ആജ്ഞകൾ അലംഘനീയങ്ങളാണെന്നു ഭാര്യയെ ധരിപ്പിച്ചു.

'ബിയാങ്കേ'യുടെ വിവാഹത്തിനു 'കാതറീന'യോടുകൂടി 'പെട്രൂച്ച്യോ' ശ്വശുരഗൃഹത്തിലെത്തി. അവരെ 'ബാപ്റ്റിസ്റ്റാ' സാ

നന്ദം സൽക്കരിച്ചു. 'ബിയാങ്ക' 'ലൂസൻഷ്യോ'വിനെ കല്യാണംചെയ്തു; ഇവളെ ആഗ്രഹിച്ചിരുന്ന 'ഹാട്ടെൻഷ്യോ' ഒരു വിധവയേ വിവാഹംചെയ്തു.

ഒരുദിവസം 'ലൂസൻഷ്യൊ', 'ഹാട്ടെൻഷ്യോ', 'പെട്രൂച്യൊ' എന്ന മൂന്നുപേരുംകൂടി സംസാരിച്ചുകൊണ്ടിരുന്നപ്പോൾ ഓരോരുത്തനും അവനവന്റെ കളത്രത്തെ ശ്ലാഘിപ്പാൻതുടങ്ങി. ഒടുവിൽ അതിനെ സംബന്ധിച്ചു് അവർ ഒരു പന്തയം ഇട്ടു. പ്രഥമമായി 'ബിയാങ്കയേ' അവിടെ വരുന്നതിന്നു് 'ലൂസൻഷ്യോ' ആളയച്ചു: "ഗൃഹകൃത്യാധിക്യത്താൽ ഇപ്പോൾ കുറെ അസൌകൎയ്യമായിരിക്കുന്നു" എന്നു് അവൾ പറഞ്ഞയച്ചു. രണ്ടാമത്തു് 'ഹാട്ടെൻഷ്യോ' തന്റെഭാൎയ്യയെ അത്രത്തോളം വരുവാൻഅപേക്ഷിച്ചതായി ഭൃത്യമുഖേന പറഞ്ഞയച്ചു. "എന്തോ. നേരംപോക്കിനാണു; എനിക്കു അങ്ങോട്ടു് വരാൻസൌകൎയ്യമില്ല. അത്യാവശ്യമാണെങ്കിൽ ഇങ്ങോട്ടുവരാമല്ലൊ?" എന്നു സ്വാമിനിയുടെ ഉത്തരംഅയാളേ ഭൃത്യൻഅറിയിച്ചു. 'പെട്രൂച്യോ' തന്റെ പരിചാരകനോടു് പറഞ്ഞു:—"നിന്റെ സ്വാമിനിയെ ഞാൻ ഇപ്പോൾതന്നെ ഇങ്ങോട്ടു് വരാൻഉത്തരവു് കൊടുത്തിരിക്കുന്നു എന്നുപറയൂ." ഭൃത്യൻപോയി അധികനേരംകഴിയുന്നതിന്നു് മുമ്പായി 'കാതറീന' സമേതനായി മടങ്ങിവന്നു. 'പെട്രൂച്യോ'വിന്നു പന്തയലാഭം സിദ്ധിച്ചു. 'ബാപ്റ്റിസ്റ്റാ' തന്റെ മകളുടെ സ്വഭാവഗുണം മാറിയതിൽ സന്തുഷ്ടനായി വീണ്ടും വളരേ സ്ത്രീധനം അവൾക്കു ദാനംചെയ്തു. തന്റെ നായകന്റെ കല്പനയനുസരിച്ചു് 'കാതറീന' മററ രണ്ടുസ്ത്രീകളുടെ ഉപകാരാൎത്ഥം "ഭാൎയ്യാധൎമ്മ"ത്തെപ്പററി സരസമായി പ്രസംഗിച്ചു:—

"നിങ്ങളുടെ ഭൎത്താക്കന്മാർ നിങ്ങളുടെ അധിപന്മാരാകുന്നു. നായകന്മാരെ കാണുമ്പോൾ മുഖപ്രസന്നതയോടിരിക്കണം. കോപാവിഷ്ടയായ സ്ത്രീ കലങ്ങിയ കുളത്തിലെ ജലംപോലെയാകുന്നു. കലങ്ങികിടക്കുന്ന ചെളിവെള്ളത്തിന്റെ ഒരു

തുള്ളിപോലും മനുഷ്യർ പാനം ചെയ്യുകയില്ല. മൃഗാദികൾകൂടി അതിനെ സ്പൎശിക്കയില്ല. നിങ്ങളുടെ ജീവനും ജീവരക്ഷകന്മാരും അവർതന്നേ. അവരുടെ ധൎമ്മം നിങ്ങൾക്കുവേണ്ടി പണിപ്പെട്ടെങ്കിലും ധനം സമ്പാദിച്ച് നിങ്ങളേ സംരക്ഷിക്കുന്നതാകുന്നു. അവൎക്ക് കീഴടങ്ങി മുഖപ്രസന്നതയോട് അവരേ സന്തോഷിപ്പിക്കുന്നതുതന്നെ നിങ്ങളുടെ കൎത്തവ്യകൎമ്മം. ഈ കൎമ്മത്തേ അനുഷ്ഠിക്കാതെ താന്തോന്നിത്തം കാണിക്കുമെങ്കിൽ അവൎക്ക് സന്ന്യസിച്ച് ഏകാന്തവാസികളായി കാലയാപനം ചെയ്യുന്നതുതന്നേസൎവോത്തമം”.

“കാൎയ്യേഷുദാസീ, കരണേഷുമന്ത്രീ
രൂപേഷുലക്ഷ്മീ, ക്ഷമയാധരിത്രീ ‖
സ്നേഹേഷുമാതാ, ശയനേഷുവേശ്യാ
ഷൾകൎമ്മനാരീ കുലധൎമ്മപത്നീ”.

ഈ കഥയുടെ സാരാൎത്ഥം എന്ത്? ബൃഹൽ ഗാത്രമുള്ള ഒരു ഗജത്തേ തന്റെ അധീനത്തിലാക്കുന്ന മൎത്ത്യന് ഒരു അബലയേ കീഴടക്കുന്നത് വലിയ പ്രയാസമാണോ? ഒരിക്കലുമല്ല.

# ൩. ഇമോജൻ.

'അഗസ്റ്റസ്‌സീസർ' 'റോമിലെ' ചക്രവത്തിയായിരുന്ന കാലത്തു ബ്രിട്ടൻ ദ്വീപിനെ ഭരിച്ചു പോന്നിരുന്ന 'സിംബലിനു' രണ്ടു കുമാരന്മാരും ഒരു കുമാരിയുമുണ്ടായിരുന്നു. പുത്രന്മാരുടെ ബാല്യകാലത്തിൽത്തന്നേ അവരെ ആരൊ കട്ടുകൊണ്ടുപോയി. ആരു കൊണ്ടുപോയെന്നും അവരുടെ കഥ എന്താണെന്നും അറിവില്ലായിരുന്നു. 'ഇമോജൻ' എന്ന രാജപുത്രി, പരേതനായ ഒരു യോധവരന്റെ തനയനും, ബാല്യം മുതൽക്കേ കോവിലകത്തിൽ തന്നെ വളൎന്നുവന്നിരുന്ന ഒരു പണ്ഡിതരത്നവുമായ 'പോസ്റ്റുമസ്' എന്നവനിൽ അനുരക്തയായി, രാജാവിനെ അറിയിക്കാതെ രഹസ്യമായി അയാളെ വിവാഹം ചെയ്തു. ഈ ഗാന്ധൎവ്വ വിവാഹം രാജാവിന്റെ ദ്വിതീയ മഹിഷിക്കു ഇച്ഛാഭംഗം വരുത്തി. സപത്നീജാതന്മാരായ പുത്രരെ കാണാഞ്ഞതുകൊണ്ടു് രാജാവിന്റെ മരണാനന്തരം രാജ്യാവകാശം 'ഇമോജനു' ലഭിക്കുമെന്നും അവളെ തന്റെ പ്രഥമ ഭർതൃപുത്രനായ 'ക്ലോട്ടൻ' എന്ന മൂഢാത്മാവിനു വിവാഹം ചെയ്യിച്ചാൽ രാജ്യം തന്റെ അധീനത്തിൽ ആക്കാമെന്നുമായിരുന്നു ഇവളുടെ ഉദ്ദേശ്യം. ഈ കഠോര അവളുടെ അഭിഗ്രഹ സാഫല്യത്തിനു വിഘ്നമുണ്ടായതു കൊണ്ടു് രാജാവിനെ പ്രേരിപ്പിച്ചു 'പോസ്റ്റുമസ്സി'നെ നാടുകടത്തിച്ചു; 'ഇമോജനെ' കൊട്ടാരത്തിൽനിന്നും പുറത്തിറങ്ങരുതെന്നു നിബന്ധനകൾ ചെയ്തു. ആജ്ഞാനുസരണം 'പോസ്റ്റുമസ്' ദേശാന്തരയാത്ര ചെയ്യാൻ പ്രയത്നിച്ചു. രാജാവിനു തനയയോടുള്ള ദ്വേഷം വർദ്ധിപ്പിക്കണമെന്നു കരുതി, ജാമാതാവിനു 'ഇമോജനോടു' യാത്ര പറയാൻ രാജ്ഞി ഒരു അവസരം ഉണ്ടാക്കികൊടുത്തു. അതിനെ കാണുവാൻ 'സിംബലിനെ' കൂട്ടിക്കൊണ്ടുപോയി; ദമ്പതികൾ പിരിഞ്ഞപ്പോൾ അവർ ആജീവനാന്തം അവരുടെ അന്യോന്യ

പ്രണയവും വിശ്വാസവും നിലനില്ക്കണമെന്നു പറഞ്ഞു. പ്രേമചിഹ്നമായി അവൾ ഒരു രത്നാംഗുലീയം അയാൾക്കു കൊടുത്തു ഒരു ഹസ്തകടകം അയാളിൽനിന്നു വാങ്ങിച്ചു ധരിക്കയും ചെയ്തു. നൃപനു കോപമുണ്ടായതു കണ്ടിട്ടു 'പോസ്തുമസ്' വിദേശവാസത്തിനായി തിരിച്ചു 'റോമി'ലെത്തി. 'ഇമോജൻ' ഏകാന്തവാസിനിയായി പിതൃഗൃഹത്തിൽ വിരഹതാപത്താൽ ദുഃഖിച്ചു വസിച്ചിരുന്നു.

'റോമാ'പുരിയിൽ ഒരുദിവസം നാനാദേശീയരായ യുവാക്കന്മാർ 'ഫിലാറിയോ'വിന്റെ ഭവനത്തിൽ ഒരു സംഘംകൂടി. അനേകവിഷയങ്ങളെപ്പറ്റി സംസാരിച്ചതിനിടയിൽ ഓരോരുത്തനും സ്വരാജ്യസ്ത്രീകളുടേയും, പ്രത്യേകിച്ചു തങ്ങളുടെ പത്നിമാരുടേയും ചാരിത്രശുദ്ധിയെപ്പറ്റി പ്രശംസിച്ചു തുടങ്ങി. ലോകൈകസുന്ദരിയായ തന്റെ 'ഇമോജൻ' അന്യസ്ത്രീകളെക്കാളും ഏറ്റവും ദൃഢമായ ഭർത്തൃസ്നേഹമുള്ള ഒരു ബുദ്ധിശാലിനിയും സന്മാർഗ്ഗചാരിണിയുമാണെന്നു 'പോസ്തുമസ്' നിശ്ശങ്കമായി ശപഥംചെയ്തു. 'റോമാ'ക്കാരനായ 'യാക്കിമോ' "അതു എനിക്കത്ര നിശ്ചയമില്ല" എന്നുപറഞ്ഞതിനെ കേട്ടിട്ടു അയാൾക്കു സ്മാരകചിഹ്നമായി പത്നികൊടുത്തിരുന്ന രത്നമോതിരത്തെ ഊരിപ്പന്തയംവച്ചു. "നിങ്ങൾ പന്തയത്തിൽ തോല്ക്കുകയാണെങ്കിൽ എനിക്കു പതിനായിരം പവൻ തരണം" എന്നു 'പോസ്തുമസ്' ചൊല്ലിയതിനെ സമ്മതിച്ചു 'യാക്കിമൊ' ബ്രിട്ടനിലേയ്ക്കു പുറപ്പെട്ടു രാജഭവനത്തിൽ വന്നുചേന്നു. 'പോസ്തുമസ്' അയച്ചിരുന്ന ലേഖനത്തെ 'ഇമോജനു' കൊടുത്തു. അവൾ അയാളെ യഥായോഗ്യം സൽക്കരിച്ചു. അനന്തരം ഭർത്താവിനെ അധിക്ഷേപിച്ചു തന്നെ വശ്യമാക്കാൻ അയാൾ പ്രയത്നിച്ചതിനെകണ്ടു അയാളെ നിന്ദിച്ചു തുടങ്ങി. "ഭവതിയുടെ പതിവ്രതാനിഷ്ഠയെ പരീക്ഷിച്ചതല്ലാതെ ഭവതിയ്ക്കു ചാരിത്രദോഷം വരുത്താനല്ല ഞാൻ ശ്രമിച്ചതു" എന്നു പറഞ്ഞു അയാൾ ക്ഷമാപണംചെയ്തു.

വിന്നിട്ട 'യാക്കിമൊ' ഒരു ചതിവു പ്രയോഗിച്ചു. "റോമിലെ ചക്രവർത്തിക്ക് കാഴ്ചവെക്കാൻ ചില രത്നങ്ങളെ ഞാൻ ഈ പെട്ടിയിൽ വച്ചിരിക്കുന്നു. ഞാൻ ഈ ദിക്കിലിരിക്കുന്ന കാലമത്രയും ഇവിടെ ഇതു ഭദ്രമായി സൂക്ഷിക്കണം" എന്നു 'യാക്കിമൊ' 'ഇമോജനോട്' അപേക്ഷിച്ചതിൽ, അവൾ അതിനു സമ്മതിച്ചു. ആ പെട്ടകത്തിൽ താൻതന്നെ ഒളിച്ചിരുന്നു, അതിനെ അവളുടെ ശയനഗൃഹത്തിൽ വയ്പിച്ചു. 'ഇമോജൻ' സുഖസുഷുപ്തിയിലായപ്പോൾ യാക്കിമൊ പെട്ടിയിൽനിന്നും പുറത്തിറങ്ങി മാർജ്ജാരനെന്നപോലെ സാവധാനത്തിൽ 'ഇമോജന്റെ' സമീപത്തു ചെന്നു അവളുടെ ഇടത്തു പയോധരത്തിലുള്ള ഒരു മറുവിനെ കണ്ടു. അവളുടെ കൈവളയെ തിരുക്കി എടുത്തു നിശ്ശബ്ദമായി പെട്ടകത്തിൽ പതുങ്ങിയിരുന്നു, പിറ്റേദിവസം അരുണോദയത്തിൽ പെട്ടിയെ വെളിയിൽ കടത്തിച്ചു, സ്വദേശത്തിലേക്കു തിരിച്ചു.

റോമാനഗരത്തിലെത്തി 'പോസ്തുമസ്സി'നെ കണ്ടു അയാളുടെ ഭാര്യ അയാൾ ധരിച്ചിരിക്കുന്നതുപോലെ കുലസ്ത്രീ അല്ലെന്നു പറഞ്ഞു അവളുടെ കടകത്തെ അയാൾക്കു കൊടുത്തു അവൾക്കുള്ള മറുവിനേയും വർണ്ണിച്ചു. 'പോസ്തുമസ്സ്' "നിങ്ങൾ പന്തയത്തിൽ ജയിച്ചിരിക്കുന്നു" എന്നു പറഞ്ഞു ആ രത്നാംഗുലീയത്തെ 'യാക്കിമൊ'വിനു കൊടുത്തു, തന്റെ ഭാര്യ പാതിവ്രത്യധർമ്മത്തെ ത്യജിച്ചിരിക്കുന്നല്ലൊ എന്നുള്ള ക്രോധാവേശത്താൽ പരവശനായിത്തീർന്നു; താൻ 'മിൽഫോർഡ്' തുറമുഖത്തിൽ വന്നിറങ്ങാൻ പോകുന്നു എന്നു 'ഇമോജനോട്' പറഞ്ഞു അവിടെ കൂട്ടിക്കൊണ്ടു വരുന്ന വഴിയിൽ അവളെ കൊല ചെയ്യണമെന്നു തന്റെ വിശ്വസ്തസ്നേഹിതനും അവളുടെ തവണക്കാരനുമായ 'ബ്രിട്ടണി'ലിരുന്ന 'പിസാനിയൊ'വിനു 'പോസ്തുമസ്സ്' ഒരു കത്തയച്ചു. യജമാനന്റെ ആജ്ഞാനുസരണം 'പിസാനിയൊ' 'ഇമോജനെ' തുറമുഖത്തു കൂട്ടിക്കൊണ്ടുചെന്നു അദ്ദേഹത്തിന്റെ ലേഖനത്തെ കാണിച്ചു, "ഭവതിയെപ്പറ്റിയുള്ള അപവാദത്തെ ഞാൻ ഒട്ടും വിശ്വസിക്കുന്നില്ല; നിങ്ങൾ അനുഭവിച്ചു

വരുന്ന സങ്കടങ്ങളെ ഏതുവിധേന എങ്കിലും നിവൎത്തിപ്പിക്കണമെന്നു് ഞാൻ ചിന്തിച്ചിരിക്കുമ്പോഴാണു് നിങ്ങളുടെ പ്രാണനായകന്റെ എഴുത്തു് കിട്ടിയതു്; അതിൽ പറഞ്ഞിരിക്കുന്നതുപോലെ നിങ്ങളെ തുറമുഖത്തു് എത്തിച്ചിരിക്കുന്നു. നിങ്ങളെ ഞാൻ വധിക്കുന്നില്ല. നഷ്ടപ്പെട്ടവൻ ഏകമാത്രമേയുള്ളൂ. സഞ്ചാരസൌകൎയ്യത്തിനായിട്ടും ജീവരക്ഷക്കായിട്ടും നിങ്ങൾ ഒരു ബാലന്റെ വേഷം ധരിച്ചു്, നമ്മുടെ രാജാവായ 'സിംബെലി'ൽനിന്നും കപ്പം വാങ്ങിക്കാൻ ആഗമിച്ചിരിക്കുന്ന 'റോമിലെ' ദൂതനായ 'ലൂസിയസ്' എന്നവന്റെ ഭൃത്യനായിത്തീരണം. ഞാൻ ഇവിടെ വന്നു് ഒട്ടേറെ നേരമായി. നിങ്ങളെ കാണാഞ്ഞന്വേഷിക്കുമ്പോൾ ഞാനും ഹാജരില്ലാതിരിക്കുമെങ്കിൽ രാജാവിനു് എന്നിൽകൂടി സന്ദേഹം ജനിക്കും. അതിനവസരം ഉണ്ടാക്കാതെ ഞാൻ കൊട്ടാരത്തിലേക്കു് തിരിച്ചു് പോകുന്നു" എന്നു പറഞ്ഞു് സ്വാമിനിയോടു യാത്ര പറഞ്ഞുകൊണ്ടു് 'പിസാനിയോ' മടങ്ങി.

'ഇമോജൻ' ഏകാകിനിയായി ഗതാഗതത്തിനുള്ള മാൎഗ്ഗമറിയാതെ ബുദ്ധിമുട്ടി, ഒടുവിൽ ഒരു ഗുഹാസമീപം ചെന്നു് ക്ഷുൽപിപാസാനിവൃത്തിക്കായി അതിൽ കടന്നു അവിടെ കിട്ടിയതിനെ ഭുജിച്ചു കൊണ്ടിരുന്നപ്പോൾ മൂന്നു പുരുഷന്മാർ ആ ഗുഹയിൽ പ്രവേശിച്ചതു കണ്ടു് അവർ അകാരണമായി രാജദ്രോഹക്കുറ്റം ചുമത്തപ്പെട്ടിരുന്ന 'ബെലേറിയസ്' എന്ന പ്രഭുവും തന്നിമിത്തം അയാളാൽ കട്ടുകൊണ്ടുപോകപ്പെട്ടവരും അയാളാൽ തന്നെ രക്ഷിക്കപ്പെട്ടവരുമായ 'ഇമോജന്റെ' കനിഷ്ഠസോദരന്മാരുമായിരുന്നു. അവരെ കണ്ട മാത്രയിൽ, "അഗതിക്കു് സഹായം സൎവ്വേശ്വരൻതന്നെ! പരമകാരുണ്യമൂൎത്തിയുടെ വൈഭവത്താൽ അപ്രതീക്ഷിതമായതുകൂടി പ്രത്യക്ഷീഭവിക്കും" എന്നു പറഞ്ഞു് അവൾ സചരാചരങ്ങൾക്കും സൃഷ്ടികൎത്താവായ ദൈവത്തെ സ്തുതിച്ചു. ആ മൂന്നുപേരും പുരുഷവേഷധാരിണിയായ ആ യുവതിയെക്കണ്ടു സന്തോഷിച്ചു്, അവർ നായാട്ടിൽനിന്നും ശേഖരി

ച്ചുകൊണ്ടുവന്നിരുന്ന മാംസാദികളെ കൊടുത്തു് അവൾക്കു് വിശ്രാന്തിവരുത്തിച്ചു. അവർ പുറത്തിറങ്ങിയപ്പോൾ, തന്റെ കൈവശമുണ്ടായിരുന്ന ഒരു ഗുളികയെ അവൾ സേവിച്ചു് മോഹാലസ്യപ്പെട്ടു് ആ ഗുഹയിൽത്തന്നെ കിടന്നു. 'ഇമോജനെ' അന്വേഷിച്ചു് 'പോസ്ത്തുമസ്സി'ന്റെ വേഷം ധരിച്ചുവന്നിരുന്ന 'ക്ലോട്ട'നെ യദൃച്ഛയാ കണ്ടു്, തങ്ങളെ അന്വേഷിച്ചുവന്നിരിക്കയാണോ എന്നു് സംശയിച്ചു് ആ മൂന്നു പുരുഷന്മാരിലൊരുത്തൻ അയാളെ ശിരഃഛേദം ചെയ്തു. വെട്ടിമുറിച്ച തലയെ സമീപത്തിൽ പ്രവഹിച്ചുകൊണ്ടിരുന്ന ഒരു കുല്യയിലെറിഞ്ഞു. അവർ ഗുഹയിൽ വന്നപ്പോൾ അവരുടെ അതിഥി മൂൎഛപ്പെട്ടു് കിടന്നതിനെക്കണ്ടു് അവൾ പരേതയായെന്നുവിചാരിച്ചു് അവളെ കുസുമ ലതാദികളാൽ മറവുചെയ്തു് അവളുടെ സമീപത്തു് 'ക്ലോട്ടന്റെ' കബന്ധത്തെ ഇട്ടിരുന്നു. അവൾ മോഹാലസ്യം തീൎന്നപ്പോൾ തന്റെ നായകന്റെ വേഷം ധരിച്ചിരുന്ന ശരീരത്തെക്കണ്ടിട്ടു് വീണ്ടും മയങ്ങി മൂൎഛിച്ചു് ആ കബന്ധത്തിന്റെ മീതെ വീണു. ഈ വിധം കിടന്ന 'ഇമോജനെ' 'റോമിലെ' ദൂതൻ ദൎശിച്ചു്, അവളുടെ നാമധേയം, തൽക്കാലാവസ്ഥയുടെ കാരണം, മുതലായവയെ അറിഞ്ഞു്, അവളിൽ ആൎദ്രതതോന്നി, അവളെ തന്റെ സേവാവൃത്തിക്കു് നിയമിച്ചു.

'റോമിലെ' സൈന്യങ്ങൾക്കും 'ബ്രിട്ടൻ'കാൎക്കും തമ്മിൽ ഒരു സംഗരമുണ്ടായി. 'റോമാ' സേനയിൽ ഒരു ഭടനായി വന്നിരുന്ന 'പോസ്ത്തുമസ്' സ്വദേശാഭിമാനത്താൽ 'ബ്രിട്ടനി'ലെ ഒരു കൎഷകന്റെ വേഷം ധരിച്ചു് 'റോമാ'ക്കാരെ അപജയപ്പെടുത്തി. 'ബ്രിട്ടൻ'കാൎക്കു് സഹായികളായി ആ ഗുഹാവാസികളായ മൂന്നു പേരും യുദ്ധംചെയ്തു. 'റോമാനി'യ ഭടന്റെ വസ്ത്രാദികൾ അണിഞ്ഞിരുന്നതിനാൽ 'പോസ്ത്തുമസ്സി'നെ ശത്രുവാണെന്നു ധരിച്ചു് 'റോമിലെ' സേനാധിപത്യം വഹിച്ചിരുന്ന 'ലൂസിയസ്സിന്റെ'കൂടെ തടവുകാരനായി 'സിംബെലിന്റെ' സന്നിധിയിൽ ആനയിച്ചു.

ആ സന്ദർഭത്തിൽ രാജമഹിഷി നാടുനീങ്ങിയതായി വൎത്തമാനം അറിഞ്ഞു. അവളുടെ ദുരാലോചനകളും ദുഷ്കൎമ്മങ്ങളും എല്ലാവൎക്കും വെളിവായി. ചെറുപ്പകാലത്തിൽത്തന്നേ മോഷണം ചെയ്യപ്പെട്ടിരുന്ന ആ രാജകുമാരന്മാരുടെ ചരിത്രം 'ബിലാറിയസ്' രാജാവിനെ അറിയിച്ചു. 'ലൂസിയസ്' തന്നെ വധിക്കുന്നതിൽ തനിക്കു ലേശംപോലും വ്യസനമില്ലെന്നും നിരപരാധിയായ തന്റെ സേവകൻ 'ഫെഡാലിയെ' (വാസ്തവത്തിൽ 'ഇമോജൻ' എന്ന രാജകുമാരിയെ) രക്ഷിക്കണമെന്നും 'സിംബലി'നോടു യാചിച്ചു. ഈ അപേക്ഷയെ സ്വീകരിച്ചു 'ഇമോജനി'ൽ കൃപാകടാക്ഷമുണ്ടായി രാജാവു് "നിനക്കു വേണ്ടതിനെ ചോദിക്കാം" എന്നു അവളോടു കല്പിച്ചു. "ഈ നിൽക്കുന്ന 'റോമാ' ഭടന്റെ ('യാക്കിമോ'വിന്റെ) വിരലിൽ ഇട്ടിരിക്കുന്ന മോതിരം അയാൾക്കു് എങ്ങനെ ലബ്ധമായി എന്നറിവാൻ ഞാൻ ആഗ്രഹിക്കുന്നു" എന്നു അവൾ പറഞ്ഞു. 'യാക്കിമൊ' താൻ ചെയ്ത കപടകൃത്യങ്ങൾ ഓരോന്നിനേയും സവിസ്തരം പറഞ്ഞു. 'ഇമോജ'ന്റെ തത്വം വെളിവായി. 'യാക്കിമൊ', 'ബിലാറിയസ്', 'ലൂസിയസ്' എന്നവൎക്കെല്ലാം രാജാവു് മാപ്പു് കൊടുത്തു. 'ഇമോജനും' 'പോസ്തുമസ്സും' പണ്ടത്തേക്കാളും അത്യന്തപ്രേമമുള്ളവരായി ദാമ്പത്യസുഖാനുഭൂതിക്കു് ഭാജനങ്ങളായിതീൎന്നു.

സ്ത്രീജനങ്ങൾ എളുപ്പത്തിൽ വഞ്ചിക്കപ്പെടുമെങ്കിലും അവർ പതിവ്രതകളായാൽ ഈശ്വരാനുഗ്രഹംകൊണ്ടു് അപവാദത്തിനും അപമാനത്തിനും പാത്രീഭവിക്കയില്ല.

# ൭. വയോലാ.

‘സിബാസ്റ്റിയ’നും അയാളുടെ സോദരി ‘വയോലയും’ ഏകസമയത്തു ജനിച്ച യമള ജാതന്മാരായിരുന്നു. ജനനം മുതൽക്കെ അവൎക്കു് പരസ്പര സാദൃശ്യം ഒട്ടധികമുണ്ടായിരുന്നു. വസ്ത്രധാരണഭേദംകൊണ്ടുമാത്രമേ അന്യന്മൎക്കു അവരെ തിരിച്ചറിവാൻ ഇടയുണ്ടായിരുന്നുള്ളു. ഒരിക്കൽ അവർ രണ്ടുപേരും കപ്പൽയാത്ര ചെയ്യുമ്പോൾ അവർ കയറിയിരുന്ന കപ്പൽ ഒരു കൊടുങ്കാറ്റിൽ അകപ്പെട്ടു് സമുദ്രത്തിൽ നിമഗ്നമായിക്കിടന്ന ഒരു പാറയിൽ തട്ടിമുങ്ങിപ്പോയി. കപ്പിത്താനും മററു കപ്പൽക്കാരും ചില യാത്രക്കാരും സമുദ്രത്തിൽ വീണു മരിക്കാതെ ഒരു തോണിയിൽ കയറി ‘ഇലിരിയ’ ദേശത്തെത്തി രക്ഷപ്പെട്ടതിൽ ‘വയോല’ക്കൂടിയുണ്ടായിരുന്നു. ആ വിദേശവാസത്തിൽ നിരവലംബയായ ആ തരുണി ഒരു പുരുഷവേഷം ധരിച്ചു് ‘സിസാറിയോ’ എന്ന അപരനാമത്തോടുകൂടി ആ ദിക്കിലെ പ്രഭുവായ ‘ആർസീനോ’വിന്റെ ഭൃത്യനായി ചെന്നുചേൎന്നു. കോമളനായ ‘സിസാറിയോ’വിൽ വളരെ വിശ്വാസംതോന്നി, ആ പ്രഭു താൻ കാമിച്ചിരുന്ന ‘ഒലിവിയ’യോടു് തന്റെ പ്രേമാധിക്യത്തെ അറിയിക്കുന്നതിനു ദൂതനായി നിയമിച്ചു. ‘ഒലിവിയ’യുടെ അച്ഛനും ജ്യേഷ്ഠനും പരലോകപ്രാപ്തരായ ദിവസം മുതൽ സപ്ത സംവത്സരകാലം പുരുഷന്മാരുടെ മുഖാവലോകനംകൂടാതെ ഒരു നിൎജ്ജനസ്ഥലത്തിൽ ഏകാകിനിയായി താമസിക്കണമെന്നു് ഉള്ള ഒരു വ്രതത്തെ അവൾ അനുഷ്ഠിക്കാൻ ആരംഭിച്ചിരുന്നു.

സ്ത്രീപുരുഷന്മാരുടെ അനുരാഗാദിവിഷയങ്ങളിൽ ദൗത്യം വഹിക്കുന്നതു് യുവതികൾക്കു് പരമസങ്കടംതന്നെ. ‘ഒലിവിയ’യെ കാമിച്ച ആ പ്രഭു എത്രമാത്രം അനുരാഗപരവശനായി പരിതപിച്ചോ അത്രത്തോളം പുരുഷവേഷധാരിണിയായ ‘വയോല’

യും ഈ പ്രഭുവിനെ സ്നേഹിച്ചു് ദുഃഖിച്ചു. 'ആർസീനോ':—"സ്ത്രീകൾ പുരുഷന്മാരെപ്പോലെ ദൃഢപ്രേമമുള്ളവരല്ല. ഞാൻ 'ഒലിവിയ'യെ എത്രത്തോളം സ്നേഹിക്കുന്നുവൊ അതിൽ ശതാംശം സ്ത്രീകൾ അവരുടെ ഭർത്താക്കന്മാരെ സ്നേഹിക്കുമെങ്കിൽ ആ പുരുഷന്മാർ വലിയഭാഗ്യശാലികൾതന്നെ" എന്നുപറഞ്ഞു. 'സിസാറിയൊ':— "നമ്മെപ്പോലെതന്നെ സ്ത്രീകളും ദൃഢപ്രേമമുള്ളവരാകുന്നു. എന്റെ അച്ഛന് ഒരു പുത്രിയുണ്ടായിരുന്നു. ഞാൻ ഒരു സ്ത്രീയായിരുന്നാൽ അങ്ങേ ഏതുവിധം കാമിക്കുമൊ അതുപോലെ അവളും ഒരു പുരുഷനെ കാമിച്ചിരുന്നു. പ്രഭു:— "അവളുടെകഥ എങ്ങനെഅവസാനിച്ചു?" എന്നുചോദിച്ചതിന് അവൾ ഉത്തരമൊന്നും പറഞ്ഞില്ല.

അനന്തരം 'സിസാറിയൊ' പ്രഭുവിന്റെ ദൂതനായി 'ഒലിവിയ'യുടെ ഭവനത്തിൽഎത്തി അവളോടു് തന്റെയജമാനന്റെ മനോരഥത്തെപ്പററി ഇപ്രകാരംപറഞ്ഞു:—"ആർസീനോ ഭവതിയെപ്പററിചിന്തിച്ചു് നെടുവീർപ്പിട്ടു് ദുഃഖിക്കുന്നു. അല്പദിവസംകൂടെ ഈവിധം കഴിയുന്നതായാൽ ഭവതിയുടെ പ്രതിമയുണ്ടാക്കി ഒരു ക്ഷേത്രത്തിൽ പ്രതിഷ്ഠിച്ചു് ആരാധിക്കുമൊഎന്നുകൂടി ഞാൻ സംശയിക്കുന്നു. അദ്ദേഹത്തിന്റെ പ്രേമാധിക്യം നിങ്ങൾശരിയായിഅറിയുന്നപക്ഷം നിങ്ങൾ ദേവലോകത്തെരംഭയായിട്ടൊ രതിദേവിയായിട്ടൊ അല്ല, സുന്ദരീകുലമൌലീരത്നമായിത്തന്നെയൊ ജനിച്ചിരുന്നാൽകൂടിഅദ്ദേഹത്തിന്റെ അനുരാഗത്തെ സ്വീകരിച്ചു് അദ്ദേഹത്തെവിവാഹംചെയ്യേതീരു". ഈ വാദംകൊണ്ടൊന്നും കാൎയ്യസിദ്ധിയുണ്ടാകാത്തതുകൊണ്ടു് 'ഒലിവിയ'യും ഒരു 'രൂപിണിയായ കഠോര' എന്നു് നാമധേയം കല്പിച്ചു് 'സിസാറിയോ' യജമാനന്റെഗൃഹത്തിലേയ്ക്കു്പോന്നു.

'സിസാറിയോ' വിനെകണ്ടമാത്രയിൽ അയാളിൽ അനുരാഗം തോന്നിയിരുന്ന 'ഒലിവിയാ' അയാൾപോയഉടനെ അയാളുടെ രൂപഗുണത്തെ വർണ്ണിച്ചു് വിസ്മയിച്ചുതുടങ്ങി. 'സിസാറിയോ'

വിനേ പുരുഷനാണെന്ന് ധരിച്ച് തന്റെ പ്രേമസൂചകമായിരുന്ന രത്നമോതിരം തന്റെ ഭൃത്യൻവശം അയാൾക്ക് കൊടുത്തയച്ചു. ഇതുകൊണ്ട് 'ഒലിവിയാ' തന്നേകാമിച്ചുതുടങ്ങിഎന്നു 'സിസാറിയോ' വിന് തീർച്ചയായി. 'ആർസീനോ'വിനു വേണ്ടി 'സിസാറിയോ 'രണ്ടാമതു് 'ഒലിവിയ'യുടെ ഭവനത്തിൽ വന്നപ്പോൾ, യുവതികൾക്കു് പ്രധാനഭൂഷണമായി ഗണിക്കപ്പെട്ടിരിക്കുന്ന നാണം അഥവാ ലജ്ജാഭാവം എന്ന ഗുണത്തേ ത്യജിച്ച് അയാളോട് താൻ അയാളെ വിവാഹംചെയ്യാൻ ആഗ്രഹിക്കുന്നുവെന്ന് 'ഒലിവിയാ' തുറന്ന് പറഞ്ഞതിനെകേട്ട് ആ സ്ഥലത്തിൽ പാദസ്പർശനം ചെയ്കയില്ല എന്ന് സരോഷം സത്യംചെയ്തു 'സിസാറിയോ' പുറത്തോടികളഞ്ഞു. വാസ്തവം ഉണർത്തിച്ചാൽ അവളുടെ ആഗ്രഹനാശമുണ്ടാകുമെന്നും പ്രഭുവിന്റെ മനോഗതവും മാറിത്തുടങ്ങുമെന്നും കരുതി താൻ യഥാർത്ഥത്തിൽ സ്ത്രീയാണെന്ന വിവരം ആരേയും അറിയിച്ചില്ല.

'സിബാസ്റ്റിയ'നും വേറെ ചില കപ്പൽക്കാരുടെ സഹായത്താൽ ആ നഗരത്തിൽതന്നേ വന്നെത്തിയിരുന്നു. ഒരു ദിവസം വീഥിയിൽ വച്ചുണ്ടായ ഒരു ശണ്ഠയിൽ 'ഒലിവിയ'യേ ഇച്ഛിച്ചിരുന്ന ഒരുത്തൻ 'സിസാറിയോ'വിനേ അവൾ കാമിച്ചിരുന്നു എന്നറിഞ്ഞതിനാൽ 'സിബാസ്റ്റിയ'നേ 'സിസാറിയോ'വാണെന്നു് തെററിധരിച്ച് നല്ലവണ്ണം പ്രഹരിച്ചു. 'ഒലിവിയ'യും അതുപോലെതന്നെ തെററിധരിച്ച് ആ ശണ്ഠയിൽനിന്നും 'സിബാസ്റ്റി'യനേ രക്ഷിച്ച് സ്വ ഗൃഹത്തിൽകൊണ്ടുചെന്നു് ഗുഹ്യമായി വച്ചിരുന്നു. 'സിബാസ്റ്റിയൻ' ഈ സ്ത്രീയുടെ ഔദാര്യാദി സൽഗുണങ്ങളെകണ്ടു് വിസ്മയിച്ചുതുടങ്ങി. അയാൾ 'ഒലിവിയ'യുടെ വാക്കുകളിൽനിന്നും തന്റെ സഹോദരിയെ ('സിസാറിയോ'വെന്ന പുരുഷനാമമുള്ള 'വയോല'യെ)താനെന്നു് ധരിച്ചാണു് അവൾഈ സഹായം ചെയ്തതെന്നു മനസ്സിലാക്കി; അവളുടെ പ്രണയത്തേ സ്വീകരിച്ച് അവളെ വിവാഹംചെയ്തു. ഈ വിവാഹത്തെപ്പറ്റി അറിവു കിട്ടിയിരുന്ന 'ആർസീനോ' തന്റെ ദൂത്യം വഹിച്ച 'സിസാ

റീയാ' എന്ന ഭൃത്യൻ സ്വാമിദ്രോഹം ചെയ്തു്, താൻ കാമിച്ചിരുന്ന സ്ത്രീയെ വേട്ടിരിക്കുന്നു എന്നു ധരിച്ചതിനാൽ അയാളെ നിന്ദിക്കാൻ ആരംഭിച്ചു. ഒടുക്കം 'സിസാറിയോ' എന്ന പുരുഷനാമം ധരിച്ചിരുന്നതു് വാസ്തവത്തിൽ സ്ത്രീയാണെന്നു് മനസ്സിലായപ്പോൾ അവർ തമ്മിൽ മുമ്പു നടന്ന സംഭാഷണമെല്ലാം അവൾ പ്രസംഗിച്ച വാർത്തകളെ സ്മരിച്ചിട്ടു് അവളുടെ ക്ഷമാശീലമറിഞ്ഞു് ശ്ലാഘിച്ചു് അവളെത്തന്നെ തന്റെ പ്രിയപത്നിയായി സ്വീകരിച്ചു.

ഇതിൽനിന്നും നമുക്കു് പഠിക്കാവുന്ന തത്വം എന്താണു്? രൂപസാദൃശ്യത്താൽ ഒരുത്തനെ മറ്റൊരുത്തനായി ഗണിക്കാനിടയുണ്ടു്. ആ സന്ദർഭങ്ങളിൽ ധൈര്യത്തെയും ക്ഷമയെയും ഉപേക്ഷിക്കരുതു്. പരസ്പരാനുരാഗമുള്ളവർ സമ്മുഖ സന്ദർശനംകൊണ്ടും സല്ലാപംകൊണ്ടും അറിയുന്നില്ലെങ്കിൽ അവരുടെ പ്രേമം ദൃഢീകരിക്കപ്പെടുകയില്ല. ഇതിനു് മാദ്ധ്യസ്ഥമോ പ്രാതിനിധ്യമോ പാടില്ല. വിവാഹാദി വിഷയങ്ങളിൽ അന്യന്മാരെ വിശ്വസിക്കുന്നതു് ദോഷപ്രദമായി തീരുകയേ ഉള്ളൂ.

## ൫. ഹെമ്മിയോന.

'സിസിലി' ദ്വീപിലെ രാജാവായ 'ലിയാൻറിസ്സും' രൂപവതിയായ 'ഹെർമ്മിയോൻ' രാജ്ഞിയും ഒരിക്കൽ എത്രയും രമ്യമായി വസിച്ചിരുന്നു. രാജാവിന്റെ ബാല്യസ്നേഹിതനും സഹപാഠിയുമായ 'പാലിക്സിനസ്' 'ബൊഹിമിയാ' വിലെ നൃപനായിരുന്നു. രണ്ടുപേരും മകുടധാരികളായതിന്റെശേഷം കുറെവത്സരങ്ങളായി അനവധി എഴുത്തുകുത്തുകളും സമ്മാനദാനങ്ങളും അവർതമ്മിൽ ഉണ്ടായിരുന്നിട്ടും അവക്ക് സന്ദർശനത്തിനിടയുണ്ടായില്ല. കുട്ടിക്കാലത്തെ സഖ്യം ഹേതുവായിട്ട് 'സിസിലി'യിലെ രാജാവ് തന്റെ അതിഥിയായി കൊട്ടാരത്തിൽകൂടെ താമസിക്കുന്നതിന് പത്ത്പന്ത്രണ്ട് തവണ ക്ഷണിച്ചതിനാൽ 'ബോഹിമിയാ'യിലെ രാജാവ് അവിടെ ചെന്ന് ആറുമാസകാലംവരെ താമസിച്ചു. ഭർത്താവിന്റെ സ്നേഹിതനായ 'പാലിക്സിനസ്സി'ന് വേണ്ടഉപചാരസഹിതം 'ഹെർമ്മിയോൻ' ദിവസംപ്രതി നവനവങ്ങളായ നാനാവിധ ഭോജ്യങ്ങളെക്കൊണ്ട് വിരുന്നുചെയ്തു അദ്ദേഹത്തെ സംതൃപ്തനാക്കി. രാജ്യകാര്യാന്വേഷണത്തിന് തടസ്ഥങ്ങൾ സംഭവിക്കുന്നുവെന്ന് സ്വദേശത്തിൽനിന്നും അനേകം എഴുത്തുകൾ കിട്ടിയതിനാൽ തന്റെ സഖാവ് ഏതാനും ദിവസങ്ങൾകൂടെ താമസിച്ചുപോകാമെന്ന് അപേക്ഷിച്ചിട്ടും 'ബൊഹിമിയാ' രാജാവ് സ്വരാജ്യത്തിലേക്കു ഗമിക്കാൻ ഒരുമ്പെട്ടു. ഭർത്താവിന്റെ ആവശ്യത്തിൻപ്രകാരം ആതിഥേയത്തിന് അനുസരണമായി 'ഹെർമ്മിയോൻ' അദ്ദേഹത്തിനോ ഒന്നുരണ്ടു വാരംകൂടി താമസിച്ചേച്ചുപോകാവു എന്ന് സാദരം അപേക്ഷിച്ചു. സ്ത്രീകളുടെ അഭിലാഷങ്ങൾക്ക് പിശാചങ്ങൾകൂടി ഇണങ്ങിപ്പോകുമല്ലോ? സുന്ദരഗാത്രിയും സുശീലയുമായ രാജമഹിഷിയുടെ വാക്കുകളെ നിരാകരിക്കാൻ ശക്തനാകാതെ 'പാലിക്സിനസ്' കുറെദിവസംകൂടി അവിടെ താമസിച്ചു.

സന്മാൎഗ്ഗത്തിന്റെ പരമകാഷ്ഠയെ അവലംബിച്ചിരുന്ന തന്റെ പത്നിയെക്കുറിച്ചു 'ലിയാൻറിസ്' സന്ദേഹിച്ചുതുടങ്ങി. മനോഗതം തെററിയാൽ സൽക്കൎമ്മങ്ങളും ദുഷ്കൎമ്മങ്ങളായിതോന്നും. തന്റെ പ്രഭുക്കളിലൊരുത്തനായ 'കാമില്ലോ'വിനെ വരുത്തി അതിഥിക്കു വിഷംകൊടുത്തുകൊല്ലുവാൻ കല്പിച്ചു. "രാജ്ഞിയുടെ ഗുണങ്ങൾ കല്പിച്ചറിയണം; ഇങ്ങനെ തിരുവുള്ളത്തിൽ തോന്നുന്നതു് അന്യായമാണു്. രാജമഹിഷിയെപ്പററി ഇവിടത്തേക്കു ജനിച്ചിരിക്കുന്ന ശങ്ക അകാരണമായിട്ടുള്ളതാകുന്നു" എന്നു 'കാമില്ലോ' പറഞ്ഞുംവച്ചു് അതിഥിയോടു് മഹാരാജാവിന്റെ കപടചിന്തയെ അറിയിച്ചു് രണ്ടുപേരുംകൂടി 'ലിയാൻറിസ്സിനോടു്' യാത്രചോദിക്കാതെ 'ബൊഹിമിയാ'വിൽ എത്തി. ഇവർ രണ്ടുപേരും യാത്രഅറിയിക്കാതെ പോയതിനാൽ രാജാവിന്റെ സന്ദേഹംവൎദ്ധിച്ചു; രാജമഹിഷിക്കും അതിഥിക്കും തമ്മിൽ 'കാമില്ലോ' മദ്ധ്യസ്ഥനായിരുന്നില്ലെങ്കിൽ ഇയാളുംകൂടെ എന്തിനൊളിച്ചോടി എന്നു് മഹാരാജാവു ശങ്കിച്ചു. പുത്രനും ദാസിമാരും 'ഹെൎമ്മിയോനും' കൂടി സംസാരിച്ചുകൊണ്ടിരുന്ന അറയിൽ, മനസ്താപത്താൽ ബുദ്ധിഹീനനായി ചമഞ്ഞ രാജാവു് പ്രവേശിച്ചു് മഹിഷിയെ നാവിൽ വന്നതൊക്കെപ്പറഞ്ഞു് കഠിനമായി ശകാരിച്ചു. 'ഹെൎമ്മിയോൻ' 'ഡെസ്ഡിമോന'യെപ്പോലെ ഭീരുഅല്ല; 'കാതറീന'യെപ്പോലെ അഹംഭാവിനിയുമല്ല. "ക്ഷമാബലമശക്താനാം ശക്താനാം ഭൂഷണം ക്ഷമാ" എന്ന തത്വത്തെ ഗ്രഹിച്ചിരുന്നുഎന്നു തോന്നുമാറു് 'ഹെൎമ്മിയോൻ' ഭൎത്തൃവചനങ്ങളാൽ ദുഃഖിതയായിട്ടു് വളരെ ക്ഷമയോടും വിനയത്തോടും ഇപ്രകാരംപറഞ്ഞു:—"ഭവാൻ ഇങ്ങനെ ദ്വേഷ്യപ്പെടുന്നതു് എന്റെ ദൗൎഭാഗ്യംതന്നെ. സത്യം വെളിവാകുമ്പോൾ വളരെ പശ്ചാത്താപപ്പെടും. 'എനിക്കു അബദ്ധംപിണഞ്ഞുപോയി' എന്നു് പിന്നീടു് പറഞ്ഞാലും നമ്മുടെ വാക്കുകളെ നമുക്കു് തിരിച്ചെടുക്കാൻ വഹിയാത്തതുകൊണ്ടു് അപഖ്യാതി ശിലാ ലിഖിതംപോലെ അനേകസഹസ്ര സംവത്സരങ്ങൾക്കു്

നിലനിന്നുപോകും.” ഇതിനെ ശ്രവിച്ച രാജാവു് കുപിതനായി അവളെ കാരാഗൃഹത്തിലിട്ടു.

ഈ കഠിനശിക്ഷയെപ്പററി കേട്ട ഓരോരുത്തരും പരമ സാധുവായ ‘ഹെൎമ്മ്യോവി’നാണൊ ഇപ്രകാരം സംഭവിച്ചതെന്നു് പറഞ്ഞു് വ്യസനിച്ചു. ‘ആൻറിഗോനസ്’ എന്ന പ്രഭുവും ഭാൎയ്യ ‘പാലീന’യും പതിയെ ഇപ്രകാരം അവമാനിച്ച പാതകനെ ശപിച്ച് ബാഷ്പധാരചൊരിഞ്ഞു് വിലപിച്ചു. അതിന്നു് അവൾ “നിങ്ങൾ വ്യസനിക്കരുതെ” എന്നു് സാന്ത്വന വാക്കുകൾ പറഞ്ഞു് അവരെ സമാധാനപ്പെടുത്തി. ഗൎഭിണിയായ ‘ഹെൎമ്മിയോൻ’ കാരാഗൃഹത്തിൽ വച്ചു് തന്നെ ഒരു പെൺകിടാവിനെ പ്രസവിച്ചു. രാജമഹിഷിയുടെ സഖിയായ ‘പാലിന’ രാജാവിന്നു് കോപശമനമുണ്ടാകുമെന്നു് വിചാരിച്ചു് ആ ശിശുവിനെ അദ്ദേഹത്തിന്നു് തിരുമുൽക്കാഴ്ചവച്ചു. ഇതു് അദ്ദേഹത്തിന്റെ ക്രോധത്തെ വൎദ്ധിപ്പിച്ചതേയുള്ളു. ഈവിധം ചെയ്തതു് അവളുടെ ഭൎത്താവായ ‘ആൻറിഗോനസ്സി’ന്റെ പ്രേരണയാലാണെന്നു് ധരിച്ചു്, ആ പ്രഭുവിനെ ശാസിച്ചു്, ആ ശിശുവിനെ എടുത്തു് ‘സിസിലി’ ദ്വീപിനകലേയുള്ള കാനനങ്ങളിൽ വിട്ടേച്ചുവരാൻ രാജാവു് ആജ്ഞാപിച്ചു. ആ കുഞ്ഞിനേ കയററിക്കൊണ്ടുപോയ കപ്പൽ ഒരു കൊടുങ്കാററിലകപ്പെട്ടു് ‘ബൊഹിമിയാ’ തീരത്തെത്തി. തടവിലിട്ടിരുന്ന രാജ്ഞി വ്യസനാക്രാന്തയായിതീൎന്നു. അവളുടെ നടത്തയെപ്പററി രാജസഭയിൽ വിസ്തരിക്കാൻ അവൾ അവിടെ കൊണ്ടുവരപ്പെട്ടു. അവളുടേ പാതിവ്രത്യത്തെപ്പററി ദൈവസമ്മതമറിവാനായി ‘ഡെൽഫി’ മണ്ഡപത്തിന്നു് അയച്ചിരുന്ന ദൂതന്മാർ ‘അവൾ പരിശുദ്ധാത്മാ’ എന്ന മറുപടികൊണ്ടുവന്നു. ഈ വാക്യംകളവാണെന്നുപറഞ്ഞു് രാജാവു് അതിനെ ധിക്കരിച്ചു. ആഘട്ടത്തിൽ തന്റെ കുമാരൻ ‘മാമിലസ്’ ജനനിക്കു സംഭവിച്ചദുൎഭാഗ്യത്തേ ഓൎത്തു ദുഃഖിച്ചു് മരിച്ചുപോയി എന്ന വൎത്തമാനമവിടെഎത്തി. രാജാവു് സന്താപസമുദ്രത്തിൽ നിമഗ്നനായി. ‘ഹെൎമ്മിയോ’നും വ്യസനാധിക്യ

ത്താൽ മോഹാലസ്യപ്പെട്ടുവീണു. രാജാവു് 'പാലിന'യോടു മഹിഷിയെ ചികിത്സിച്ചു് രക്ഷിക്കണമെന്നു് കല്പിച്ചതിനെ അനുസരിച്ചു്, അവൾ സ്വഗൃഹത്തിൽ രാജ്ഞിയെക്കൊണ്ടുചെന്നു. ചികിത്സിച്ചു് കുറെദിവസം കഴിഞ്ഞതിന്റെശേഷം രാജ്ഞി തീൎപ്പെട്ടുപോയതായി അറിയിച്ചു. "നാം പ്രവൎത്തിച്ചതു് അന്യായമാണെന്നു് പശ്ചാത്താപപ്പെടുവാൻ ദൈവം നമ്മെ ഇങ്ങനെ ശിക്ഷിച്ചു" എന്നു് രാജാവു് വ്യസനിച്ചിരുന്നു.

ശിശു 'ബൊഹീമിയാ' ദേശത്തെത്തി പതിനാറു് അബ്ദങ്ങൾ കഴിഞ്ഞു. ഒരു യാദവ വംശക്കാരനാൽ എടുത്തു് വളൎത്തപ്പെട്ടിരുന്ന 'പെർഡീററാ' അതിസൌന്ദൎയ്യവതിയായ ഒരു തരുണിയായിത്തീൎന്നു. രാജവംശജയായ ഈ മുത്തുമണി യാദവകുലമുത്തുച്ചിപ്പിയിലിരുന്നു് വിളങ്ങിക്കൊണ്ടിരുന്നു. 'ബൊഹീമിയാ'വിലെ രാജപുത്രനായ 'ഫ്ലോറിസെൽ' ഇവളുടെ സൌന്ദൎയ്യാദിഗുണങ്ങളാൽ ആകൎഷിക്കപ്പെട്ടിട്ടു് ഇവളിൽ അനുരാഗവാനായിതീൎന്നു. സൂൎയ്യരശ്മി കുടിലിലും ഗോപുരത്തിലും പ്രവേശിക്കുന്നുവല്ലൊ? ഉൽകൃഷ്ടം നികൃഷ്ടം എന്നുള്ള ഭേദം കാമത്തിനില്ല. 'ഫ്ലോറിസെലും' 'പെർഡീററ'യും വിവാഹം ചെയ്വാൻ തീൎച്ചയാക്കി; ഒരു രാജപുത്രൻ ഒരു ഗോപാംഗനയെ വരിക്കുന്നതു് പൂൎവ്വാചാരത്തിനു് വിരുദ്ധമായിരുന്നു. ഈനൃപസൂനു പ്രണയിനീസമേതനായി കപ്പലേറി 'സിസിലി'ദ്വീപിൽ വന്നിറങ്ങി. 'ലിയാന്റ്സ്സി'നു് 'പെർഡീററ'യെ ആത്മജയെന്നു് മനസ്സിലാവാനിടയായി. മരിച്ചുപോയതായി പറഞ്ഞിരുന്ന പട്ടമഹിഷിയും 'പാലീനയുടെ' ഭവനത്തിൽ സുഖേന ജീവിച്ചിരിക്കയായിരുന്നു. തനിക്കുണ്ടായ സന്തോഷാധിക്യത്തെ സഹിക്കാൻ രാജാവിനു് കഴിഞ്ഞില്ല. ആനന്ദാശ്രുക്കൾ നയനങ്ങൾ നിറഞ്ഞു് കവിൾത്തടങ്ങളൂടെ ധാരധാരയായി പ്രവഹിച്ചു. പ്രസവാനന്തരം ഉടൻതന്നെ കാട്ടിലയയ്ക്കപ്പെട്ടിരുന്ന പുത്രിയെ രാജ്ഞി കണ്ടിട്ടു് ഇതു് "സ്വപ്നമോ മായയോ മന്മതിഭ്രാന്തിയോ" എന്നൊക്കെ സംശയിച്ചു എങ്കിലും ഒടുവിൽ വാസ്തവമാണെന്നു കണ്ടു് സന്തോഷിച്ചു. പുത്രിയുടെ വരൻ ഒരു രാജ

പുത്രനാണെന്നറിഞ്ഞു് 'പാലീക്സീനസ്സി'ന് ഒരു ലേഖമയച്ചു് വസ്തുതയെല്ലാമറിയിച്ചു. വധൂവരന്മാക്കു് മാതാപിതൃസന്നിധിയിൽവച്ചു് വിവാഹംനടന്നു. ഭഗ്നമായികിടന്നബാല്യസ്നേഹത്തെ രണ്ടു രാജാക്കന്മാരും ജീൎണ്ണോദ്ധാരണംചെയ്തു. 'ഹെമ്മിയോ'ന്റെ ക്ഷമാദിഗുണങ്ങൾ അവളെ ഒടുവിൽ ഒരുവലിയ ഭാഗ്യശാലിനിയാക്കിതീൎത്തു.

കഥാസാരം:—

"ചാരിത്രനിഷ്ഠതാൻകാവൽ
ബന്ധനംകാവലാസ്ഥരാ."

കാവൽതെററിയാൽ കാട്ടുകേറുന്നസന്മാർഗ്ഗം നാമാവശേഷമാകുന്നു. ഒരുപുരുഷന് അവന്റെപത്നിയുടെ പാതിവ്രത്യത്തെ കാത്തുസൂക്ഷിക്കുന്നതു് അസാദ്ധ്യമാണ്. തന്നേയും കാത്തു് തന്റെ ജീവരക്ഷകനേയും ശുശ്രൂഷിച്ചു് അവനു് കീൎത്തിനേടി സദാചാരങ്ങളാൽ സൽകൎമ്മങ്ങളെ നടത്തിവസിക്കുന്നവളാണ് കുലസ്ത്രീ. അങ്ങനേയുള്ള കാമിനിയെപ്പററി സന്ദേഹിക്കുന്നതു് ചിത്തഭ്രമംതന്നെ. പുരുഷനു് ദുശ്ശങ്കയുണ്ടായാലുംതന്റെനടത്തകൊണ്ടു് കാലാന്തരത്തിൽ ആശങ്ക അസത്യമെന്നു് തെളിയിക്കുന്നതു് തന്നെ ഗൃഹിണീലക്ഷണം.

## ൯. റോസലിൻഡ്.

‘റോസലിൻഡ്’’ സ്വരാജ്യത്തിൽനിന്നും അനുജനാൽ ബഹിഷ്കൃതനാക്കപ്പെട്ട ‘ഫ്രാൻസി’ലെ ഒരു ഇടപ്രഭുവിന്റെ പുത്രിയാകുന്നു. പ്രഭു ചില വിശ്വസ്തന്മാരായ ആശ്രിതന്മാരോടുകൂടി ‘ആർഡൻ’ കാട്ടിൽ നിവസിച്ചുതുടങ്ങി. ഉഷ്ണകാലങ്ങളിൽ വൃക്ഷച്ഛായയുടെകീഴിൽ സുഖേന വസിച്ചിരുന്നു. വർഷകാലങ്ങളിൽ കൊടുങ്കാററിന്റെ അതിശൈത്യം അദ്ദേഹത്തിനു് സഹോദരന്റെ നിർദ്ദയതയെക്കാളും കഠിനമായിതോന്നിയില്ല. ആ വനത്തിൽ ഈശ്വര സൃഷ്ടിയിലുള്ള വൃക്ഷങ്ങൾ നദികൾ, മലകൾ, എന്നല്ല സർവ്വത്തിലും സൃഷ്ടികർത്താവിന്റെ സർവോൽകൃഷ്ടമായ നന്മയെത്തന്നെ അദ്ദേഹംകണ്ടു. അരണ്യവാസിയുടെ പുത്രിയായ ‘റോസലിൻഡ്’’ എന്നവളെ തന്റേ കുമാരിയായ ‘സീലിയ’യ്ക്കു് സഖിയായി കൊട്ടാരത്തിൽത്തന്നെ ‘ഫ്രെഡറിക്ക്’’ താമസിപ്പിച്ചു. രണ്ടു സോദരികളും ഒരുമിച്ചുപഠിച്ചും, കളിച്ചും, ഭക്ഷിച്ചും, ഉറങ്ങിയും, അന്യോന്യം ദൃഢസ്നേഹമുള്ളവരായിതീന്നു. അച്ഛനേയും തന്റെ സ്ഥിതിയെയും ചിന്തിച്ചു ദുഃഖിച്ചിരുന്ന ‘റോസലിൻഡി’നേ വിനോദകഥകൾകൊണ്ടും സാന്ത്വനവാക്കുകൾകൊണ്ടും ‘സീലിയാ’ ഉത്സാഹിപ്പിച്ചു വന്നിരുന്നു.

ഒരുദിവസം കൊട്ടാരത്തിൽ വച്ചു് മല്ലയുദ്ധനിപുണനായ ഒരു ദീർഘദേഹനും ഒരു ഹ്രസ്വകായനായ യുവാവിനും തമ്മിൽ ദ്വന്ദ്വയുദ്ധം ഉണ്ടാവാൻ സംഗതിയായി. അതിനെ കാണുന്നതിനായി സഹോദരികൾ രണ്ടുപേരും പോയിരുന്നു. മല്ലയുദ്ധത്തിൽ അപരിചിതനായ ഹ്രസ്വകായൻ നിശ്ചയമായി അപജയപ്പെട്ടു മരിച്ചുപോകുമെന്നു് കാണികൾ സംശയിച്ചു്, യുദ്ധം തുടങ്ങുന്നതിനു് മുമ്പുതന്നെ അവനോടു് ആ യുദ്ധത്തിൽ പിണയാതിരിക്കുന്നതുത്തമമെന്നു് ആ യുവതികളെക്കൊണ്ടു ഗുണദോ

ഷിപ്പിച്ചു. ഇവരുടെ വാക്കുകൾകേട്ടു് അവൻ കുറച്ചുകൂടി ധൈര്യപ്പെട്ടതേയുള്ളൂ. മുഷ്ടിയുദ്ധത്തിൽ ആ ഹ്രസ്വൻതന്നെ എല്ലാവരുടേയും അത്യാശ്ചര്യത്തിനു് ഹേതുവാകത്തക്കവിധം വിജയംപ്രാപിച്ചു. അവന്റെ ശൌര്യത്തിനെക്കണ്ടു് 'റോസലിൻഡ്' അവനിൽ പ്രേമമുള്ളവളായിത്തീൎന്നു. 'ഫ്രെഡറിക്ക്' വളരെ ആശ്ചര്യപ്പെട്ടു് ആ യുവാവിന്റെ അഭിധാനം എന്തെന്നും അവന്റെ മാതാപിതാക്കന്മാർ ആരാണെന്നും മനസ്സിലാക്കി. അവൻ രാജ്യത്തിൽനിന്നും പുറത്തോടിക്കപ്പെട്ട തന്റെ ജ്യേഷ്ഠനു് അത്യന്തസ്നേഹിതനായിരുന്ന 'റോസലൻഡ്ബായ്' എന്നവന്റെ ഒടുവിലത്തെ പുത്രനായ 'ആർലൻഡോ' വാണു് എന്നറിഞ്ഞപ്പോൾ രാജാവു് വിമുഖനായി അന്യകൃത്യങ്ങളന്വേഷിച്ചുപോയി. 'ആർലൻഡോ' വിന്റെ സാമൎത്ഥ്യത്തെ അഭിനന്ദിച്ചു് സഹോദരികൾ ദയാപൂർവ്വങ്ങളായ വാക്കുകളാൽ അവനെ സന്തോഷിപ്പിച്ചു. 'റോസലിൻഡ്' തന്റെകഴുത്തിൽഅണിഞ്ഞിരുന്ന ഒരുഹാരത്തെ അവനു സമ്മാനിച്ചു. അച്ഛൻ മരിച്ചപ്പോൾ പറഞ്ഞിരുന്ന പ്രകാരം തന്നെ വിദ്യഅഭ്യസിപ്പിക്കയൊ വേണ്ടദ്രവ്യം കൊടുത്തു സഹായിക്കയൊ ചെയ്യാതിരുന്ന ജ്യേഷ്ഠനായ 'ഓലിവർ' ഏതുവിധമെങ്കിലും തന്നെകൊല ചെയ്യുമെന്നറിഞ്ഞു് 'ആർലെൻഡൊ' 'ആർഡൻ' കാട്ടിലെത്തി, അവിടെ നിർവിചാരമായും സന്തുഷ്ടമായുംവാണിരുന്ന ആ ദേശാധിപ സംഘത്തിലൊരുത്തനായിത്തീൎന്നു. 'റോസലിൻഡ്' തന്റെ പ്രേമത്തിനു് പാത്രീഭവിച്ച 'ആർലൻഡോ'കാട്ടിൽ കുടികേറിയതറിഞ്ഞു് വ്യസനിച്ചു.

'ഫ്രെഡറിക്കി'നു് ഒരുസംശയം ജനിച്ചുതുടങ്ങി. ജ്യേഷ്ഠൻഗുണവാനും പ്രജകളാൽ അഭിനന്ദിക്കപ്പെട്ടരാജാവുമാണു്. 'റോസലിൻഡ്' യുടെമൌനവും ക്ഷമയും മൃദുശീലവും പ്രജകളെ ആകൎഷിച്ചു് അവരുടെ ആർദ്രതയ്ക്കു് അവളെ ഭാജനമാക്കിത്തീൎക്കും. പ്രജാസമൂഹം ക്ഷോഭിച്ചു് തന്നെഎതിൎത്തു് സ്ഥാനഭ്രഷ്ടനാക്കുകയും ചെയ്യുകയില്ലയൊ എന്നിങ്ങനെ ശങ്കിച്ചു് അയാൾ ജ്യേഷ്ഠന്റെ പുത്രിയെ അവളുടെ പിതാവിന്റെ ഗതിയെ അനുവൎത്തിക്കാൻ കാട്ടിലയ

ച്ചു. 'റോസലിൻഡ്' 'ഗാനിമെഡ്' എന്ന പേരോടുകൂടി ഒരു കൃഷീവലന്റെ വേഷം ധരിച്ചിട്ടുണ്ടായിരുന്നു. 'സീലിയാ' വിനു് ജ്യേഷ്ഠത്തിയെ വിട്ടുപിരിഞ്ഞിരിപ്പാൻ സമ്മതമില്ലാതിരുന്നതിനാൽ 'അലിന' എന്ന നാമധേയത്തോടു് ഒരു ഗ്രാമാംഗനയുടെ വേഷം കൈക്കൊണ്ടു് 'ഗാനിമേഡി'നൊടുകൂടെ ഗമിച്ചു ആ ദീർഘയാത്രയിൽ 'ഫ്രാൻസ്' രാജ്യത്തിന്റെ അതൃത്തിയിൽ നിന്നും വളരെ അകലേയുള്ള 'ആർഡൻ' വിപിനത്തെ പ്രാപിക്കുന്നതിനകമായി അവൎക്കു സംഭവിച്ച കഷ്ടപ്പാടുകളെ ഇവിടെ വൎണ്ണിക്കുന്നില്ല. കപടപുരുഷതാപവും ധൈൎയ്യാവലംബവും ദൌർബ്ബല്യത്തെ എത്രനേരം ഗൂഹനംചെയ്യും? ആഹാരമില്ലാത്തതിനാൽ മരിച്ചുപോകുമെന്നു് ഭയന്നിരുന്ന അവർ രണ്ടുപേരും ആ കാനനത്തിലെ ഒരു കുടിലിലെത്തി, സുഖമായി വസിച്ചുതുടങ്ങി. അവിടെ 'ആർലെൻഡൊ' വന്നുചേൎന്നു. അവൻ വനപ്രദേശങ്ങളിലുള്ള വൃക്ഷങ്ങളിലെല്ലാം 'റോസലിൻഡ'യുടെ നാമധേയം കൊത്തി, അവളെപ്പററി ചില ശൃംഗാരശ്ലോകങ്ങളെഴുതി അവകളിൽ കെട്ടിച്ചു് സദാ അവളെത്തന്നെ ചിന്തിച്ചു് കാലയാപനംചെയ്തുവന്നിരുന്നു. 'റോസലിൻഡ്' താൻ സമ്മാനിച്ചമാല 'ആർലെൻഡൊ'വിന്റെ കഴുത്തിൽ കിടക്കുന്നതുകണ്ടിട്ടു് തന്റെ പ്രേമാസ്പദമായവൻ ഇവൻതന്നെയാണെന്നു് തീൎച്ചയാക്കി. ഇവർ രണ്ടുപേരും സന്ദർശിച്ചു് സംഭാഷിച്ചുവെങ്കിലും 'ഗാനിമെഡ്' താൻ വാസ്തവത്തിൽ ആരാണെന്നു് അവനെ അറിയിച്ചില്ല. കാമാഗ്നി അവളെ ദഹിപ്പിച്ചുതുടങ്ങി. എന്തുചെയ്യാം? സ്ത്രീകൾക്കു് വേണ്ട വസ്ത്രാദികൾ കൈവശമില്ലല്ലൊ എന്നു് അവൾ വ്യസനിച്ചിരുന്നു. അവനെപ്പററി ചിന്തിച്ചു് ചിന്തിച്ചു് മൂർഛിതയായിട്ടു പോകുന്നല്ലൊ എന്നു് പലതവണ വിചാരിച്ചു് ദുഃഖിച്ചു. 'ആർലെൻഡൊ'വും യുവാവെന്നു തോന്നിയ ആ സൌന്ദൎയ്യവതിയോടു് തന്റെ പ്രണയിനിയിലുള്ള പ്രേമത്തെപ്പററി കഥകൾ പറഞ്ഞു് പലകുറി പുലമ്പി. 'സീലിയ'യും അസൂയരഹിതയായ സുശീലയായതുകൊണ്ടു് അവളുടെ സാന്നിദ്ധ്യം ഇവരുടെ സല്ലാപത്തിനു് ഒരു തടസ്ഥമായി തോന്നിയില്ല.

'ആർലൻഡോ' വിന്റെ ജ്യേഷ്ഠനായ 'ഓലിവർ' ക്രൂരചിത്തനായി അനുജനെ അന്വേഷിച്ചു് ഹനിക്കാനായി ആ കാട്ടിൽതന്നെ വന്നുചേൎന്നു. 'ഓലിവർ' നിദ്രചെയ്തുകിടന്ന സ്ഥലത്തിനു സമീപം ഒരു സൎപ്പവും അവനെ ഭക്ഷിക്കാൻ ഒരു സിംഹിയുംകാത്തുകിടന്നിരുന്നു. മരിച്ചോ ഉറങ്ങിയോകിടക്കുന്ന മനുഷ്യനെ സിംഹം ഭക്ഷിക്കയില്ലപോൽ! 'ആർലൻഡൊ' ആവഴി പോയപ്പോൾ സൎപ്പം ഭയന്നു് കാട്ടിൽ ഒളിച്ചോടി. അവിടെ കിടന്നുറങ്ങിയവൻ തന്റെ പരമശത്രുവായ സഹോദരനാണെന്നറിഞ്ഞു് അവൻ നശിച്ചുപോകട്ടെ എന്നു ഒരു നിമിഷം വിചാരിച്ചു എങ്കിലും ഉടൻതന്നെ നല്ലബുദ്ധിതോന്നി ആ സിംഹിയോടു യുദ്ധം ചെയ്തു. തന്റെ ഒരു ഹസ്തത്തെ ആ സിംഹി കടിച്ചുകളഞ്ഞു എങ്കിലും 'ആർലൻഡൊ' ഒടുവിൽ അതിനെ അവിടെവച്ചു തന്നെകൊന്നു. ആ കാട്ടിൽ വികസിച്ചിരുന്ന കുസുമങ്ങളുടെ സൌരഭ്യം കലൎന്നു പ്രസരിച്ചുമന്ദമാരുതനെ ശ്വസിച്ചും പക്ഷികളുടെ സ്വരമാധുൎയ്യത്തെ അതിശയിച്ചിരുന്ന തന്റെ ഗാനങ്ങളെക്കൊണ്ടു് പ്രതിധ്വനിവരുത്തിക്കൊണ്ടും അവിടെ സഞ്ചരിച്ചിരുന്ന 'ആർലെൻഡൊ' ഉറങ്ങിക്കിടന്നവനെ അവനു് സംഭവിക്കാവുന്ന ആപത്തിൽനിന്നും രക്ഷിച്ചു. തന്റെ ജീവരക്ഷകൻ അനുജനാണെന്നറിഞ്ഞിട്ടു് 'ആലിവർ' അവനുചെയ്ത ദുഷ്കൃത്യങ്ങളെപ്പററി പശ്ചാത്താപപ്പെട്ടു്, അവനോടുള്ള ദുരാലോചനകളെത്യജിച്ചു് അവനെ വളരെസ്നേഹിച്ചുതുടങ്ങി.

'ഓലിവരും' 'ആർലെൻഡോവു'ം, ആകൃഷീവലൻ അനുജത്തിയോടൊന്നിച്ചു് താമസിച്ചിരുന്ന കുടിലിനെ പ്രാപിച്ചു. 'സീലിയ' യും 'ഓലിവരും' അന്യോന്യം അനുരാഗമുള്ളവരായിതീൎന്നു. 'ഫ്രെഡറിക്' വനവാസിയായിരുന്ന തന്റെ ജ്യേഷ്ഠനോടു് യുദ്ധംചെയ്യാനായി 'ആർഡൻ' കാട്ടിലേയ്ക്കു വന്ന വഴിയിൽ ഒരു ദിവ്യനായ തപസ്വിയെക്കണ്ടു സംസാരിച്ചു. അഹോ, സൎവനിയന്താവായ പരമേശ്വരന്റെ മഹത്തര ശക്തിയുടെ വൈഭവം! ആസംഭാഷണാനന്തരം തൻ രാജ്യംഭരിച്ചതു് "ദ്രോഹം"

എന്നറിഞ്ഞു് ജ്യേഷ്ഠനും നാടിനെ വിട്ടുകൊടുക്കാനായിട്ടു് അയാളുടെ നിവാസസ്ഥലമന്വേഷിച്ചുപോന്നു. വേഷധാരികളായ സഖികൾ രണ്ടുപേരും സ്വന്ത സ്വരൂപികളായി, 'റോസലിൻഡ്' 'ആർലൻഡോവി'നെയും, 'സീലിയ' 'ഓലിവറി'നേയും, വിവാഹം ചെയ്തു് ചിരകാലം സുഖിച്ചുവാണു.

സാരാംശം:—

"ഉപകാരപ്രധാനസ്സ്യാ ദപകാരപരേപ്യരൌ."

തനിക്കു അപകാരംചെയ്യുവനും ഉപകാരംചെയ്താൽ രണ്ടുപേർക്കും അതു ശ്രേയസ്കരമായിത്തീരും. സോദരന്മാരും സോദരികളും അന്യോന്യം ഐകമത്യമുള്ളവരായാൽ അവർക്കുമാത്രമല്ല കുടുംബത്തിലുള്ള സകലർക്കും സുഖലാഭമുണ്ടാകും.

## ൧൦. ഹെലിനാ.

'ഹെലിനാ' 'ഫ്രാൻസ്' ദേശത്തിലെ പ്രസിദ്ധപ്പെട്ട വൈദ്യശിരോമണിയായ 'ഗെറാർഡ്നാർബൻ' എന്നവന്റെ പുത്രിയാകുന്നു. അച്ഛൻ മരിച്ചതിൽപിന്നീട് അവൾ 'റോസലിയൻ' എന്ന പ്രഭുവിന്റെ ഭവനത്തിൽ വളൎന്നുവന്നിരുന്നു. ഈ പ്രഭുവും കാലധൎമ്മത്തെ പ്രാപിച്ചതുകൊണ്ടു് അദ്ദേഹത്തിന്റെ ഏകപുത്രനായ 'ബെട്രാം' പ്രഭുവായി കുടുംബസംരക്ഷണഭരമേററു. ബാല്യകാലംമുതല്ക്കു ഒന്നിച്ചു വളൎന്നിരുന്നതിനാൽ 'ഹെലിന'യ്ക്കു് അയാളോടുണ്ടായിട്ടുള്ള സ്നേഹം ക്രമേണ അനുരാഗമായി പരിണമിച്ചു. 'ഹെലിന' ഒരു നികൃഷ്ടകുലജാതനും നിൎദ്ധനനുമായ വൈദ്യന്റെപുത്രി. 'ബെട്രാം' ഒരു കുലീനനായപ്രഭു. ഇവൎതമ്മിലുള്ള സ്ഥിത്യന്തരത്തെ കരുതി സാദൃശ്യമില്ലാത്ത സംബന്ധത്തെപ്പററി ചിന്തിക്കുന്നതു് ഭോഷത്വമാണെന്നറിഞ്ഞു് ആ കമനി പ്രേമഭാവത്തെ പ്രകാശിപ്പിച്ചില്ല. "ഹിന്തുക്കൾ ആദിത്യനമസ്കാരംചെയ്യുന്നു; സൂൎയ്യൻ അവരുടെമേൽ പ്രകാശിച്ചാലും ആ ദേവന് അവരെപ്പററി ഒരു ചിന്തയുമില്ല. അതുപോലെ ഞാനും എന്റെ ഭാനുവിനെ നമസ്കരിക്കുന്നു" എന്നുപറഞ്ഞു് അവൾ സമാധാനപ്പെട്ടു. 'ബെട്രാമി'ന്റെ അച്ഛൻ തന്റെ വിശ്വസ്തസ്നേഹിതനായിരുന്നതുകൊണ്ടു് 'ഫ്രാൻസി'ലെ രാജാവു് ആ യുവാവിനു് വല്ല ഗുണവും ചെയ്യണമെന്നു് ചിന്തിച്ചു് അയാളെ കൊട്ടാരത്തിൽ വിളിച്ചുകൊണ്ടുവരുന്നതിനായി 'ലാഫ്യൂ' എന്ന പ്രഭുവിനെ അയച്ചിട്ടുണ്ടായിരുന്നു. രാജകല്പനയെ ലംഘിക്കാൻഭയന്നു് ആ പ്രഭ്വി കുറെ വിസമ്മതിച്ചു എങ്കിലും പുത്രനെ മുഖംകാണിക്കാൻനയച്ചു. 'ബെട്രാം' തന്നോടു യാത്രപറഞ്ഞുതിരിച്ചപ്പോൾ ആരെയുമറിയിക്കാതെ 'ഹെലിനാ' ദുഃഖപൂൎണ്ണമായ ഹൃദയത്തോടും അശ്രുപൂൎണ്ണങ്ങളായ നേത്രങ്ങളോടുംകൂടി ഒരു

കോണിലിരുന്നു് അവളുടെ പ്രേമഭാജനത്തെപ്പററി പുലമ്പിക്കൊണ്ടിരുന്നു. ഈ വിവരം പ്രഭ്വി അറിഞ്ഞപ്പോൾ 'ഹെലിന'യെ വിളിച്ചു്:—'മകളെ നീ എന്താണു് വല്ലാതെ ഇരിക്കുന്നതു്?' എന്നു ചോദിച്ചു. മകളെ എന്നു വിളിച്ചതിനാൽ കുറെ അന്ധാളിച്ചുനിന്നിട്ടു് 'ഭവതി എന്റെ ബഹുമാനപ്പെട്ട സ്വാമിനിയാണല്ലൊ?' എന്നു മറുപടി പറഞ്ഞു. വീണ്ടും പ്രഭ്വി പറഞ്ഞു:—'നീ എന്റെ മകളാണു്; ഞാൻ നിന്റെ മാതാവുതന്നെ; ഞാൻ പറഞ്ഞതുകേട്ടു് വല്ലാത്ത നിറംപകൎന്നു നില്ക്കുന്നതെന്താണു്?' ഇതുകേട്ടു് 'ഹെലിനാ' പ്രതിഭാഷണം ചെയ്തു:— "ക്ഷമിക്കണെ! ഭവതി എന്റെ മാതാവല്ല; 'ബെട്രാം' എന്റെ ഭ്രാതാവുമല്ല; ഞാൻ നിങ്ങളുടെ മകളുമല്ലല്ലൊ?" പ്രഭ്വി:— അല്ലയൊ ഹെലിനാ! നിനക്കു എന്റെ മരുമകളാവാമല്ലൊ? അതായിരിക്കും അമ്മയെന്നും മകളെന്നും പറഞ്ഞപ്പോൾ സമ്മതിക്കാഞ്ഞതു്. നീ എന്റെ പുത്രനെ സ്നേഹിക്കുന്നുണ്ടൊ?' ഹെലിനാ 'നിങ്ങൾ അദ്ദേഹത്തിനെ സ്നേഹിക്കുന്നില്ലേ?' പ്രഭ്വി:—"എന്തിനാണീ കൌശലം? നിനക്കു അവനിലുള്ള അനുരാഗം പൂൎണ്ണമായി നിന്റെ മുഖഭാവത്തിൽ പ്രകാശിക്കുന്നല്ലൊ? യൌവനമാകുന്ന അംഭോരുഹത്തിനു് അനുരാഗം ഒരു കണ്ടകമാണെന്നു് ഞാൻ അനുഭവംകൊണ്ടു് അറിഞ്ഞിട്ടുണ്ടു്." ഇങ്ങനെ പറഞ്ഞു് 'ഹെലിന'യെ സമാധാനപ്പെടുത്തി.

ആ സമയത്തു് 'ഫ്രാൻസി'ലെ രാജാവിനു് അപ്രതിവിധേയമായ ഒരു രോഗം പിടിപെട്ടിരിക്കുന്നു എന്ന വൎത്തമാനം 'ഹെലിന'ക്കു കിട്ടി. കൊട്ടാരത്തിലെ വൈദ്യന്മാരുടെ ചികിത്സകൊണ്ടു് രോഗത്തിനു് ഒട്ടും ശമനം വന്നില്ല. സൂൎയ്യാദിജ്യോതിസ്സുകളാൽ അനുഗ്രഹിക്കപ്പെട്ട 'സൎവ്വരോഗനിവാരിണി' എന്നു പേരുള്ള ഒരു ദിവ്യൌഷധി തനിക്കു് ഉത്തമനിധിയായി വൈദ്യകഭട്ടാചാൎയ്യരായിരുന്ന പിതാവിന്റെ അന്ത്യകാലത്തിൽ ലഭിച്ചതിനെ എടുത്തുകൊണ്ടു് പ്രഭ്വിയുടെ അനുവാദത്തോടുകൂടി 'ബെട്രാമി'നെ വിവാഹംചെയ്വാൻ വല്ല മാൎഗ്ഗവും ഉണ്ടാകുമെന്നുകരുതി

'ഹെലിനാ' രാജഗൃഹം പ്രാപിച്ചു. അപരിചിതയും വിദ്യാവിഹീനയുമായ ഒരു കന്യകയുടെ മരുന്നുസേവിക്കാൻ രാജാവു് ആദ്യം സംശയിച്ചു എങ്കിലും ഈ ഔഷധം ഉപയോഗിച്ചു് രണ്ടുദിവസത്തിനകം രോഗനിവൃത്തി ഉണ്ടായില്ലെങ്കിൽ തന്നെ വധിക്കുന്നതു് സമ്മതമാണെന്നുള്ള ആ യുവതിയുടെ ദൃഢമായ വാക്കുകൾ കേട്ടു് ധൈര്യപ്പെട്ടു് രാജാവു് അവളുടെ ചികിത്സയെ സ്വീകരിച്ചു. ദൈവത്തിന്റെ അചിന്ത്യമായ ശക്തി അത്യാശ്ചര്യംതന്നെ! രണ്ടുദിവസം കഴിഞ്ഞപ്പോൾ രാജാവു് പൂർണ്ണസൌഖ്യത്തെ പ്രാപിക്കയാൽ വളരെ സന്തുഷ്ടനായി അവൾക്കു് ഒരു മോതിരം സമ്മാനിക്കയും അവളുടെ അഭിലാഷങ്ങളെ സാധിച്ചുകൊടുക്കാൻ തയ്യാറാണെന്നു് കല്പിക്കയുംചെയ്തു. അതുകേട്ടു് 'ഹെലിന'താൻ ഒരു യുവാവിനെ സ്വയം വരംചെയ്വാൻ ആഗ്രഹിക്കുന്നു എന്നറിയിച്ചു. രാജപുത്രന്മാരെഒഴിച്ചു് പ്രഭുക്കന്മാരെയൊ സാധാരണന്മാരെയൊ വരിച്ചുകൊള്ളുന്നതിനു് രാജാവു് ഉടനെ ഉത്തരവുകൊടുത്തതുകൂടാതെ ആ ദിക്കിലുള്ള എല്ലാ യുവാക്കന്മാരെയും രാജസഭയിൽ വരുത്തുകയും ചെയ്തു. 'ഹെലിനാ' അവളുടെ ബാല്യസ്നേഹിതനായ 'ബെട്രാമി'നെ പാണിഗ്രഹണംചെയ്വാൻ നിശ്ചയിച്ചു. ഈ ഹീനകുലജാതയും സ്വ മാതാവിന്റെ ആശ്രിതയുമായ അവളെ വിവാഹംചെയ്യുന്നതിനു് അയാൾക്കു് ഒട്ടും മനസ്സില്ലെന്നു് തുറന്നുപറഞ്ഞു എങ്കിലും രാജാവിന്റെ ആജ്ഞാനിർബന്ധത്താൽ വളരെ വൈമുഖ്യത്തോടുകൂടി അവളെ വേട്ടു. തനിക്കു് അനുരൂപയല്ലാത്തവളെ വരിച്ച ദ്വേഷത്താൽ 'ബെട്രാം' 'ഫ്ലോറൻസ്' എന്ന നഗരത്തിൽചെന്നു് ഒരു ഭടനായിത്തീന്നു. രാജകല്പന വിവാഹംചെയ്യുവിക്കുമെന്നല്ലാതെ അയാളുടെപ്രേമത്തെ അവൾക്കു കൊടുപ്പിക്കാൻ സമർത്ഥമായി തീരുന്നതാണൊ? തന്റെ മോതിരം അവൾക്കു് എപ്പോഴെങ്കിലും ലഭിക്കുമെങ്കിൽ അവളെ താൻ കുടുംബിനിയായി സ്വീകരിക്കാമെന്നു് അയാൾ എഴുതിയിരുന്ന ഒരു കത്തിനെ അവൾ കൊണ്ടുപോയി തന്റെ ശ്വശ്രൂവിനെ കാണിച്ചു.

തന്നിമിത്തം ഭർത്താവു് സ്വദേശംവിട്ടുപോകേണ്ടിവന്നതിൽ നിന്നുണ്ടായ പാപത്തിന്റെ പരിഹാരത്തിനായി 'ഹെലിനാ' ഒരു തീർത്ഥയാത്ര പുറപ്പെട്ടു് 'ഫ്ലോറൻസ്' നഗരത്തിൽ എത്തി. അവിടെ 'ബെർട്രാമി'ന്റെ അനുരാഗത്തിനു് പാത്രമായി ഭവിച്ചിരുന്ന 'ഡയാന'യുടെ ഭവനത്തിലിറങ്ങി, അവളുടെ വേഷം ധരിച്ചു്, ഭർത്താവിന്റെ മോതിരത്തെ കൈവശമാക്കി. 'ഫ്രാൻസി'ലെ രാജാവു് തനിക്കു സമ്മാനിച്ച മോതിരം അയാൾക്കു് കൊടുത്തു് 'ഹെലിനാ' മരിച്ചുപോയെന്നൊരു കിംവദന്തികേട്ടു് അയാൾ 'ഫ്രാൻസി'ൽ എത്തി. അനന്തരം അവളും അവിടത്തേക്കു തന്നെ ഗമിച്ചു. രാജാവും അവൾ മരിച്ചുപോയെന്നു വിശ്വസിച്ചു് 'ബെർട്രാമി'നോടു് ഇപ്രകാരം അരുളിച്ചെയ്തു:—"അവളുടെ അപരിമിതമായ ജ്ഞാനം, അനുപമമായ രൂപലാവണ്യം, വിസ്മയനീയമായ ബുദ്ധിവൈശിഷ്യം, നിഷ്കളങ്കമായ സ്വഭാവഗുണം ഇവ എല്ലാം ഭാഗ്യശാലികൾക്കല്ലാതെ ലഭിക്കുന്നതല്ല." ഇങ്ങനെ പറഞ്ഞുകൊണ്ടിരുന്നപ്പോൾ താൻ അവൾക്കു സമ്മാനിച്ച അംഗുലീയകം അയാളുടെ വിരലിൽ കിടക്കുന്നതുകണ്ടു് രൌദ്രഭാവത്തോടെ,അവളെ ഇയാൾതന്നെ കൊലചെയ്തിരിക്കാമെന്നു് ശങ്കിച്ചു് അയാളെ ബന്ധനത്തിലാക്കി. ഭാഗ്യവശാൽ അവിടെ സന്നിഹിതരായിരുന്ന വാസ്തവ 'ഡയാന' യുടേയും 'ഡയാന'യുടെ നാമം ധരിച്ചിരുന്ന 'ഹെലിന'യുടേയും വാക്കുകളാൽ യാഥാർത്ഥ്യം എല്ലാവർക്കുംമനസ്സിലായി.

അതിപരിചയംകൊണ്ടും നിത്യാവലോകനംകൊണ്ടും 'ഹെലിന'യുടെ സൌന്ദര്യാദിഗുണങ്ങളേയും ശബ്ദമാധുര്യത്തേയും കുറിച്ചു് ഒരറിവുമില്ലാതിരുന്ന അയാൾ തന്റെ മോതിരം അവളിൽ ഇരിക്കുന്നതുകണ്ടു് സംതൃപ്തനായി അവളെത്തന്നെ വീണ്ടും വിവാഹംചെയ്തു് രാജാവിനും മാതാവിനും സർവോപരിയായി 'ഹെലിന' യ്ക്കും ആനന്ദത്തെ നൽകി. 'ഹെലിന'യ്ക്കു അവളുടെ ബാല്യത്തിൽ തന്നെ അയാളിൽ തോന്നിയിരുന്ന അനുരാഗം സഫലമായും സമ്പൂർണ്ണമായും ഭവിച്ചു.

സാരാംശം:—

"ജാതിഭേദങ്ങൾക്കല്ലഗുണഗണ
ഭേദമെന്നത്രെ ബുധന്മാരുടെമതം."

സൽഗുണം ദുർഗ്ഗുണം ഇവ രണ്ടുമാണു് മത്ത്യനെ ഉൽകൃഷ്ടനും അപകൃഷ്ടനുമാക്കിത്തീർക്കുന്നതു്. ഒരു നികൃഷ്ടജാതനും സൽഗുണമുണ്ടായിരുന്നാൽ ഉന്നതനായിവരും. സൽകുലം, അസൽകുലം, ഉൽകൃഷ്ടജാതി, നികൃഷ്ടജാതി, എന്നിങ്ങനെ പറയുന്നതു് കേവലം നിരത്ഥകങ്ങളായ വാക്കുകൾ മാത്രമാണു്. ധനംകൊണ്ടും അവസ്ഥകൊണ്ടും ജാതി നിശ്ചയിക്കപ്പെടുന്നില്ല. "തപസ്സ്, വിദ്യ, മനശ്ശുക്തി" ഇവയെക്കൊണ്ടാണു് ജാതിയെ തീരുമാനിക്കേണ്ടതു്.

"ഗുണൈരുത്തുംഗതാംയാതിനതുജാതിപ്രഭാവതഃ."

## ൧൧. ഇസബെല്ല.

'വിയന്നാ' നഗരത്തിൽ പരസ്ത്രീഗമനം ചെയ്യുന്നവന്ന് മരണശിക്ഷ വിധിക്കണമെന്നായിരുന്നു പ്രാചീനകാലത്തെ നിയമം. സാധുസ്വഭാവിയായിരുന്ന അവിടത്തെ രാജാവ് ദയാദാക്ഷിണ്യാദികൾകൊണ്ട് ഈ കഠിനശിക്ഷയേ വിരോധിച്ചു വന്നിരുന്നതിനാൽ അന്യസ്ത്രീ സ്വീകാരം അവിടെ ഒരു സാധാരണ നടപ്പായിത്തീൎന്നു. തന്നിമിത്തം ആ നാട്ടിൽ വിവാഹനിയമം കാലക്രമത്തിൽ കുറഞ്ഞുതുടങ്ങി. പ്രജകൾ ഈ ന്യൂനതയെ പരിഹരിക്കണമെന്ന് അദ്ദേഹത്തിനോട് വിനയപുരസ്സരം അപേക്ഷിച്ചു. അദ്ദേഹം ദാക്ഷിണ്യസ്വഭാവിയായതുകൊണ്ട് താൻ ഇതിനുവേണ്ട യാതൊരു ഏൎപ്പാടും ചെയ്യാതെ സന്മാൎഗ്ഗാനുഷ്ഠാനത്താൽ പ്രസിദ്ധനായിരുന്ന 'ഏഞ്ജലോ'വിനെ തന്റെ പ്രതിനിധിയായി നിയമിക്കയും, താൻ ഒരു തീൎത്ഥയാത്രപോകുന്നു എന്നും അതുകഴിഞ്ഞ് തിരിച്ചുവരുന്നതിനുമുമ്പ് പരദാരഗ്രഹണശിക്ഷാവിധിയേ നിരന്തരമനുഷ്ഠിച്ച് ആ ദുരാചാരത്തെ അകററണമെന്നും കല്പിച്ചിട്ട് അവിടെനിന്നു പുറപ്പെട്ടുപോയി. 'ഫ്രെഡറിക്' എന്ന ഭടവീരന്റെ സോദരിയായ 'മേരിയാന'യേ വിവാഹം ചെയ്വാൻ നിശ്ചയിച്ചിരുന്ന 'ഏഞ്ജലോ' അവൾക്കു സ്ത്രീധനം നൾകാനായി കൊണ്ടുപോന്നിരുന്നതെല്ലാം സമുദ്രത്തിൽ മുങ്ങിപ്പോയതിനാൽ അവളെ ഭാൎയ്യയായി സ്വീകരിക്കാതെ താൻ ഒരു തപസ്വിയായി ചില വ്രതങ്ങളെ അനുഷ്ഠിച്ച് ജീവിതകാലത്തെ നയിച്ചുകൊണ്ടിരുന്നു. രാജാവ് ഒരു സന്യാസിവേഷം ധരിച്ച് ആ നഗരത്തിൽത്തന്നെ താമസിച്ച് രാജ്യഭരണത്തെപ്പററി ഗൂഢാന്വേഷണം ചെയ്തുവന്നിരുന്നതല്ലാതെ തീൎത്ഥയാത്രയ്ക്കു പോയില്ല.

‘ക്ലാഡിയോ’ എന്ന പുരുഷൻ ‘ജൂലിയററ്’ എന്ന കന്യകയെ വിവാഹം ചെയ്യുന്നതിന് സമ്മതിച്ചു് ഒടുവിൽ പിൻവാങ്ങി. അതിനിടയ്ക്കു അയാൾ അവളുടെ ചാരിത്ര്യദോഷം വരുത്തിയതിനാൽ രാജപ്രതിനിധിയായ ‘ഏഞ്ജലോ’ അയാൾക്കു് മരണശിക്ഷവിധിച്ചു് അയാളെ തൂക്കിക്കൊലചെയ്വാൻ നിശ്ചയിക്കപ്പെട്ട ദിവസംപര്യന്തം തടവിലിരുത്തി. കന്യകാശ്രമത്തിൽ ഒരു അംഗമാവാൻ നിശ്ചയിച്ചിരുന്ന തന്റെ ജ്യേഷ്ഠത്തി ‘ഇസബെല്ല’യെ തനിക്കു് സംഭവിച്ച ആപത്തിനെപ്പററി ‘ലൂസിയോ’ മുഖാന്തരം തെരിയപ്പെടുത്തി. അവൾ കനിഷ്ഠസോദരന്റെ ദുഷ്കൎമ്മങ്ങൾക്കനുസരണമായ ദണ്ഡനവിധിക്കപ്പെട്ടയെന്നു വിചാരിച്ചു് ‘ഏഞ്ജലോ’വിനോടു് കൃപാശ്ചെയ്തു് അവനെ രക്ഷിക്കാൻ താൻ അശക്തയാണെന്നു് ശങ്കിച്ചപ്പോൾ ‘ലൂസിയോ’ പറഞ്ഞു:—“നമ്മുടെ ശങ്കകൾ നമ്മുടെ വഞ്ചകന്മാരാകുന്നു; നാം ഒരു പ്രയത്നം ചെയ്യുന്നതിന് സംശയിച്ചു് നമുക്കു് ലബ്ധമാവാനിടയുള്ള ഫലങ്ങളെ നശിപ്പിക്കുന്നു.” ഇതുകേട്ടു് ധൈൎയ്യപ്പെട്ടു് സഹോദരസ്നേഹം നിമിത്തം അവൾ അനുജനേക്കാണ്മാനായി കാരാഗൃഹത്തിൽ പ്രവേശിച്ചു. അപ്പോൾ അവിടെ ‘ക്ലാഡിയോ’ ഒരു സന്യാസിയോടു് വൎത്തമാനം പറഞ്ഞുകൊണ്ടിരുന്നു. ഇരു രണ്ടുപേരുടേയും അപേക്ഷാനുസാരേണ അവൾ ‘ഏഞ്ജലോ’വിനെക്കണ്ടു് ബന്ധനസ്ഥനു് മാപ്പുചോദിക്കാനായിച്ചെന്നു. അവൾ കുറെനേരം വ്യവഹരിച്ചതിന്റെശേഷം “ചട്ടത്തിന് വിരുദ്ധം ചെയ്വാൻ എനിക്കു് അധികാരമില്ല; എനിക്കു് അവനോടു് വിരോധവും യാതൊന്നുമില്ല; തീൎപ്പിൻ പ്രകാരം അവനേ വധിക്കാനേഇടയുള്ളൂ” എന്നു് കഠിനഹൃദയനെന്നപോലെ പ്രതിനിധി ഉത്തരം കഥിച്ചു. ഈ കന്യകയുടെ അന്യാദൃശമായ സൌന്ദൎയ്യം അയാളെ വശീകരിച്ചു. പരമ തപസ്വിയായിരുന്ന അയാൾ ഇപ്രകാരം ചിന്തിച്ചുതുടങ്ങി:—“മനുഷ്യവൎഗ്ഗത്തിന്റെ ശാശ്വത ശത്രുവായ പിശാചു് ഒരു താപസ്വിയേക്കൂടി തപസ്വിനി മുഖേന അധഃപതനത്തിലാക്കുന്നു. ഒരു കുലടക്കൂടി എന്നേ ഇത്രത്തോളം വശ

പ്പെടുത്തിട്ടില്ല. എന്നാൽ ഈ സദാചാരയായ കന്യകയുടെ സൌന്ദൎയ്യം എന്നെ സ്ത്രീജിതനാക്കുമെന്നു തോന്നുന്നു.'' പരസ്പര വിരുദ്ധങ്ങളായ വിചാരങ്ങളാൽ ഇയാളുടെ മനസ്സ് തരംഗിണി കളിലകപ്പെട്ട ഒരു പൊങ്ങുതടിക്കു സമാനമായിരുന്നു. കിംബഹുനാ? അവസാനത്തിൽ ദുൎവിചാരങ്ങൾ ബലവത്തായിട്ടു സദ്വിചാരങ്ങളെ തോല്പിച്ചു. ഇതൽക്കാലപൎയ്യന്തം കളങ്കരഹിതയായിരുന്ന അയാളുടെ കീൎത്തിയ്ക്കു മാലിന്യം സംഭവിക്കുമാറായി. അയാൾ 'ഇസബെല്ല'യോട് താൻ അവളെ കാമിച്ചിരിക്കുന്നു എന്നു പറഞ്ഞപ്പോൾ ആ കന്യക അയാളോട് വളരെ ദ്വേഷ്യപ്പെട്ടു പുറത്തേക്കിറങ്ങി കാരാഗൃഹത്തിൽചെന്നു് തന്റെ പ്രയത്നം നിഷ്ഫലമായതുകൊണ്ടു് അനുജനോട് ജീവനെ ഉപേക്ഷിക്കുന്നതിന് ഒരുമ്പെട്ടിരിക്കാൻ പറഞ്ഞു. ജ്യേഷ്ഠത്തിക്കും രാജപ്രതിനിധിക്കും തമ്മിലുണ്ടായ സംഭാഷണത്തെ വിശദമായി വിവരിക്കണമെന്നു് 'ക്ലാഡിയൊ' അപേക്ഷിച്ചതിനാൽ അവൾപറഞ്ഞു:—“എന്റെ കന്യകാധൎമ്മത്തെ ത്യജിച്ചു് അയാളുടെ ദുൎമ്മാൎഗ്ഗത്തിൽ ഞാനും ഒരുഭാഗിനിയാകുമെങ്കിൽ നിന്റെ ജീവരക്ഷയുണ്ടാകും.'' മരണചിന്താപീഡിതനായ 'ക്ലാഡിയൊ' ബുദ്ധിമയങ്ങി 'ഒരു സോദരനെ തൂക്കിൽനിന്നും രക്ഷിക്കുന്നതിനുവേണ്ടി അതിനുതന്നെ ഇണങ്ങിയാലെന്താ?' എന്നു ചോദിച്ചപ്പോൾ ക്രോധാഗ്നിയാൽ ഉജ്ജ്വലിതയായിട്ടു് അവൾ പ്രത്യുത്തരംവദിച്ചു:—“അവിശ്വാസിയായ ഭീരു! കപടദുരാത്മാവെ! ഇഹലോകത്തിൽ നിന്റെവാസത്തെ ഒന്നുരണ്ടു് വ്യാഴവട്ടങ്ങൾകൊണ്ടു് ദീൎഘീകരിക്കുന്നതിനുവേണ്ടി ഈ അനശ്വരയായ ദുഷ്കീൎത്തിസമ്പാദിക്കുവാൻ നീഎന്നോട് ഉപദേശിക്കയാണൊ? മരണവേദനമിക്കവാറും നമ്മുടെ ചിന്തയിൽമാത്രമേയുള്ളു. നിനക്കുപകരം എന്നെവധിക്കുന്നതു് എനിക്കു പൂൎണ്ണസമ്മതമാണു്. ഒരു സോദരിയുടെ മാനഹാനിവരുത്തി ജീവിക്കുന്നതിൽപരം നിനക്ക് ദശകണ്ഠങ്ങൾ ഉണ്ടായിരുന്നാൽക്കൂടി അവ ഓരോന്നിനേയും ഛേദിക്കാൻസമ്മതിക്കുന്നതാണു് ശ്രേഷ്ഠം''. ഈ വാക്കുകളെ ഗൂഢമായി ശ്രവിച്ച

കൊണ്ടിരുന്ന ആ സന്യാസി അവിടെവന്നു:— "നിന്നെ സൌന്ദൎയ്യവതിയായി നിൎമ്മിച്ച വിധാതാവു് സന്മാൎഗ്ഗിണിയുമാക്കിയിരിക്കുന്നു. ഞാൻ പറയുന്നതിനെ ശ്രദ്ധാപൂൎവ്വംകേൾക്ക: 'ഏഞ്ജലോ'വിന്റെ അപേക്ഷയെ വാക്കുകൾകൊണ്ടുമാത്രം സമ്മതിക്കണേ; കൃത്യത്തിൽ അനുഷ്ഠിക്കേണ്ട; നിന്നോടു് അയാളുടെഭവനത്തിൽ ചെല്ലുവാൻനിയമിക്കുന്നനിശയിൽ അയാൾ ഉപേക്ഷിച്ചിരിക്കുന്ന അയാളുടെവധുവിനെ നിനക്കുപകരം ഞാൻ അവിടെ കൊണ്ടുവിടാം. അങ്ങനെചെയ്യുന്നപക്ഷത്തിൽ നിന്റെ അനുജൻ രക്ഷപ്പെടും. ന്യായരഹിതമായി ത്യജിക്കപ്പെട്ടസ്ത്രീയും അവളുടെ കാംക്ഷിതം ലബ്ധമാകും. നിന്റെ കന്യകാധൎമ്മത്തിനു് യാതൊരു ഭംഗവുമുണ്ടാകയില്ല" എന്നു് അവളോടുപറഞ്ഞു. ഈ ഉപദേശപ്രകാരം കാൎയ്യങ്ങളെല്ലാം നിൎവിഘ്നമായി നടന്നു. തന്റെ ഭാൎയ്യയാണു് ആ രാത്രിയിൽ വന്നിരിക്കുന്നു എന്ന വിവരം 'ഏഞ്ജലോ' അറിഞ്ഞിട്ടില്ലായിരുന്നു. 'എന്റെകാമം ലബ്ധമായി; കരാറിൻപടി നടത്തിയാൽ എന്തു സംഭവിക്കുമോ?' എന്നു് ശങ്കിച്ചിട്ടു് 'ക്ലാഡിയോ'വിനെ തൂക്കിക്കൊന്നു് പിറെറദിവസം പ്രഭാതത്തിനുമുമ്പു് അവന്റെ ശിരസ്സിനെ തന്നെ ഏല്പിക്കണമെന്നു് 'ഏഞ്ജലോ' ആജ്ഞാപിച്ചു. ൟ വിവരം അറിഞ്ഞിരുന്ന സന്യാസി, കാരാഗൃഹത്തിൽ അന്നു് മരിച്ചുപോയ ഒരു തടവുകാരന്റെ ശിരസ്സിനെ അയാൾക്കു് അയച്ചുകൊടുക്കാനായി ഏൎപ്പാടു ചെയ്തിരുന്നു. ഈ കാൎയ്യാദികൾ തീരുന്നതിനുമുമ്പു് തീൎത്ഥയാത്രയ്ക്കുപോയിരുന്ന രാജാവു് അന്നുതന്നെ നാട്ടിലേയ്ക്കു് തിരിയെ എഴുന്നള്ളുന്നതായി വൎത്തമാനമറിഞ്ഞു.

മഹാരാജാവു് നിൎവിഘ്നമായി യാത്രകഴിഞ്ഞു് സ്വരാജ്യപ്രവേശാനന്ദസൂചകമായി ചില തടവുകാരെ ജയിലിൽനിന്നും പുറത്തിറക്കുന്നതു് പതിവായിരുന്നു. അതിൽ ഒരുത്തൻ 'ക്ലാഡിയൊ' ആവാനിടയായി. വിജ്ഞാപനത്തിന്നനുസരണമായി പിറെറദിവസം അരുണോദയത്തിൽ രാജാവു് സന്യാസിവേഷം ഉ

പേക്ഷിച്ച് രാജ്യഭരണം സ്വീകരിച്ചു. 'ഇസബെല്ല' തനിക്ക് 'ഏഞ്ജലോ' ചെയ്ത അപമാനകൃത്യത്തെയും, 'ക്ലാഡിയോ' രക്ഷപ്പെട്ടതിനെപ്പററി അറിവാനിടയില്ലാത്തതുകൊണ്ട് 'ഏഞ്ജലോ' കരാറലംഘിച്ച് സോദരനെ തൂക്കിക്കൊന്നുകളഞ്ഞു എന്നുവിചാരിച്ച് അതിനെയും പററി രാജാവിനോട് സങ്കടമറിയിച്ചു. 'ഏഞ്ജലോ'വിന്റെമേൽ ചുമത്തപ്പെട്ട കുററങ്ങൾക്ക് അയാളെ വിസ്തരിച്ചു. 'നിങ്ങളുടെ ദുഷ്കൃത്യങ്ങൾക്ക് ബലമായ തെളിവുകൾകാണുന്നു. 'ക്ലാഡിയോ'വിന്റെ കുററത്തിൽ നിങ്ങളും അകപ്പെട്ടിരിക്കുന്നു' എന്ന് രാജാവ് അരുളിച്ചെയ്തപ്പോൾ 'ഏഞ്ജലോ':— 'എന്റെ കുററങ്ങളെ ഞാൻ സമ്മതിക്കുന്നു. എന്നിൽ ദയവുണ്ടായി ഈ അപമാനസ്ഥിതിയിൽ എന്നെ വച്ചിരിക്കാതെ ഉടൻതന്നെ തൂക്കിക്കൊല്ലുവാൻ വിധിക്കണേ' എന്ന് അറിയിച്ചതിനെകേട്ട് അയാളുടെ ഭാര്യ 'മേരിയാന':— 'ആനക്കും അടിപിഴയ്ക്കും; മാന്യന്മാർകൂടി അബദ്ധത്തിൽ പിണയാറുണ്ട്. ചില്ലറ കുററങ്ങൾചെയ്യുന്നതുകൊണ്ട് അവർതന്നെ പശ്ചാത്താപപ്പെട്ട് പിന്നീട് ശുദ്ധം യോഗ്യന്മാരായി വരുന്നുണ്ട്. ഈ തവണയ്ക്ക് മാപ്പുചെയ്യണം' എന്നപേക്ഷിച്ചു. അവൾക്ക് സഹായിയായി സൽഗുണസംപൂർണ്ണതയും സന്മാർഗ്ഗതല്പരതയുമുള്ള 'ഇസബെല്ല':— 'ഏഞ്ജലോ'വിനെ കുററം പറവാനിടയില്ല. എന്റെസൌന്ദര്യം അയാളെ ആകർഷിക്കയായിരുന്നു. അതുകൊണ്ട് താനാണു കുററവാളി; എന്നെ ദർശിക്കുന്നതിനുമുമ്പ് അയാൾ പ്രകടീകരിച്ചിരുന്ന നിഷ്പക്ഷപാതമായ ന്യായത്തിനു വേണ്ടിയെങ്കിലും അയാളെ രക്ഷിക്കണേ' എന്നു പറഞ്ഞതുകേട്ടിട്ട് ആ കരുണാലയമനസനായ മന്നൻ താൻ വേഷധാരിയായിരുന്ന് നടത്തിയ സംഗതികളെ അവരെ എല്ലാമറിയിച്ച്, 'ഏഞ്ജലോവി'ന് മാപ്പുകൊടുത്തു. 'ക്ലാഡിയോ' 'ജൂലിയ'യെ വിവാഹംചെയ്തു. 'ഏഞ്ജലോ' താൻ ഉപേക്ഷിച്ചിരുന്ന 'മേരിയാന'യെ ഭാര്യയായി സ്വീകരിച്ചു. 'ഇസബെല്ല'യുടെ സന്മാർഗ്ഗനിഷ്ഠയേയും രൂപലാവണ്യത്തെയുംകണ്ടു സന്തോഷിച്ച് രാജാവു അവളെ വരിച്ചു. അപ്പോൾ രാജ്ഞി

ണ്ടായിരുന്നതിനാൽ ആ പട്ടണത്തിലെ യുവതിവൎഗ്ഗത്തിനു് 'ഇസബെല്ല' ഒരു അനുകരണാൎഹയായ മാതൃകയായിത്തീൎന്നു. അവൎക്കിടയിൽ സമ്പൂൎണ്ണമായ പരിഷ്കാരമുണ്ടായിത്തുടങ്ങി. തന്റെ പ്രിയതമയോടുകൂടി ആ രാജാവു് പരമാനന്ദചിത്തനായി വസിച്ചു.

സാരാൎത്ഥം:— സഹോദരന്റെ ജീവരക്ഷയിൽ അതിതാല്പൎയ്യമുള്ളവളായിരുന്നിട്ടും അവളുടെ കന്യകാധൎമ്മത്തെ സദാ അനുഷ്ഠിച്ചിരുന്നതിനാൽ 'ഇസബെല്ല' മാന്യയായിത്തീൎന്നു് അന്യന്മാൎക്കൂടി സുഖാനുഭവമുണ്ടാക്കിത്തീൎത്തു.

'പ്രാണാനപിപരിത്യജ്യ
മാനമേവാഭിരക്ഷയേൽ'.

## ൰൨. പോർഷ്യ.

‘വെനിസ്’ നഗരത്തിന് സമീപസ്ഥമായ ‘ബെൽമെണ്ട്’ എന്നഗ്രാമത്തിൽ വസിച്ചിരുന്ന ഒരുവലിയ ധനികന്റെ ഏകപുത്രിയാണ് ‘പോഷ്യ.’ അവളുടെഅച്ഛൻതന്റെമരണശേഷം കുമാരിക്ക് വളരെസമ്പത്തു ലബ്ധമാകാവുന്നതുകൊണ്ടു് അനവധി യുവാക്കന്മാർ അവളെ ഭാര്യയായി സ്വീകരിപ്പാൻ ഇച്ഛിക്കുമെന്നു കരുതി അവരിൽ ഉത്തമനെ തെരഞ്ഞെടുക്കുന്നതിന് ഒരുമാർഗ്ഗം അവളോടുപദേശിച്ചിട്ടുണ്ടായിരുന്നു. അമിതവ്യയംകൊണ്ടു് പിതൃധനത്തെ ശൂന്യമാക്കിത്തീൎത്ത ‘ബെസാനിയോ’ എന്ന ഒരു ദരിദ്രനിൽ ഇവൾ അനുരാഗിണിയായിതീൎന്നു എങ്കിലും കാലധർമ്മത്തെ പ്രാപിച്ച പിതാവിന്റെ ആജ്ഞയെ വിസ്മരിക്കാതെ ഉപദേശാനുസരണം മൂന്നു പെട്ടികൾ തീൎപ്പിച്ചു. ആദ്യത്തതു് സ്വർണ്ണംകൊണ്ടും, രണ്ടാമത്തതു് വെള്ളികൊണ്ടും മൂന്നാമത്തതു് ഈയ്യംകൊണ്ടും നിർമ്മിതമായിരുന്നു. കനകപ്പെട്ടിക്കകത്തു് ഒരു തലയോടും രജതപ്പെട്ടിയിൽ ഒരുമടയന്റെ പടവും ഈയ്യപ്പെട്ടിയിൽ ‘പോഷ്യയു’ടെ ഒരു ചിത്രവും വച്ചിട്ടുണ്ടായിരുന്നു. ഈ പെട്ടികളുടെമീതെ ‘എന്നെ വരിക്കുന്നവന് അനേകരിച്ഛിക്കുന്നതു് ലബ്ധമാകും’ എന്നും, ‘എന്നെ വരിക്കുന്നവന് സ്വയോഗ്യതയ്ക്കൊത്തതു് ലബ്ധമാകും’ എന്നും, ‘എന്നെവരിക്കുന്നവൻ സ്വാൎത്ഥങ്ങളെല്ലാം ‘പണയത്തിലാക്കും’ എന്നും യഥാക്രമം എഴുതി വച്ചിരുന്നു. ‘പോഷ്യ’യുടെ പടമിരുന്ന പെട്ടി തുറക്കുന്നവൻ അവളെ വിവാഹം ചെയ്യണമെന്നായിരുന്നു അവളുടെ അച്ഛന്റെ കല്പന. അവളെമോഹിച്ചിരുന്ന മിക്കപേരും ഈനിബന്ധനയെഅറിഞ്ഞു് പിൻമാറി; മററു ചിലർ ‘മിന്നുന്നതെല്ലാം പൊന്നാണെന്നു്’ വിചാരിച്ചു് ആദ്യത്തെ രണ്ടുപെട്ടികളി

ലോതങ്കിലുള്ളമാന്നിനെ തുറന്നുനോക്കി ഭോഷന്മാരായിപ്പോയി 'ബെസാനിയോ' മാത്രം ഈയപ്പെട്ടിയെ തുറന്ന് അവളുടെ പടത്തെ എടുത്തു. ഈശ്വരാനുഗ്രഹം അവളുടെ ഇഷ്ടാനുസരണമായിരുന്നതിനെപ്പററി അവൾ ചരിതാൎത്ഥയായിതീൎന്നു; ദൈവചിത്തം അന്യവിധമായിരിക്കുമെങ്കിൽ അവൾ 'ബെസാനിയോ'വിനെമോഹിച്ചിരിക്കയില്ലായിരുന്നു. എന്നാൽ വിവാഹം നടക്കുന്നതിനുമുമ്പ് താഴെ വിവരിക്കുന്ന ഒരു സംഭവമുണ്ടായതുകൊണ്ടു വരണചിഹ്നമായി അവൾ അയാൾക്ക് ഒരു മോതിരംകൊടുത്തു..

ഒരു ഉദാരനും അത്യന്തോപകാരിയുമായ 'അന്തോണിയോ' എന്ന 'വെനിസ്സി'ലെ വൎത്തകൻ 'ബെസാനിയോ'വിന്റെ ഒരു മാന്യസുഹൃത്തായിരുന്നു. രണ്ടുപേരുടേയും സഖ്യം കണ്ടാൽ ഇവർ ഏകഹൃദയവും ഏകപണപ്പെട്ടിയുമുള്ള ഒരു ഇരട്ട ദേഹികളാണോ എന്നു സൎവ്വരും സംശയിച്ചുപോകും. തന്റെ സ്നേഹിതന് പണത്തിന് നിവ്വാഹമില്ലാതെയിരുന്ന അവസരങ്ങളിൽ 'അന്തോണിയോ' അയാൾക്കു വായ്പ്കൊടുത്തു് ഉപകരിക്കുന്നതു് പതിവായിരുന്നു. വിവാഹച്ചിലവിനുവേണ്ടി മൂവായിരം പവൻ 'ബെസാനിയോ' ചോദിച്ചു; 'അന്തോണിയോ'വിന്റെ കൈവശം തത്സമയം പണത്തിനു ഞെരുക്കമായിരുന്നതുകൊണ്ടു 'ഷൈലാക്' എന്ന പ്രസിദ്ധനായ ഹുണ്ഡിവ്യാപാരിയോട് മൂവായിരം പവൻ കടം കൊടുക്കണമെന്ന് 'അന്തോണിയോ' അപേക്ഷിച്ചു. അയാളുടെ പേർ അതിലുബ്ധനും അന്യായപ്പലിശ വാങ്ങി ജനങ്ങളെ നിർദ്ദയമായി ക്ലേശിപ്പിക്കുന്നവനുമായ ഹുണ്ഡിയൽ കച്ചവടക്കാരൻ എന്നുള്ളതിന് പൎയ്യായപദമായി തീൎന്നിരുന്നു. പലിശകൂടാതെ പണം വായ്പ്കൊടുത്തുവന്നിരുന്ന 'അന്തോണിയോ'വിന്റേയും മററു ക്രിസ്തീയ ഹുണ്ഡിയൽക്കച്ചവടക്കാരുടേയും ക്രൂരമായ പരിഹാസത്തിന് പാത്രമായിതീൎന്ന 'ഷൈലാക്' 'അന്തോണിയോ'വിനെ ഒരു പാഠം പഠിപ്പിക്കുവാൻ ഇതുതന്നെ നല്ല അവസരമെന്ന് വിചാരിച്ച് പലിശകൂടാതെ തന്നെ പണം കൊടുക്കാമെന്നു പറഞ്ഞു. എന്നാൽ അവധിക്ക്

പണം കൊടുക്കാത്തപക്ഷം തന്റെ ശരീരത്തിൽ, 'ഷൈലോക്കി'ന് ബോധിച്ചഭാഗത്തിൽനിന്നും ഒരു റാത്തൽ മാംസം ഛേദിച്ചെടുക്കാൻ സമ്മതിച്ച് 'അന്തോണിയോ' ഒരു പത്രം രജിസ്റ്റർ ചെയ്ത് കൊടുക്കണമെന്ന് അയാൾ അപേക്ഷിച്ചതിന് 'ബെസാനിയോ' തനിക്കുവേണ്ടി ഈ കഠിന ഉടമ്പടിയിൽ 'അന്തോണിയോ' ഭാഗഭാക്കാവരുതെന്ന് അപേക്ഷിച്ചു.

"സന്ദേഹം വേണ്ട പരനുപകാരത്തിനാകാത്തതെങ്കിൽ
കിന്ദേഹംകൊണ്ടൊരുഫലമിഹ പ്രാണിനാം ശോണിതന്നിൽ"

എന്ന് കേരളകാളിദാസകവി പറഞ്ഞിരിക്കുന്ന തത്വത്തെ ഉപാന്തീകരിക്കുമാറ് 'അന്തോണിയോ' പ്രവർത്തിക്കാൻ നിശ്ചയിച്ചു. 'ബെസാനിയോ'വിന്റെ ഗുണങ്ങളെ അറിഞ്ഞിരുന്ന 'ഷൈലോക്ക്' "എന്തു ദുർഗുണമുള്ള മനുഷ്യരാണിക്കൂട്ടർ? ഈ ക്രിസ്ത്യാന്മാർ തങ്ങളെപ്പോലെതന്നെ ഇതരന്മാരും കഠിനഹൃദയന്മാരായിരിക്കുമെന്നു ശങ്കിച്ച് സകലരുടേയും സ്വഭാവഗുണങ്ങളെ ഒന്നുപോലെ പരിഗണിക്കുന്നു. ആ അവധിക്ക് പണം കിട്ടിയില്ലെങ്കിൽ ഉടമ്പടിപ്രകാരം നടത്തിയാൽ എനിക്കെന്തു ലാഭമാണുള്ളത്? ഗോമാംസാദികളെപ്പോലെ മനുഷ്യമാംസം ഉപയുക്തമാണോ?" എന്നുപറഞ്ഞ് 'അന്തോണിയോ'വിനെക്കൊണ്ട് അസാധാരണയായ ഉടമ്പടിയെ എഴുതി വാങ്ങിച്ച് പണംകൊടുത്തു. ഋണംവീട്ടാനായി നിശ്ചയിച്ചിരുന്ന അവധിതെറ്റി. 'അന്തോണിയോ' ജൂതന്റെ കപടവലയിൽ അകപ്പെട്ടു. 'പോർഷ്യ' ഭർത്താവിന്റെ അത്യന്ത സുഹൃത്തിന്റെ സങ്കടാവസ്ഥ അറിഞ്ഞു അയാളെ മോചനം ചെയ്യുന്നതിനായി വീട്ടാനുള്ള പണത്തിന്റെ ഇരുപതിരട്ടി പണവും കൊടുത്ത് 'ബെസാനിയോ'വിനെ വിവാഹത്തിനുമുമ്പുതന്നെ 'അന്തോണിയോ'വിന്റെ അടുക്കലയച്ചു. താനും ഒരു പുരുഷവേഷം ധരിച്ച് 'അന്തോണിയോ'വിന്റെ വക്കീലായിട്ട് 'വെനിസ്സി'ൽ എത്തി.

അവധി തെറ്റിപ്പോയതിനാൽ എത്ര തുക കൊടുത്താലും താൻ വാങ്ങിക്കയില്ലെന്നും ഉടമ്പടിപ്രകാരം 'അന്തോണിയോ'

വിന്റെ ഹൃദയത്തിന്ന് സമീപത്തിൽനിന്ന് ഒരു റാത്തൽ മാംസക്കഷണം ഖണ്ഡിച്ച് എടുക്കയേ ഉള്ളു എന്നും 'ഷൈലാക്ക്' സിദ്ധാന്തിച്ചു. വിസ്താരത്തിന്നായി കോടതിയിൽ ന്യായാധിപതി, 'ഷൈലാക്ക്', 'അന്തോണിയോ', 'ബെസാനിയോ', മററു ചിലരും സന്നിഹിതരായപ്പോൾ 'ബാൽതസർ' എന്ന് പേർധരിച്ച് 'പോർഷ്യ' അവിടെ വന്നിറങ്ങി. സ്നേഹമായ വ്യസനംകൊണ്ട് സ്തംഭംപോലെ, 'അന്തോണിയോ'വിന്ന് സമീപം നിന്നിരുന്ന 'ബെസാനിയോ' വക്കീലായി വന്നിറങ്ങിയതു് തന്റെ ഭാര്യയാണെന്നു അറിഞ്ഞില്ല. കഠിനമാനസനായ 'ഷൈലാക്കി'നോടും ദയായുക്തം നീതിനടത്തണമെന്ന് അപേക്ഷിച്ച് 'ദയയെ'പററി ഒരു രസകരമായ പ്രസംഗം ചെയ്തു:—

* കാരുണ്യമാകുന്ന ഗുണം ബലാത്താ-
ലാകൃഷ്ടമായീടുവതല്ല തന്നെ;
മേൽനിന്നു കീഴോട്ടു ശാന്തമായ
വർഷം കണക്കേ പൊഴിയുന്നതത്രേ.

അതീവമാഹാത്മ്യമൊടാമതിങ്ക-
ലനുഗ്രഹം രണ്ടു വിളങ്ങിടുന്നു;
കൊടുക്കുന്നോരു പൂരുഷന്നും
മററതു കൊള്ളുന്നവനും ലഭിച്ചു.

പ്രഭാവമേറുന്ന മഹാജനത്തിൽ-
പ്രഭാവമേറുന്നിതതിന്നപാരം;
പ്രതാപവാനാകിയ സാർവഭൗമ-
ന്നതാണുരമ്യം മകുടത്തിനേക്കാൾ.

പ്രതാപമേതത്തിന്നു ചിഹ്നമായി-
ട്ടുഭയാദരങ്ങൾക്കു നിവാസമാകും
അവന്റെ ചെങ്കോലിഹ കാട്ടിടുന്നു
നിരന്തരം ലൗകികമായ ശക്തി.

* ദയയെപ്പററി ഇവിടെ പ്രസിദ്ധം ചെയ്തിരിക്കുന്ന പദ്യങ്ങളെഴുതിത്തന്ന മിസ്റ്റർ. കെ. സി. കേശവപിള്ളയോട് ഞാൻ വളരെ കൃതജ്ഞതയുള്ളവനായിരിക്കുന്നു. (T. R. P.)

എന്നാലതിന്നുള്ളധികാരമെല്ലാം
ദയയ്ക്കുകീഴായ് മരുവുന്നതത്രെ;
ഈശാംശമാമായതു ഭൂപഹൃത്തിൽ
സാമ്രാജ്യമേറീട്ട് വസിച്ചിടുന്നു.

പാരുഷ്യമേറീടിന നീതിതന്നെ-
ക്കൃപാമൃതത്താൽ മൃദുവാക്കിയെന്നാൽ
മനുഷ്യനുള്ളോരധികാരമപ്പോ-
ഴീശാധികാരത്തിനടുത്തു നില്ക്കും.

ന്യായത്തിനാൽ കേവലമത്ര നമ്മി-
ലൊരുത്തനും മുക്തി ലഭിക്കയില്ല;
കാരുണ്യമുണ്ടാകണമെന്നു നിത്യം
നാമീശനോടർത്ഥന ചെയ്വതില്ലേ?

ഈശന്നു നമ്മിൽക്കൃപ വേണമെന്നു
നമുക്കു മോഹം വളരുന്നുവെങ്കിൽ
മോശം വരാതന്യജനങ്ങളോടു
നമുക്കുമുള്ളിൽക്കൃപ തോന്നിടേണം.

ഇതുകൊണ്ട് ഒന്നുമിളകാതെ 'ഷൈലാക്ക്' ഉടമ്പടിപ്രകാരമുള്ള പിഴ കിട്ടണമെന്നപേക്ഷിച്ചു. 'പോർഷ്യ':— 'പണം കൊടുക്കാൻ അയാൾ ശക്തനല്ലേ?' എന്നു ചോദിച്ചു ഉടൻ 'ബെസാനിയോ' 'മൂവായിരം പവന് എത്ര മടങ്ങുവേണോ അത്ര കൊടുക്കാമെന്നു പറഞ്ഞു. 'ഷൈലാക്ക്' പവൻ വേണ്ടെന്നും പിഴ തന്നെ വേണമെന്നും നിർബന്ധിച്ചു. 'അന്തോണിയോ'വിന്റെ ജീവരക്ഷയ്ക്കായി ഒരു മാർഗ്ഗം കണ്ടുപിടിക്കണമെന്ന് 'ബെസാനിയോ' 'പോർഷ്യ'യോടു പറഞ്ഞപ്പോൾ അതി ഗൗരവഭാവത്തോടെ 'വെനീസ്സി'ലെ സ്ഥാപിതങ്ങളായ നിയമങ്ങൾ മാറുവാൻ പാടില്ലെന്നു പറഞ്ഞതിനെ ശ്രവിച്ചു ജൂതൻ തനിക്കുവേണ്ടി വാദിക്കയാണെന്ന് ധരിച്ച് 'ദൈവനീതിയുടെ അവതാരപുരുഷാ! മഹാബുദ്ധിമാനായ ന്യായാധിപതി! ഞാൻ ഭവാന്ന് സല്ലോപചാരങ്ങൾ ചെയ്യുന്നു. താങ്കളുടെ ബുദ്ധിവൈദഗ്ദ്ധ്യത്തെ ഞാനേറെ അഭി

നന്ദിക്കുന്നു. ചെറുപ്പമായാലും ബുദ്ധിയുടെ വലിപ്പം ശ്ലാഘ്യമാകുന്നു എന്നു വിളിച്ചുപറഞ്ഞ് ആർത്താളിച്ചു. ഉടമ്പടി വായിച്ചുനോക്കി, ന്യായം ജൂതന് അനുകൂലമായിത്തന്നെ കാണുന്നെന്നു പറഞ്ഞിട്ട് അയാളോട് 'ന്യായത്തെദയയാൽ അലിച്ചു ഭരണംചെയ്യണം' എന്നു 'പോർഷ്യ' അപേക്ഷിച്ചു. ജൂതനോ വിസമ്മതിച്ച് 'മനുഷ്യനാവിന്റെശക്തി എന്റെ ദൃഢമായ നിശ്ചയത്തിൽനിന്നും എന്നെ സ്ഖലിപ്പിക്കയില്ല' എന്നു പറഞ്ഞതുകേട്ട 'പോർഷ്യ' 'അന്തോണിയോ'വിനോട്ട് ജൂതന്റെ ഖഡ്ഗത്തിന് ഇരയാകാൻ നിങ്ങളുടെഹൃദയത്തെ തയ്യാറാക്കിവെച്ചുകൊൾക' എന്നു പറഞ്ഞതിനെക്കേട്ട 'ഷൈലാക്' ശസ്ത്രത്തെ ശാണോഘർഷണം ചെയ്തുതുടങ്ങി. സമയം ഏറയായി; വിധിഎഴുതണോ' എന്നു അപേക്ഷിച്ചപ്പോൾ 'പോർഷ്യ':— 'ത്രാസും പടിയും തയ്യാറുണ്ടോ; അയാൾ മരിക്കാതെ ഇരിക്കുന്നതിനായിട്ട് ശസ്ത്രക്രിയ പരിചയമുള്ള ഒരു വൈദ്യനെ കൂടി വരുത്തിക്കണം' എന്നുപറഞ്ഞു. 'അതു് ഉടമ്പടിയിലില്ല' എന്നു ജൂതൻ ഉത്തരംകഥിച്ചു. 'അതിനെന്താ? ഇത്ര ദയചെയ്തുകൂടെ?' എന്നു വീണ്ടും യാചിച്ചതു് നിഷ്പ്രയോജനമായതേ ഉള്ളൂ. 'പോർഷ്യ':— 'ഉടമ്പടിപ്രകാരം 'അന്തോണിയോ'വിന്റെ ദേഹത്തിൽനിന്നും ഒരു റാത്തൽ മാംസത്തിനു നിങ്ങൾ ഉടമസ്ഥൻതന്നെ. എന്നാൽ ഒരുറാത്തൽ മാംസമെന്നേ പറയുന്നൊള്ളൂ. ഖണ്ഡിക്കുമ്പോൾ ഒരു തുള്ളിരക്തം വീഴിയ്കുമെങ്കിൽ ചട്ടപ്രകാരം നിങ്ങളുടെ ജംഗമസ്ഥാവരങ്ങളെ സർക്കാരിലേക്കു മുതൽക്കൂട്ടും' എന്നുപറഞ്ഞതിനെകേട്ടപ്പോൾ 'ഷൈലാക്' ഒഴികെ ആ സദസ്സിലിരുന്ന സകലരും സന്തുഷ്ടരായി. കഠിനഹൃദയനായ 'ഷൈലാക്' ഭഗ്നാശനായി ലജ്ജിച്ചുനിന്നു് അന്തോണിയോ'വിനോട് മാപ്പുചോദിച്ച് തന്റെ പണത്തിനെവാങ്ങിച്ചുകൊണ്ടുപോയി; ക്രിസ്ത്യയ്ക്ക് പ്രകൃത്യായുള്ള ദയാശീലംന [illegible]ളിവായിവിളങ്ങി.

[illegible]ണിയോ' വക്കീലിനു് പ്രതിഫലമായി കുറെപവൻ [illegible]ിച്ചപ്പോൾ അതു് ആവശ്യമില്ലെന്നുപറഞ്ഞ്

തിരിഞ്ഞ സമയം അയാളുടെ വിരലിൽക്കിടന്ന മോതിരത്തെ സമ്മാനിക്കണമെന്ന് 'പോഷ്യ' അപേക്ഷിച്ചു. ഇതു് വിവാഹനിശ്ചയചിഹ്നമായി 'പോഷ്യ' അയാൾക്കു കൊടുത്ത മോതിരമാണ്. വളരെ വിഷാദത്തോടു 'അന്തോണിയോ'വിന്റെ പ്രത്യേകാപേക്ഷമൂലം 'പോഷ്യ'ക്ക് ആ മോതിരത്തെ കൊടുത്തയച്ചു. നിർദ്ദോഷിയായ മാന്യ സുഹൃത്തിന്റെ വിമോചനത്തെ കൊണ്ടാടുവാൻ അയാളോടുകൂടെ 'ബെസാനിയോ' ഭാര്യയുടെ ഭവനംപ്രാപിച്ചു. അല്പസമയംകഴിഞ്ഞപ്പോൾ ഭാര്യക്കും ഭർത്താവിനും ഒരു പ്രണയകലഹമുണ്ടായി. അവസാനത്തിൽ മോതിരത്തിന്റെ വാസ്തവമെല്ലാമറിഞ്ഞു. തന്റെ ആത്മസ്നേഹിതനെ രക്ഷിച്ചതു് ഭാര്യയായ 'പോഷ്യ'യാണെന്നറിഞ്ഞു് സന്തോഷിച്ച് അവളോടൊന്നിച്ചു സുഖേന വസിച്ചു.

സാരാർത്ഥം:— ആ[illegible] സ്ത്രീകളെപ്പോലെ സഹായിക്കുന്നവരാരുമില്ല. അ[illegible]മായി അവരുടെ സ്വാ[illegible] സ്ത്രീകൾക്കു [illegible] അ[illegible]. അവ[illegible] കടുകോളം ചെയ്ത ഉപകാരത്തിനെ അവർ ഒരു [illegible]ണിച്ചു് പ്രത്യുപകാരംചെയ്യും. അവർക്ക് ഉപകരിച്ചവരുടെ [illegible]ഹത്തെ അവർ ഏഴുജന്മാന്തരങ്ങളിൽക്കൂടി വിസ്മരിക്കയില്ല.

ശുഭമസ്തു

# നോട്ടീസ്

[illegible]

## വില വിവരം

[illegible]

[illegible]

30 SEP 1941

O:2J64:9 32D7 TWELVE HEROINES · RAMALINGAM PILLAY

Indic Digital Archive Foundation
gpura.org